# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലപ്പുറം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dpmpm.ksad@kerala.gov.in

ഫോൺ : -

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM/DP2/141/2022

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ
ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 07/07/2022
ഇ-മെയിൽ:
dpmpm.ksad@kerala.gov.in
ഫോൺ: -

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലപ്പുറം ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1- ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2- അഡീഷണൽ ചീഫ് സെക്രട്ടറി, എൽ.എസ്.ജി.ഡി, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3- കാര്യാലയ പകർപ്പ്

നമ്പർ: KSAMPM/DP2/141/2022 തീയ്യതി: 07/07/2022

## മലപ്പുറം ജില്ലയിലെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻ വീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 27-09-2021 | 27-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-09-2021 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1- ശ്രീ. മുഹമ്മദ് അലി.എം, ഓഡിറ്റ് ഓഫീസർ
2- ശ്രീ.സക്കീർ ഹുസൈൻ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3-ശ്രീ.അഷ്റഫ്.കെ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.പി.ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.എം.കെ.റഫീഖ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.എൻ.എ.അബ്ദുൾ റഷീദ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ചന്ദ്രൻ.എസ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW | 01-04-2020 | 05-01-2021 |
| ശ്രീ.സുൾഫിക്കർ.എൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW | 06-01-2021 | 31-03-2021 |
| ശ്രീ.മുഹമ്മദാലി.പി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW | 01-04-2020 | 06-10-2020 |

| | | | |
|---|---|---|---|
| ശ്രീ.മനോജ് കുമാർ.സി.ബി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW | 07-10-2020 | 31-03-2021 |
| ഡോ.സക്കീന.കെ | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രീതി മേനോൻ | പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗം | 01-04-2020 | 31-03-2021 |
| ഡോ.കെ.സുശീല | ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) | 01-04-2020 | 30-11-2020 |
| ഡോ.ജെയ്നി.പി | ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) | 01-12-2020 | 31-12-2020 |
| ഡോ.ഉഷ.ആർ | ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) | 01-01-2021 | 31-03-2021 |
| ശ്രീമതി.കുസുമം.കെ.എസ് | വിദ്യാഭ്യാസ ഉപഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.കൃഷ്ണമൂർത്തി.കെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗീത.പി.ടി | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 01-04-2020 | 30-06-2020 |
| ശ്രീമതി.ലളിതാദേവി.പി.ടി | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 01-07-2020 | 31-03-2021 |
| ശ്രീ.ടി.എ.അഹമ്മദ് കബീർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 01-04-2020 | 08-06-2020 |
| ശ്രീ.രാജ് മോഹൻ.സി.കെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 09-06-2020 | 30-09-2020 |
| ഒഴിവ് | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 01-10-2020 | 04-10-2020 |
| ശ്രീമതി.ജീജ.സി.കെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 05-10-2020 | 11-11-2020 |
| ശ്രീ.പി.ബി.സന്തോഷ് | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 12-11-2020 | 31-03-2021 |
| ശ്രീമതി.ഹേമലത.സി.കെ | ജില്ലാ മിഷൻ കോഡിനേറ്റർ, കുടുംബശ്രീ | 01-04-2020 | 31-12-2020 |
| ശ്രീമതി.കവിത സത്യൻ | ജില്ലാ മിഷൻ കോഡിനേറ്റർ, കുടുംബശ്രീ | 01-01-2021 | 31-03-2021 |
| ശ്രീമതി.സബിത.പി | ജില്ലാ പട്ടികജാതി വികസന ഓഫീസർ, മലപ്പുറം | 01-04-2020<br>28-08-2020<br>24-10-2020 | 16-08-2020<br>06-10-2020<br>06-02-2021 |
| ശ്രീ.ഷാജി.കെ.പി (അഡീ.ചാർജ്) | ജില്ലാ പട്ടികജാതി വികസന ഓഫീസർ, മലപ്പുറം | 17-08-2020<br>07-10-2020 | 27-08-2020<br>23-10-2020 |
| ശ്രീ.സുജിത്.എസ് (അഡീ.ചാർജ്) | ജില്ലാ പട്ടികജാതി വികസന ഓഫീസർ, മലപ്പുറം | 07-02-2021 | 17-02-2021 |
| ശ്രീ.സുനിൽ.എം.എസ് | ജില്ലാ പട്ടികജാതി വികസന ഓഫീസർ, മലപ്പുറം | 18-02-2021 | 31-03-2021 |
| ഡോ.റംലത്ത് കുഴിക്കാട്ടിൽ | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ കാൻസർ ആശുപത്രി, വണ്ടർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.എൻ.അബൂബക്കർ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, നിലമ്പൂർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീവിഷ്ണു.എസ് | സൂപ്രണ്ട്, ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ | 01-04-2020 | 31-10-2020 |
| ഡോ.അമ്മാനുള്ള | സൂപ്രണ്ട്, ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ | 01-11-2020 | 01-02-2021 |
| ഡോ.ആരതി രഞ്ജിത്ത് | സൂപ്രണ്ട്, ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ | 02-02-2021 | 31-03-2021 |
| ഡോ.ബേബി ലക്ഷ്മി.കെ.ആർ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, തിരൂർ | 01-04-2020 | 31-03-2021 |
| ഡോ.കെ.ആശ | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദ ആശുപത്രി, വളവന്നൂർ | 01-04-2020 | 31-03-2021 |
| ശ്രീ.ഗൗതം യോഗീശ്വർ | മാനേജർ , ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം | 01-04-2020 | 11-01-2021 |
| ശ്രീ.അശോക് കുമാർ .ആർ | മാനേജർ , ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം | 12-01-2021 | 10-02-2021 |
| ശ്രീ.മനോജ്.വി.പി | മാനേജർ , ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം | 11-02-2021 | 31-03-2021 |
| ശ്രീ.ടോം എബ്രഹാം | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, ചുങ്കത്തറ | 01-04-2020 | 31-03-2021 |
| ശ്രീ.ഹംസ കുരിക്കൾ.എം.ടി | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ആനക്കയം | 01-04-2020 | 31-03-2021 |
| ശ്രീ.മാത്യൂ ജോർജ്ജ് | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, തവനൂർ | 01-04-2020 | 30-06-2020 |
| ശ്രീ.അബ്ദു റസാക്ക് മുസ്ലിയാർ | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, തവനൂർ | 01-07-2020 | 06-08-2020 |
| ശ്രീ.സാജു.പി.കുര്യാക്കോസ് | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, തവനൂർ | 07-08-2020 | 06-11-2020 |
| ശ്രീമതി.മിനി.എസ് | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, തവനൂർ | 07-11-2020 | 08-11-2020 |
| ശ്രീ.സുരേഷ് കുമാർ.എസ്.എൻ | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, തവനൂർ | 09-11-2020 | 31-03-2021 |
| ശ്രീ.അനിൽ കുമാർ.വി.വി | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ചോക്കാട് | 01-04-2020 | 18-02-2021 |
| ശ്രീമതി.നിമ്മി .ആർ | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ചോക്കാട് | 19-02-2021 | 31-03-2021 |
| ശ്രീ.അബ്ദു റസാക്ക് മുസ്ലിയാർ | സീനിയർ കൃഷി ഓഫീസർ, കോക്കനട്ട് നഴ്സറി, പരപ്പനങ്ങാടി | 01-04-2020 | 31-03-2021 |
| ഡോ.അയൂബ് | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 01-04-2020 | 14-05-2020 |

| | | | |
|---|---|---|---|
| ഡോ.അബ്ദുൾ അസീസ്.പി.യു | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 15-05-2020 | 07-07-2020 |
| ഡോ.സുരേഷ്.ബി | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 08-07-2020 | 31-03-2021 |
| ഡോ.ബിജു.ബി | ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്റിനറി, മലപ്പുറം | 01-04-2020 | 13-05-2020 |
| ഡോ.അബ്ദുൾ അസീസ്.പി.യു | ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്റിനറി, മലപ്പുറം | 14-05-2020 | 31-03-2021 |
| ഡോ.സക്കറിയ സാദിഖ് മധുരക്കറിയൻ | അസി.പ്രൊജക്ട് ഓഫീസർ, RAHC നിലമ്പൂർ | 01-04-2020 | 14-02-2021 |
| ഡോ.ഷൌക്കത്തലി വടക്കുംമ്പാടം | അസി.പ്രൊജക്ട് ഓഫീസർ, RAHC നിലമ്പൂർ | 15-02-2021 | 31-03-2021 |
| ഡോ.സുരേഷ്.ബി | അസി.പ്രൊജക്ട് ഓഫീസർ, RAHC ആതവനാട് | 01-04-2020 | 06-07-2020 |
| ഡോ.ഹാറൂൺ അബ്ദുൾ റഷീദ് | അസി.പ്രൊജക്ട് ഓഫീസർ, RAHC ആതവനാട് | 07-07-2020 | 31-03-2021 |
| ഡോ. പി ശിവകുമാർ | അസിസ്റ്റൻറ് ഡയറക്ടർ, ജില്ലാ പൗൾട്രി ഫാം | 01-04-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് മുസ്തഫ.കെ | പ്രിൻസിപ്പൽ, ഗവ.പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ | 01-04-2020 | 07-10-2020 |
| ശ്രീ.പ്രദീപ്.എം | പ്രിൻസിപ്പൽ, ഗവ.പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ | 08-10-2020 | 31-03-2021 |
| ശ്രീ.വിനോദ്.എസ്.ബി | സൂപ്രണ്ട്, ടെക്നിക്കൽ ഹൈസ്കൂൾ, മഞ്ചേരി | 01-04-2020 | 31-03-2021 |
| ശ്രീ.മുരളി.ടി.എസ് | സൂപ്രണ്ട്, ടെക്നിക്കൽ ഹൈസ്കൂൾ, കുറ്റിപ്പുറം | 01-04-2020 | 31-03-2021 |
| ശ്രീ.സുരേഷ് കുമാർ.ജെ.എസ് | പ്രിൻസിപ്പൽ, ഗവ.പോളിടെക്നിക്ക് കോളേജ്, തിരൂരങ്ങാടി | 01-04-2020 | 31-03-2021 |
| ഡോ.ചെറിയാൻ ഉമ്മൻ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, മുണ്ടുപറമ്പ് | 01-04-2020 | 31-07-2020 |
| ഡോ. റോജ നഫ്സത്ത്. ഒ.കെ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, മുണ്ടുപറമ്പ് | 01-08-2020 | 07-03-2021 |
| ഡോ.ബിന്ദുബായി.കെ.വി | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, മുണ്ടുപറമ്പ് | 08-03-2021 | 31-03-2021 |
| ശ്രീമതി. സിനില ഉണ്ണികൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ് | 01-04-2020 | 31-05-2020 |
| ശ്രീമതി. ഷീബ ഖമർ | ഡയറക്ടർ, ക്ഷീര വികസന വകുപ്പ് | 01-06-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ashraf K.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Ashraf K.P (Asst. Audit Officer, On 22-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Ashraf K.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 04-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ashraf K.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Asharaf.K.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Asharaf.K.P (Asst. Audit Officer, On 22-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ashraf K.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ashraf K.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Ashraf K.P (Asst. Audit Officer, On 22-06-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Ashraf K.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Ashraf K.P (Asst. Audit Officer, On 22-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Ashraf K.P (Asst. Audit Officer, On 24-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 04-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Mohammed Ali M (Audit Officer, On 28-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ashraf K.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 1-10 |
| 11 | വാർഷികക്കണക്ക് പരിശോധന<br>Written By: Ashraf K.P (Asst. Audit Officer, On 24-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-11 |
| 12 | GST വിഹിതം തെറ്റായി അനുവദിച്ചു<br>Written By: Sakeer Hussain.P (Asst. Audit Officer, On 18-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-12 |
| 13 | മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പി വെച്ചതിന് തെറ്റായ നിരക്ക് നൽകി<br>Written By: Sakeer Hussain.P (Asst. Audit Officer, On 18-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-13 |
| 14 | പെരുമണ്ണ അംഗൻവാടി കെട്ടിടം - പെരുമണ്ണ ക്ലാരി<br>Written By: Sakeer Hussain.P (Asst. Audit Officer, On 18-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-13-1 |
| 15 | മൊയ്തീൻ ബസാർ 75 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ചെറിയമുണ്ടം<br>Written By: Sakeer Hussain.P (Asst. Audit Officer, On 18-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-13-2 |
| 16 | മാന്തടം 8 -ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ആലങ്കോട്<br>Written By: Sakeer Hussain.P (Asst. Audit Officer, On 18-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-13-3 |
| 17 | പാണ്ട്യാട്ട് പട്ടികജാതി കോളനി നടപ്പാത കോൺക്രീറ്റും അനുബന്ധ പ്രവർത്തനവും -താനാളൂർ<br>Written By: Sakeer Hussain.P (Asst. Audit Officer, On 04-07-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-13-4 |
| 18 | പഞ്ചായത്ത് ബസ് സ്റ്റാന്റിൽ സ്ത്രീ സൗഹൃദ കംഫർട്ട് സ്റ്റേഷൻ - പുറത്തൂർ<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-13-5 |
| 19 | ചാലാട്ടിൽ അംഗൻവാടി നിർമാണം -തേഞ്ഞിപ്പലം<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-13-6 |
| 20 | ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരാത്ത എയ്ഡഡ് കോളേജിന് ക്രമ വിരുദ്ധമായി ടോയ്‌ലറ്റ് നിർമ്മിച്ച് നൽകി<br>Written By: Sakeer Hussain.P (Asst. Audit Officer, On 18-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-14 |
| 21 | ഒ.പി ടിക്കറ്റ് രസീത് ബുക്കുകളുടെ സൂക്ഷിപ്പും വിതരണവും ക്രമപ്രകാരമല്ല<br>Written By: Sakeer Hussain.P (Asst. Audit Officer, On 18-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 1-15 |

| | | |
|---|---|---|
| 22 | ചെലവ് രേഖകൾ അപൂർണ്ണം - 26,03,132 രൂപ തടസ്സം ചെയ്യുന്നു<br>Written By: Ashraf K.P (Asst. Audit Officer, On 18-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-16 |
| 23 | സ്റ്റോക്ക് സൂക്ഷിപ്പിൽ അപാകതകൾ<br>Written By: Sakeer Hussain.P (Asst. Audit Officer, On 18-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-17 |
| 24 | വനിതകൾക്ക് അപ്പാരൽ പാർക്ക്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-18 |
| 25 | വിശ്രമ ഹാൾ പ്രയോജനപ്പെടുത്തേണ്ടതാണ്<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-19 |
| 26 | ഓഡിറ്റോറിയം നിർമ്മാണം - പർലിന് ഉയർന്ന നിരക്ക് നൽകി<br>Written By: Sakeer Hussain.P (Asst. Audit Officer, On 05-07-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-20 |
| 27 | ഓഡിറ്റോറിയം നിർമ്മാണം - പർലിന് ഉയർന്ന നിരക്ക് നൽകി<br>Written By: Sakeer Hussain.P (Asst. Audit Officer, On 28-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-20-1 |
| 28 | കംഫർട്ട് സ്റ്റേഷൻ കെട്ടിടം പ്രയോജനപ്പെടുത്തുന്നില്ല<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-21 |
| 29 | നടപടിക്രമങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേന പ്രോജക്ട് നിർവഹണം നടത്തുന്നു<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 1-22 |
| 30 | ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ്<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-23 |
| 31 | ഇൻകം ടാക്സ് ടി.ഡി.എസ് ഈടാക്കിയില്ല<br>Written By: Sakeer Hussain.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-24 |
| 32 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Mohammed Ali M (Audit Officer, On 22-06-2022)<br>Last Updated By: K.K.Girija (Senior Deputy Director, On 14-07-2022) | 1-25 |
| 33 | എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാരം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ<br>Written By: Mohammed Ali M (Audit Officer, On 22-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-26 |
| 34 | വിജയഭേരി വിദ്യാഭ്യാസ പദ്ധതി 2018-19 നടത്തിപ്പിൽ ക്രമക്കേട്<br>Written By: Mohammed Ali M (Audit Officer, On 22-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-27 |
| 35 | വിജയഭേരി വിദ്യാഭ്യാസ പദ്ധതി 2019-20 നിർവഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചു<br>Written By: Mohammed Ali M (Audit Officer, On 22-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-28 |
| 36 | സോളാർ സംവിധാനം അപ്ഗ്രഡേഷൻ<br>Written By: Sakeer Hussain.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-29 |
| 37 | കൺവീനർക്ക് ലാഭ വിഹിതം അനുവദിച്ചു<br>Written By: Sakeer Hussain.P (Asst. Audit Officer, On 05-07-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-30 |
| 38 | മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ മുഴുവൻ ലഭ്യമായില്ല<br>Written By: Sakeer Hussain.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-31 |
| 39 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ച പ്രവൃത്തികളിൽ അവശേഷിക്കുന്ന തുക ക്രമീകരിച്ചില്ല<br>Written By: Sakeer Hussain.P (Asst. Audit Officer, On 18-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-32 |
| 40 | കാപ്പിൽ കാരാട് സ്കൂൾ കെട്ടിട നിർമാണം. തുക കൂട്ടിയിട്ടതിൽ പിഴവ്<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-33 |
| 41 | ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചു<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-34 |
| 42 | ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചു.<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-34-1 |

| | | |
|---|---|---|
| 43 | കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-35 |
| 44 | കരിങ്കൽ വർക്കിന് അധിക നിരക്ക് നൽകി<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: K.K.Girija (Senior Deputy Director, On 14-07-2022) | 1-36 |
| 45 | എയ്ഡഡ് സ്കൂളുകളിലെ കുടിവെള്ള പദ്ധതി /ടോയ്ലെറ്റ് നിർമാണം - അധികാര പരിധിയിൽ പെടാത്തത്<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-37 |
| 46 | വൈദ്യുതി ബോർഡിൽ നിക്ഷേപ പ്രവൃത്തികൾ<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-38 |
| 47 | നിർമിതി കേന്ദ്രം മുഖേനയുള്ള വർക്ക്. എസ്റ്റിമേറ്റ് പരിശോധനാ വിധേയമാക്കിയിട്ടില്ല<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-39 |
| 48 | മഴ വെള്ള സംഭരണി പ്രവർത്തന സജ്ജമല്ല.<br>Written By: Sakeer Hussain.P (Asst. Audit Officer, On 29-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-40 |
| 49 | മുൻകൂർ പണമടച്ച കമ്പ്യൂട്ടറുകളും പ്രിന്ററും ലഭ്യമായില്ല<br>Written By: Sakeer Hussain.P (Asst. Audit Officer, On 27-06-2022)<br>Last Updated By: K.K.Girija (Senior Deputy Director, On 14-07-2022) | 1-41 |
| 50 | റോഡ് പ്രവൃത്തി. മണ്ണ് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 1-42 |
| 51 | റോഡ് പ്രവൃത്തി. മണ്ണ് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 1-42-1 |
| 52 | പൊതു മരാമത്ത് പ്രവൃത്തികൾ- ഒരു വിലയിരുത്തൽ<br>Written By: Sakeer Hussain.P (Asst. Audit Officer, On 28-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 1-43 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കരിങ്കൽ വർക്കിന് അധിക നിരക്ക് നൽകി<br>Written By: Sakeer Hussain.P (Asst. Audit Officer, On 13-06-2022)<br>Last Updated By: K.K.Girija (Senior Deputy Director, On 14-07-2022) | 3-1 |
| 2 | റോഡ് പ്രവൃത്തി. മണ്ണ് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി.<br>Written By: Sakeer Hussain.P (Asst. Audit Officer, On 05-07-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 3-2 |
| 3 | റോഡ് പ്രവൃത്തി. മണ്ണ് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി.<br>Written By: Sakeer Hussain.P (Asst. Audit Officer, On 05-07-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 3-2.1 |
| 4 | GST വിഹിതം തെറ്റായി അനുവദിച്ചു<br>Written By: Ashraf K.P (Asst. Audit Officer, On 25-06-2022)<br>Last Updated By: K.K.Girija (Senior Deputy Director, On 14-07-2022) | 3-3 |
| 5 | ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 3-4 |
| 6 | പെരുമണ്ണ അംഗൻവാടി കെട്ടിടം - പെരുമണ്ണ ക്ലാരി-<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 3-4-1 |
| 7 | മൊയ്തീൻ ബസാർ 75 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ചെറിയമുണ്ടം<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 3-4-2 |
| 8 | മാന്തടം 8 -ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ആലങ്കോട്<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 3-4-3 |
| 9 | പാണ്ട്യാട്ട് എസ്.സി കോളനി ഫുട്പാത്ത് കെട്ടിട നിർമ്മാണം -താനാളൂർ<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 3-4-4 |
| 10 | പഞ്ചായത്ത് ബസ് സ്റ്റാന്റിൽ സ്ത്രീ സൗഹൃദ കംഫർട്ട് സ്റ്റേഷൻ - പുറത്തൂർ<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 3-4-5 |
| 11 | ചാലാട്ടിൽ അംഗനവാടി നിർമാണം -തേഞ്ഞിപ്പലം<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 3-4-6 |

| | | |
|---|---|---|
| 12 | ഓഡിറ്റോറിയം നിർമാണം - പർലിന് ഉയർന്ന നിരക്ക് നൽകി.<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 3-5 |
| 13 | ഓഡിറ്റോറിയം നിർമാണം - പർലിന് ഉയർന്ന നിരക്ക് നൽകി<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 3-5-1 |
| 14 | കൺവീനർക്ക് ലാഭ വിഹിതം അനുവദിച്ചു<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 3-6 |
| 15 | കാപ്പിൽ കാരാട് സ്കൂൾ കെട്ടിട നിർമാണം. തുക കുട്ടിയിട്ടതിൽ പിഴവ്<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 3-7 |
| 16 | ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചു<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 3-8 |
| 17 | ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചു<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 3-8-1 |
| 18 | നിർമിതി കേന്ദ്രം മുഖേനയുള്ള വർക്ക്. എസ്റ്റിമേറ്റ് പരിശോധനാ വിധേയമാക്കിയിട്ടില്ല<br>Written By: Sakeer Hussain.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 3-9 |
| 19 | വിജയഭേരി വിദ്യാഭ്യാസ പദ്ധതി 2019-20 നിർവഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചു<br>Written By: Mohammed Ali M (Audit Officer, On 28-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 3-10 |
| | ഭാഗം **4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ashraf K.P (Asst. Audit Officer, On 23-06-2022)<br>Last Updated By: Ashraf K.P (Asst. Audit Officer, On 23-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Mohammed Ali M (Audit Officer, On 05-07-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Ashraf K.P (Asst. Audit Officer, On 23-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 24-06-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Ashraf K.P (Asst. Audit Officer, On 23-06-2022)<br>Last Updated By: Ashraf K.P (Asst. Audit Officer, On 23-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Ashraf K.P (Asst. Audit Officer, On 23-06-2022)<br>Last Updated By: Ashraf K.P (Asst. Audit Officer, On 23-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Ashraf K.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Ashraf K.P (Asst. Audit Officer, On 25-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Ashraf K.P (Asst. Audit Officer, On 24-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 05-07-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Ashraf K.P (Asst. Audit Officer, On 24-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mohammed Ali M (Audit Officer, On 28-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 06-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ashraf K.P (Asst. Audit Officer, On 22-06-2022)<br>Last Updated By: Mohammed Ali M (Audit Officer, On 07-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ/തിയ്യതി |
|---|---|
| 01/01, 23.03.2020 | - |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 08-06-2022 | - | - |

(പുതിയതായി രൂപീകരിച്ച ഓഫീസ് ആയത് കൊണ്ട് AIMS – ൽ ലോഗിൻ കിട്ടാൻ വൈകിയതിനാലാണ് വാർഷിക കണക്ക് ഓൺലൈനിൽ സമർപ്പിക്കാൻ വൈകിയത്)

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 157475146 |
| വരവ് | 1463043266 |
| ആകെ | 1620518412 |
| ചെലവ് | 1514356985 |
| നീക്കിയിരിപ്പ് | 106161427 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 554048031 | 554048031 | 554048031 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | 189884870 | 189884870 | 189884870 | - |
| വികസനഫണ്ട് (ടി.എസ്.പി) | - | 15611827 | 15611827 | 15611827 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 310936000 | 310936000 | 310936000 | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 141419600 | 141419600 | 141419600 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | - | 49627725 | 49627725 | 49627725 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | - | 75780494 | 75780494 | 75780494 | - |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 1570 | 2283528963 | 1092 | 1409485596 | 83 | 395 | 69.55 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ : ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതികൾ.

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-06-2022 ന് 10-30 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ലെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 173 (1) ാം വകുപ്പ് അഞ്ചാം പട്ടികയിൽ ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ വിവരിക്കുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിലോ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലോ ഉൾപ്പെടാത്ത പ്രോജക്ടുകൾ വ്യാപകമായി നിർവഹണം നടത്തിയിട്ടുണ്ട്.

അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ കണക്കിൽ പൊരുത്തക്കേടുണ്ട്.

വാടകയിനങ്ങളുടെ കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൃത്യമായ കണക്കുകൾ സൂക്ഷിക്കാതെയാണ് കെട്ടിട വാടക പിരിച്ചെടുക്കുന്നത്. ഇത് വരുമാനചോർച്ചക്ക് കാരണമാകുന്നു.

മങ്കട ഗവ. ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ കൺസ്യൂമബിൾസ് സ്റ്റോക്ക് സൂക്ഷിപ്പിൽ അപാകതകളുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പിനേക്കാൾ കൂടുതലാണ് യഥാർത്ഥത്തിലുള്ളത്.

ലക്ഷങ്ങൾ മുടക്കി പണിത പല കെട്ടിടങ്ങളും ഉപയോഗിക്കാതെ കിടക്കുന്നു. ഉദാ :- വനിതാ അപ്പാരൽ പാർക്ക് - കോഡൂർ ഗ്രാമ പഞ്ചായത്ത്, ചെങ്ങര പ്രതീക്ഷാ ഭവൻ അമ്മമാർക്ക് വിശ്രമമുറി - കാവനൂർ ഗ്രാമ പഞ്ചായത്ത്, കംഫർട്ട് സ്റ്റേഷൻ - കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത്.

ജില്ലാ പഞ്ചായത്തിന് വിപുലമായ എഞ്ചിനീയറിംഗ് വിഭാഗം നിലവിലിരിക്കെ, നടപടിക്രമങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നിർവഹണം നടത്തുന്നു.

വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ച് പ്രവൃത്തി പൂർത്തിയാക്കിയ ശേഷം നിക്ഷേപത്തുകയിൽ ബാക്കിയുള്ള തുക ജില്ലാ പഞ്ചായത്തിലേക്ക് തിരികെ ലഭിക്കാൻ സമയോചിത നടപടി സ്വീകരിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.11.2021 മുതൽ 29.12.2021 വരെ | 2019-21 | 23.03.2022 |
| എ.ജി ഓഡിറ്റ് | 07.06.2019 മുതൽ 01.07.2019 വരെ | 2018-19 | 02.08.2019 |

## 1-11 വാർഷികക്കണക്ക് പരിശോധന

1- അഡ്വാൻസ് രജിസ്റ്ററിന്റെ സംഗ്രഹത്തിൽ 2020-21 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം 1,43,35,854 രൂപ വിനിയോഗിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിലെ ഒരോ പേജിലെയും തുക കൂട്ടുമ്പോൾ 1,38,35,854 രൂപ മാത്രമെ വരുന്നുള്ളു. അഞ്ച് ലക്ഷം രൂപയുടെ വ്യത്യാസം കാണുന്നു. ഈ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

2- റസീപ്റ്റ് & പേയ്മെന്റ് ലെ RP- 40 പ്രകാരം Capital Work In Progress ൽ തൻവർഷം ബുക്ക് ചെയ്ത തുക 5,86,35,982 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B -11 ൽ Capital Work In Progress ആയി കാണിച്ചിരിക്കുന്നത് 19,80,06,205 രൂപയാണ്. മുൻ വർഷങ്ങളിൽ പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ പൂർത്തിയാക്കാത്തതും പൂർത്തിയായ പ്രവൃത്തികളുടെ വിവരങ്ങൾ ജേർണൽ എൻട്രി നടത്തി ആസ്തിയാക്കുകയും ചെയ്യാത്തത്കൊണ്ടാണ് ഇങ്ങനെ അന്തരം കാണുന്നത്.

3- 2019-20 വാർഷികക്കണക്കിലെ ബാലൻസ് ഷീറ്റിൽ പിരിച്ചെടുക്കാനവശേഷിക്കുന്ന Rent From Building 12400 രൂപ മാത്രമാണ്. എന്നാൽ 2020-21 വാർഷികക്കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് ലെ RP- 36 പ്രകാരം Rent From Building(arrear) ഇനത്തിൽ 42000 രൂപ പിരിച്ചെടുത്തതായി കാണുന്നു. ഈ ഇനത്തിലെ കുടിശ്ശിക ഡിമാന്റ് എത്രയാണെന്ന് വ്യക്തമാക്കുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ജില്ലാ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

4- 2020-21 വാർഷികക്കണക്കിലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B -15 ൽ Rent From Building(arrear) എന്ന ഇനത്തിൽ 17,09,423/- രൂപ പിരിക്കാനവശേഷിക്കുന്നു എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ വാർഷികക്കണക്കിൽ കാണിക്കാതെ ഇത്രയും ഭീമമായ തുകയുടെ കുടിശ്ശിക എങ്ങനെയാണ് കണക്കാക്കിയതെന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5- വൗച്ചറുകളിൽ പേയ്മെന്റ് ഓർഡർ, സെക്രട്ടറിയുടെ നടപടിക്രമങ്ങളുടെ പകർപ്പ്എന്നിവ മാത്രമാണ് സൂക്ഷിച്ച് കാണുന്നത്. ഇൻവോയ്സുകൾ, ബില്ലുകൾ, അനുബന്ധ രേഖകൾ എന്നിവ നടപ്പ് ഫയലിലാണ് സൂക്ഷിക്കുന്നത്. ഓഡിറ്റിനായി ഹാജരാക്കുന്ന വൗച്ചറുകളിൽ ഇവയെല്ലാം ഉൾപ്പെടുത്തേണ്ടതും പകർപ്പ് നടപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

6- ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നത് കൊണ്ട് വാർഷികക്കണക്കിൽ നിന്നും ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച തുക മാത്രമായിട്ട് കാണാൻ സാധിക്കുകയില്ല.

## 1-12 GST വിഹിതം തെറ്റായി അനുവദിച്ചു

GST വിഹിതം ഉൾപ്പെടുന്ന 37.25 എന്ന കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ മരാമത്ത് പ്രവൃത്തിയുടെ പേയ്മെന്റ് നടത്തിയപ്പോൾ 31.06 കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ പ്രവൃത്തികൾക്ക് നൽകാവുന്ന GST വിഹിതം, അധികമായി അനുവദിച്ചതിലൂടെ 247330 രൂപയുടെ നഷ്ടമുണ്ടായി.

GST വിഹിതം ഉൾപ്പെടുന്ന 37.25 എന്ന കോസ്റ്റ് ഇൻഡക്സിൽ 2018-19 -ൽ തയ്യാറാക്കി, 2019-20 ൽ സ്പിൽ ഓവറായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്ലാൻ പൊതു വിഭാഗം സാധാരണ വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിയ 'പാലിയേറ്റീവ് കെയർ ട്രൈനിംഗ് സെന്റർ പെരിന്തൽമണ്ണ ജില്ലാ ആശുപത്രി' ( പ്രോജക്ട് നമ്പർ 990/19, 1747/20) എന്ന പ്രൊജക്ടിന്റെ ബിൽ തുക നൽകിയപ്പോൾ 12% GST വിഹിതം അധികമായി അനുവദിച്ചതിലൂടെയാണ് ഇപ്രകാരം നഷ്ടമുണ്ടായത്. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| പ്രവൃത്തി | പാലിയേറ്റീവ് കെയർ ട്രൈനിംഗ് സെന്റർ പെരിന്തൽമണ്ണ ജില്ലാ ആശുപത്രി- 1681/21 | എസ്റ്റിമേറ്റ് നമ്പർ | 2018/53208 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, (LID&EW) | കരാറുകാരൻ | ശ്രീ.അൽത്താഫ് അഹമ്മദ്.കെ.വി |
| സാങ്കേതികാനുമതി | 112469/2018-19 Dt 07-02-2019 ₹2500000 (EE LSGD Malappuram ) | എം ബുക്ക് | 198/19-20 , 1166/19-20 |
| കരാർ | AEE/LSGD-DIV/MPM/015//19-20 Dt: 15-06-2019 | ചെലവ് | 2308414 ബിൽ നമ്പർ – 1150/20-21, തീയതി: 30-03-2021 |
| മൂല്യനിർണ്ണയം | 2061084 + 247330 ( 12 % GST) | അധികം നൽകിയത് | 247330/- |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 30-05-2022 – ന് നൽകിയ 40 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കുകയോ നഷ്ട തുക തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ അധികമായി നൽകിയ 247330 /- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-13 മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പി വെച്ചതിന് തെറ്റായ നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (LID&EW) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയ പ്രവൃത്തികളുടെ ഭാഗമായി ജനൽ കമ്പി വെക്കുന്നതിന് DSR 9.48.2, പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് അർഹമായത്.

DSR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന പ്രവൃത്തികൾക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1-13-1 പെരുമണ്ണ അംഗൻവാടി കെട്ടിടം - പെരുമണ്ണ ക്ലാരി

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പെരുമണ്ണ അംഗൻവാടി കെട്ടിടം - പെരുമണ്ണ ക്ലാരി-(1446/21). (ഫണ്ട് -പ്ലാൻ ജനറൽ)<br>ബിൽ നമ്പർ - 732/20-21, 15.01.2021<br>തുക – 1000907<br>അളവ് പുസ്തകം 3428/18-19, 498/19-20<br>എസ്റ്റിമേറ്റ് ഇനം 23<br>കരാറുകാരൻ : ശ്രീ. ബുർഹാനൽ ഹഖ്. കെ.എ<br>കോസ്റ്റ് ഇൻഡക്സ് 37.25% (DSR 2016)<br>Est 2018/108168 - TS 11712/2018-19<br>AEE/LSGD-DIV/MPM/101/19-20/29.07.2019<br>ഓഡിറ്റ് എൻക്വയറി 39/10.06.2022 | 150.73 Kg | 22087.97<br>@146.54/Kg<br>(അടിസ്ഥാന നിരക്ക് 154.34/kg<br>5.04% Below Rate) | 12140.55<br>@80.545/Kg<br>(അടിസ്ഥാന നിരക്ക് 84.82/kg<br>5.04% Below Rate) | 9947 |

ഫയലിന്റെ കൂടെ വെച്ചിട്ടുള്ള ഫോട്ടോയിൽ അംഗൻവാടിയുടെ ജനലിന് കമ്പിയാണ് വെച്ചിട്ടുള്ളതെന്ന് വ്യക്തമാണ്.

### 1-13-2 മൊയ്തീൻ ബസാർ 75 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ചെറിയമുണ്ടം

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| മൊയ്തീൻ ബസാർ 75 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ചെറിയമുണ്ടം (99/21).<br>ഫണ്ട്- പ്ലാൻ ജനറൽ<br>ബിൽ 1089/20-21/27.03.2021<br>തുക 908928<br>എസ്റ്റിമേറ്റ് ഇനം 9 | 48.546 Kg | 7154.71<br>@147.38/Kg | 3932.23<br>@81/Kg | 3222 |

| | | | | |
|---|---|---|---|---|
| അളവ് പുസ്തകം 455/20-21, 479/20-21<br>കരാറുകാരൻ : ശ്രീ. റഷീദ്.ടി<br>കോസ്റ്റ് ഇൻഡക്സ് 31.06% (DSR 2016)<br>Est 2019/13655 - TS 65100/2019-20<br>AEE/LSGD-DIV/MPM/359/2019-20/31.12.2019<br>ഓഡിറ്റ് എൻക്വയറി 39/10.06.2022 | | | | |

1-13-3 മാന്തടം 8 -ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ആലങ്കോട്

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| മാന്തടം 8 -ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ആലങ്കോട് (1567/21)<br>ഫണ്ട്- പ്ലാൻ ജനറൽ<br>ബിൽ- 588/20-21 /1.07.2020<br>തുക -1327502<br>എസ്റ്റിമേറ്റ് ഇനം -19<br>അളവ് പുസ്തകം- 451/19-20, 3779/18-19<br>കരാറുകാരൻ : ശ്രീ.ബാബു.കെ<br>കോസ്റ്റ് ഇൻഡക്സ് -37.25% (DSR 2016)<br>Est 2018/52001 - TS 80901/2018-19<br>കരാർ:AEE/LSGD-DIV/MPM /296/2018-19 20.10.2018<br>ഓഡിറ്റ് എൻക്വയറി നമ്പർ – 39/10.06.2022 | 85.44 Kg | 12000.9<br>@140.46/Kg<br>(അടിസ്ഥാന നിരക്ക് 154.34/kg<br>8.99% Below Rate) | 6595.11<br>@77.19/Kg<br>(അടിസ്ഥാന നിരക്ക് 84.82/kg<br>8.99% Below Rate) | 5406 |

1-13-4 പാണ്ട്യാട്ട് പട്ടികജാതി കോളനി നടപ്പാത കോൺക്രീറ്റും അനുബന്ധ പ്രവർത്തനവും -താനാളൂർ

ഈ പ്രവൃത്തിയുടെ ഭാഗമായി നിർവഹിച്ച കോളനിയിലെ ശ്മശാനത്തിന്റെ കെട്ടിട നവീകരണ പ്രവൃത്തിയിലാണ് ജനൽ കമ്പി വെക്കുന്ന ഇനം ചെയ്തത്.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പാണ്ട്യാട്ട് പട്ടികജാതി കോളനി നടപ്പാത കോൺക്രീറ്റും അനുബന്ധ പ്രവർത്തനവും -താനാളൂർ (1541/21)<br>ഫണ്ട് – പ്ലാൻ (എസ്.സി.പി))<br>ബിൽ – 1056/20-21/25.03.2021<br>തുക - 745455<br>അളവ് പുസ്തകം 1002/19-20<br>കരാറുകാരൻ : ശ്രീ. ദാമോദരൻ. വി<br>കോസ്റ്റ് ഇൻഡക്സ് 37.25% (DSR 2016)<br>Est 2018/121474 - TS 116444/2018-19<br>AEE/LSGD-DIV/MPM/082/19-20/22.07.2019<br>ഓഡിറ്റ് എൻക്വയറി നമ്പർ – 29/10.06.2022 | 209.96 Kg | 32405<br>@154.34/Kg<br>(അടിസ്ഥാന നിരക്ക് 154.34/kg.<br>Estimate Rate) | 17808.8<br>@84.82/Kg<br>(അടിസ്ഥാന നിരക്ക് 84.82/kg<br>Estimate Rate ) | 14596 |

1-13-5 പഞ്ചായത്ത് ബസ് സ്റ്റാന്റിൽ സ്ത്രീ സൗഹൃദ കംഫർട്ട് സ്റ്റേഷൻ - പുറത്തൂർ

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പഞ്ചായത്ത് ബസ് സ്റ്റാന്റിൽ സ്ത്രീ സൗഹൃദ കംഫർട്ട് സ്റ്റേഷൻ (1251/21)- പുറത്തൂർ<br>ഫണ്ട് : വികസന ഫണ്ട് –പൊതു വിഭാഗം<br>ബിൽ -914/20-21/26.03.2021<br>തുക -391292<br>അളവ് പുസ്തകം – 3704/18-19<br>കരാറുകാരൻ : ശ്രീ. ഹസൻ<br>കോസ്റ്റ് ഇൻഡക്സ് 37.25% (DSR 2016)<br>Est 2018/55038 - TS 97333/ 2018-19<br>AEE/LSGD-DIV/MPM/523/18-19/15.01.2019<br>ഓഡിറ്റ് എൻക്വയറി 32/10.06.2022 | 213.608 Kg | 30494.68<br>@142.76/Kg<br>(അടിസ്ഥാന നിരക്ക് 154.34/kg<br>7.503% Below Rate) | 16757.54<br>@78.45/Kg<br>(അടിസ്ഥാന നിരക്ക് 84.82/kg<br>7.503% Below Rate) | 13737 |

1-13-6 ചാലാട്ടിൽ അംഗൻവാടി നിർമാണം -തേഞ്ഞിപ്പലം

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ചാലാട്ടിൽ അംഗൻവാടി നിർമാണം -തേഞ്ഞിപ്പലം (1466/21)<br>ഫണ്ട്: വികസന ഫണ്ട് – ജനറൽ<br>ബിൽ - 1101/20-21/29.03.2021<br>തുക – 1299697<br>അളവ് പുസ്തകം – 150/19-20<br>കരാറുകാരൻ : ശ്രീ. എ.കെ .ബാബു<br>കോസ്റ്റ് ഇൻഡക്സ് 37.25% (DSR 2016)<br>Est 2018/49578- TS 110333/2018-19<br>AEE/LSGD-DIV/MPM/667/18-19/26.02.2019<br>ഓഡിറ്റ് എൻക്വയറി 33/10.06.2022 | 175.09 Kg | 26263.5<br>@150/Kg<br>(അടിസ്ഥാന നിരക്ക് 154.34/kg<br>2.82% Below Rate) | 14432.66<br>@82.43/Kg<br>(അടിസ്ഥാന നിരക്ക് 84.82/kg<br>2.82% Below Rate) | 11831 |

1-14 ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരാത്ത എയ്ഡഡ് കോളേജിന് ക്രമ വിരുദ്ധമായി ടോയ്‌ലറ്റ് നിർമ്മിച്ച് നൽകി

ചാലിയാർ ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അമൽ കോളേജ് എന്ന എയ്ഡഡ് കോളേജിന് ക്രമ വിരുദ്ധമായി ടോയ്‌ലറ്റ് നിർമിച്ച് നൽകിയതിലൂടെ നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്ലാൻ ഫണ്ടിൽ നിന്ന് 43,43,952 രൂപ ദുർവ്യയം ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 79/21<br>അമൽ കോളേജിന് ടോയ്‌ലറ്റ് നിർമ്മാണം |
| എസ്റ്റിമേറ്റ് നമ്പർ | 2018/129261 |
| സാങ്കേതികാനുമതി നമ്പർ | 4714/2019-20 Dt:21-06-2019 ₹24940687 (EE LSGD Malappuram ) |
| കരാറുകാരൻ | ശ്രീ.ഉമ്മർ.കെ |
| കരാർ | AEE/LSGD-DIV/mpm/106/19-20 Dt: 05-08-2019 |
| എം ബുക്ക് | 522/19-20, 523/19-20, 524/19-20, 525/19-20, 1071/19-20, 1072/19-20, 1206/19-20 |
| മൂല്യനിർണ്ണയം | 3878529 + 465423 ( 12 % GST) |
| ചെലവ് | ബിൽ നമ്പർ - 797/19-20/30-03-20 തുക – 858641 രൂപ<br>ബിൽ നമ്പർ - 232/20-21/11-04-20 -തുക – 740854രൂപ<br>ബിൽ നമ്പർ -575/20-21/26-09-20, തുക – 556259രൂപ<br>ബിൽ നമ്പർ - 820/20-21/22-02-21, തുക - 2188198 രൂപ<br>ആകെ - 4343952 രൂപ |

പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1 - 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 173 -ാം വകുപ്പ് (1) -ാം ഉപവകുപ്പ്, അഞ്ചാം പട്ടിക പ്രകാരം വിദ്യാഭ്യാസ മേഖലയിൽ മേഖലാടിസ്ഥാനത്തിലുള്ള ഏഴ് ചുമതലകളിൽ സർക്കാർ ഹൈസ്കൂളുകളുടെ, ഹയർ സെക്കണ്ടറി സ്കൂളുകളുടെ, സാങ്കേതിക സ്കൂളുകളുടെ / പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പാണ് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ ഉള്ളത്. എയ്ഡഡ് കോളേജുകൾ ഇതിൽ ഉൾപ്പെടുന്നതോ ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയതോ ആയ സ്ഥാപനമല്ല. നിയമ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിലല്ലാത്ത മേഖലയിൽ ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാറിന്റെ അനുമതി ആവശ്യമാണ്. എന്നാൽ ഈ അനുമതി നേടിയിട്ടില്ല.

2 -പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 ഖണ്ഡിക 7.6 പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെയും സർക്കാർ/ എയ്ഡഡ് കോളേജുകളുടെ കാര്യം പരാമർശിച്ചിട്ടില്ല.

ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരാത്ത എയ്ഡഡ് കോളേജിന് ആസ്തി സൃഷ്ടിച്ച് നൽകിയതിന് സർക്കാറിൽ നിന്ന് മുൻകൂർ അനുമതി നേടിയതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നില്ല. സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 41 /10-06-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ 4343952 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-15 ഒ.പി ടിക്കറ്റ് രസീത് ബുക്കുകളുടെ സൂക്ഷിപ്പും വിതരണവും ക്രമപ്രകാരമല്ല

വളവന്നൂർ ജില്ലാ ആയുർവേദ ആശുപത്രിയുടെ ദൈനം ദിന ചെലവുകൾ വഹിക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും 4,00,000 രൂപ വകയിരുത്തി തയ്യാറാക്കിയ 1091/21 നമ്പർ പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ എലൈറ്റ് ഓഫ്സെറ്റ് പ്രസ്സ്, കടുങ്ങാത്ത്കുണ്ടിന്റെ താഴെ പറയുന്ന ബില്ലുകൾ പ്രകാരം വാങ്ങിയ ഒ.പി ടിക്കറ്റ് രസീത് ബുക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.

| വൗച്ചർ നമ്പർ/ തീയതി | ബിൽ നമ്പർ/തീയതി | രസിത് ബുക്കുകളുടെഎണ്ണം | തുക | റിമാർക്സ് |
|---|---|---|---|---|
| 3/24-07-19 | 303/20-11-19 | 200 | 4200 | 14-08-2020 ലെ 3/20-21 നമ്പർ ട്രഷറി ബിൽ പ്രകാരം പിൻവലിച്ചത് |
| 115/17-04-20 | 833/16-12-19 | 100 | 2700 | |
| | ആകെ | 300 | 6900 | |

കൂടാതെ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1- സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്കുകളുടെ നമ്പർ ചേർക്കുന്നില്ല.

2- ഇഷ്യൂ ചെയ്തത് ആർക്കെന്ന് രേഖപ്പെടുത്തുന്നില്ല

3- ഇഷ്യൂ ചെയ്ത ബുക്കുകളുടെ എണ്ണം രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 19-01-2022 – ന് നൽകിയ 16 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ 28-01-22 -ന് നൽകിയ മറുപടിയിൽ ഇവ ചേർക്കാൻ വിട്ടു പോയതാണെന്നും അപാകത പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയത് പ്രാദേശികമായി പരിശോധിക്കുന്നതാണ്.

## 1-16 ചെലവ് രേഖകൾ അപൂർണ്ണം - 26,03,132 രൂപ തടസ്സം ചെയ്യുന്നു

ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ നിർവഹണം നടത്തിയതും ഓഡിറ്റിനായി ഹാജരാക്കിയതുമായ താഴെ പറയുന്ന രണ്ട് പ്രോജക്ടുകളുടെ ചെലവ് രേഖകൾ അപൂർണ്ണമാണ്.

| പ്രോജക്ട്നമ്പർ/പേര് | അലോട്ട്മെന്റ് നമ്പർ/ തീയതി | അനുവദിച്ച തുക |
|---|---|---|
| പ്രോജക്ട് നമ്പർ- 1795/21<br>ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ. ഫണ്ട് – വികസന ഫണ്ട് – ജനറൽ | 1445/07-01-2021 | 56,802 |
| | 1504/15-01-2021 | 93,198 |
| | 1524/19-01-2021 | 1,00,000 |
| | 1533/20-01-2021 | 2,00,000 |
| | 1563/23-01-2021 | 1,00,000 |
| | 1619/01-02-2021 | 2,00,000 |
| | 1663/08-02-2021 | 3,00,000 |
| | 1736/15-02-2021 | 3,00,000 |
| | 1800/23-02-2021 | 1,00,000 |
| | 1953/10-03-2021 | 89,679 |
| | 1954/10-03-2021 | 2,00,000 |
| | 1955/10-03-2021 | 1,00,000 |
| | 2121/25-03-2021 | 3,00,000 |
| | 2122/25-03-2021 | 60,321 |
| | ആകെ | 2200000 |
| പ്രോജക്ട് നമ്പർ-1351/21<br>ക്ഷീര കർഷകർക്ക് സംഘങ്ങൾ മുഖേന പാൽ അളവിന് ആനുപാതിക സഹായം.<br>ഫണ്ട് – വികസന ഫണ്ട് – ജനറൽ | 502/12-05-2020 | 1,00,000 |
| | 503/12-05-2020 | 1,00,000 |
| | 508/14-05-2020 | 103132 |
| | 511/18-05-2020 | 1,00,000 |
| | ആകെ | 403132 |
| | ഒട്ടാകെ | 2603132 |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1- ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 21-01-2021 -ലെ 1(2) നമ്പർ തീരുമാന പ്രകാരം പ്രോജക്ട് നമ്പർ- 1795/21 ന്റെ ഗുണഭോക്താക്കളായി 10 ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ തെരഞ്ഞെടുത്ത മുഴുവൻ ഗ്രാമ പഞ്ചായത്തുകൾക്കും തുക അനുവദിച്ച് നൽകിയതായോ ഓരോ ഗ്രാമ പഞ്ചായത്തിനും എത്ര രൂപ വീതം അനുവദിച്ചുവെന്നോ ഉള്ള വിവരം ഫയലിൽ ലഭ്യമല്ല.

2- പ്രോജക്ട് നമ്പർ- 1795/21 ന്റെ ഗുണഭോക്താക്കളായ ഓരോ ഗ്രാമ പഞ്ചായത്തും തയ്യാറാക്കിയ പ്രോജക്ടിന്റെ കോപ്പി, തുക മാറിയ ബിൽ പകർപ്പ് എന്നിവ ഫയലിലില്ല.

3- 12-04-2006-ലെ സർക്കാർ ഉത്തരവ് (പി) 177/2006/ധനം പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ TR 7Aകാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ

സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇവ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥന് സാങ്കേതികമായി അലോട്ട്മെന്റ് അനുവദിക്കുന്നേയുള്ളൂവെങ്കിലും അലോട്ട്മെന്റ് അനുവദിച്ച വിവരം ഫയലിൽ ലഭ്യമല്ല.

4- തുക വിനിയോഗ സാക്ഷ്യപത്രം അതാത് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

5- പ്രോജക്ട് നമ്പർ 1351/21 -ന്റെ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനും ആവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനുമാവശ്യപ്പെട്ട് നൽകിയ 5/11-11-2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.ആയത് ലഭ്യമാക്കുന്നത് വരെ 26,03,132 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-17 സ്റ്റോക്ക് സൂക്ഷിപ്പിൽ അപാകതകൾ

ഗവൺമെന്റ് ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മങ്കടയിൽ, ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനും ഫർണ്ണിച്ചറുകൾ / സ്റ്റേഷനറികൾ വാങ്ങുന്നതിനുമായി പ്രോജക്ട് നമ്പർ 1123/21 (സ്പിൽ ഓവർ) പ്രകാരം മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)-ൽ നിന്നും താഴെ കൊടുത്തിരിക്കുന്നത് പ്രകാരം 991419 രൂപ ചെലവഴിച്ചിട്ടുണ്ട്.
നിർവഹണ ഉദ്യോഗസ്ഥൻ – പ്രിൻസിപ്പൽ , ഗവ. പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 2/20-21/10-08-20 | 401290 |
| 3/20-21/25-09-20 | 87075 |
| 4/20-21/25-09-20 | 78800 |
| 5/20-21/22-10-20 | 170000 |
| 6/20-21/20-01-21 | 119004 |
| 7/20-21/13-03-21 | 84700 |
| 8/20-21/18-03-21 | 50550 |
| ആകെ | 991419 |

വൗച്ചറുകൾ , അനുബന്ധ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.
1-സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 31-03-2022 -ൽ 902 ബ്രൗൺ പേപ്പറുകൾ സ്റ്റോക്കിൽ ഉണ്ട്. എന്നാൽ ഭൗതിക പരിശോധനയിൽ രണ്ടായിരത്തിലധികം ബ്രൗൺ പേപ്പറുകൾ അലമാരയിൽ സൂക്ഷിച്ചതായി ശ്രദ്ധയിൽ പെട്ടു. മാത്രമല്ല പഴയ സ്റ്റോക്ക് പൂർണ്ണമായും ഉപയോഗിക്കാതെയാണ് പുതുതായി ലഭിച്ചവ ഉപയോഗിച്ച് വരുന്നത്.

2- 31-03-2022 -ന് 812 മീറ്റർ Doplin Cloth ആണ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുള്ളത്. എന്നാൽ ഭൗതിക പരിശോധനയിൽ 980 മീറ്ററിലധികം Doplin Cloth സ്റ്റോർ റൂമിൽ സൂക്ഷിച്ചതായി കണ്ടു.

3- നിർവഹണോദ്യോഗസ്ഥൻ സ്റ്റോക്കുകളുടെ വാർഷിക ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4-2019 -ലെ കൊറോണക്ക് മുമ്പ് വാങ്ങിയ തയ്യൽ നൂലുകളാണ് ഇപ്പോൾ പഠിതാക്കൾക്ക് നൽകി ക്കൊണ്ടിരിക്കുന്നത്. കാലപ്പഴക്കം കാരണം നൂലുകൾ ഉറപ്പ് കുറഞ്ഞ് വേഗം പൊട്ടിപ്പോകുന്ന അവസ്ഥയിലാണ്.

5-M/s. നിഫ്റ്റി കണക്റ്റ് എന്ന സ്ഥാപനത്തിന്റെ 24-09-2020 – ലെ ഇൻവോയ്സ് നമ്പർ NCMB2C/26 പ്രകാരം വാങ്ങിയ 2 ഡെസ്ക്ടോപ്പ് മോണിറ്ററുകളിൽ ഒരെണ്ണം നാളിത് വരെ ഉപയോഗിക്കാതെ അലമാരയിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയത് ഉപയോഗിക്കുന്നതിനുള്ള നടപടികൾ നാളിത് വരെ സ്വീകരിച്ചിട്ടില്ല.

ലഭ്യമായ ടൈലറിംഗ് സാധനങ്ങൾ യഥാസമയം പഠിതാക്കൾക്ക് വിതരണം ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 42/10-06-2022 നമ്പർ ഓഡിറ്റ് എൻക്വറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ 991419 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-18 വനിതകൾക്ക് അപ്പാരൽ പാർക്ക്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ വികസന ഫണ്ട് പൊതു വിഭാഗം ഉപയോഗിച്ച് നിർവഹണം നടത്തിയ 417/21 വനിതകൾക്ക് അപ്പാരൽ പാർക്ക് നിർമാണം -കോഡൂർ എന്ന പ്രവൃത്തി തൊഴിൽ സംരഭങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനാണ്.

| | | | |
|---|---|---|---|
| ബിൽ | 700/20-21/07.01.2021-629890<br>780/20-21/26.03.2021-495569<br>866/20-21/10.03.2021-130699 | കോസ്റ്റ് ഇൻഡക്സ് | DSR 2016 (31.06 %) |
| തുക | 1256158 | അളവ് പുസ്തകം | 1177/19-20. 1176/19-20 |
| കരാറുകാരൻ | ശ്രീ.മുഹമ്മദ് മുസ്തഫ.എം | കരാർ | AEE/LSGD-DIV/MPM/453/2020 Dtd 05.02.2020 |
| പി.എ.സി | 1125459 + GST | ഫണ്ട് | വികസന ഫണ്ട് - ജനറൽ |
| സാങ്കേതികാനുമതി | 95352/19-20 | പ്രൈസ് ഐഡി | 2019/16107 |

കെട്ടിട നിർമാണം, പ്ലാസ്റ്ററിങ്ങ്, പെയിന്റിങ്ങ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതീകരണത്തിന് 80000 രൂപ ലംപ്സം ആയി ഉൾപെടുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി ചെയ്തിട്ടില്ല എന്ന് വ്യക്തമാവുന്നു. വർക്ക് പൂർത്തിയാക്കി കെട്ടിടം കോഡൂർ ഗ്രാമ പഞ്ചായത്തിന് കൈമാറിയ വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിൽ തൊഴിൽ സംരഭമായ അപ്പാരൽ പാർക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നും പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന കാര്യവും റിപ്പോർട്ട് ചെയ്യേണ്ടതാണ്. കെട്ടിടം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 35/14.06.2022 പ്രകാരം ഇക്കാര്യം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-19 വിശ്രമ ഹാൾ പ്രയോജനപ്പെടുത്തേണ്ടതാണ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടാണ് 1475/21 ചെങ്ങര പ്രതീക്ഷാ ഭവന്റെ മുകളിൽ അമ്മമാർക്ക് വിശ്രമമുറി നിർമാണം - കാവനൂർ ഗ്രാമ പഞ്ചായത്ത് എന്ന പദ്ധതി. പ്ലാൻ ജനറൽ വിഹിതം 1400000 രൂപയാണ് വകയിരുത്തിയത്. കാവനൂർ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപെടുന്ന ചെങ്ങര എന്ന സ്ഥലത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. DSR 2016 Cost Index 37.25 അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ (Est 2018/55875, TS 98480/2018-19 ) കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള ഇനങ്ങൾ ഉൾപെടുത്തിയിട്ടുണ്ട്. നിലവിലെ കെട്ടിടത്തിന്റെ മുകളിൽ കോൺക്രീറ്റ് പ്രവൃത്തികൾ, ചെങ്കൽപടവ്, പ്ലാസ്റ്ററിങ്ങ്, ടൈൽ വർക്ക്, പെയിന്റിങ്ങ്, ജനൽ - വാതിൽ സ്ഥാപിക്കൽ, പ്ലമ്പിങ്ങ് പ്രവൃത്തികൾ, ഷീറ്റ് വർക്ക് എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത്. ചെയ്ത വർക്കുകൾ അളവ് പുസതകം 3945/18-19, 3944/18-19 എന്നിവയിൽ രേഖപ്പെടുത്തുകയും ബിൽ 680/20-21/07.01.2021 പ്രകാരം കൺവീനർക്ക് 140028 രൂപയും, 920/19-20/31.03.2020 പ്രകാരം 732192 രൂപയും, 841/18-19/ 30.03.2019 പ്രകാരം 417808 രൂപയും ഉൾപെടെ ആകെ 1290028 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷം ആരംഭിച്ച സിവിൽ പ്രവൃത്തികൾ ഓഡിറ്റ് വർഷത്തിലാണ് പൂർത്തിയായത് എന്ന് വ്യക്തമാവുന്നു.

GUPS ചെങ്ങര ഹെഡ് മാസ്റ്റർ ശ്രീ. രാജു ജോസഫ് ആണ് പ്രവൃത്തിയുടെ കൺവീനർ. എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിന് 91861 രൂപ ലംപ്സം ആയി വകയിരുത്തിയിട്ടുണ്ട് എന്നാൽ വൈദ്യുതീകരണം പൂർത്തിയായ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടം വൈദ്യുതീകരിച്ച്, ജല ലഭ്യത ഉറപ്പ് വരുത്തി , വിഭാവനം ചെയ്ത ആവശ്യത്തിന് കെട്ടിടം പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന വിവരം ഗ്രാമ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. പൂർത്തിയാക്കിയ കെട്ടിടം ജില്ലാ പഞ്ചായത്ത് , കാവനൂർ ഗ്രാമ പഞ്ചായത്തിന് കൈമാറിയ വിവരം ലഭ്യമാക്കേണ്ടതാണ്. കെട്ടിടത്തിന് ചെലവഴിച്ച തുക പാഴ് ചെലവാകാതിരിക്കാൻ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 36/13.06.2022 മുഖേന ഈ കാര്യം നിർവഹണ ഉദ്യോഗസ്ഥന്റെയും സെക്രട്ടറിയുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-20 ഓഡിറ്റോറിയം നിർമ്മാണം - പർലിന് ഉയർന്ന നിരക്ക് നൽകി

2020-21 വർഷത്തിൽ നടപ്പാക്കിയ അരീക്കോട് ജി.എച്ച്. എസ്സിന് ഓഡിറ്റോറിയം എന്ന പ്രവൃത്തി (1236/21) യിൽ കെട്ടിടത്തിന്റെ മേൽക്കൂരയിൽ പർലിൻ വർക്കിന് ഉയർന്ന നിരക്ക് നൽകിയത് മൂലം ജില്ലാ പഞ്ചായത്തിന് അധികച്ചെലവുണ്ടായി.GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

എസ്റ്റിമേറ്റിൽ Purlin സ്ഥാപിക്കുന്നതിന് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകിയതായി കാണുന്നു. സാധാരണയായി ഇത്തരം വർക്കുകളിൽ 50.10.1 , 50.10. 2 എന്നീ രണ്ട് കോഡുകൾ പ്രകാരമുള്ള ഇനങ്ങൾ ഉൾപെടുത്തി പർലിന് സിംഗിൾ സെക്ഷന്റെ നിരക്കും വാൾ പ്ലേറ്റ് , റാഫ്റ്റർ എന്നിവക്ക് ട്രസ്സ് വർക്കിന്റെ നിരക്കുമാണ് എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകാറുള്ളത്. മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായ പർലിന് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമേ നൽകാനാവൂ. പ്രവൃത്തിയുടെ അളവ് ബുക്ക് (3326/18-19) പരിശോധിച്ചതിൽ സൈഡ് വാൾ , പർലിൻ എന്നിവക്കായി ആകെ 1174.98 Kg പൈപ്പ് ഉപയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമായി. ഈ പ്രവൃത്തിക്ക് മുഴുവനായും ബിൽറ്റപ്പ് പ്രവൃത്തിയുടെ നിരക്കാണ് നൽകിയിരിക്കുന്നത്.സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബിൽറ്റപ്പ് /ട്രസ്സ് പ്രവൃത്തിയുടെ നിരക്ക് തെറ്റായി നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം വന്ന അധികച്ചെലവിന്റെ വിശദ വിവരം താഴെ നൽകുന്നു. അപാകത ഓഡിറ്റ് എൻക്വയറി നമ്പർ 37/13.06.2022 മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

| പ്രവൃത്തി | പർലിൻ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| GHS അരീക്കോട് ഓഡിറ്റോറിയം നിർമാണം (1236/21) അരീക്കോട് ഗ്രാമ പഞ്ചായത്ത്.<br>നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ബിൽ 785/20-21/30.01.2021 തുക 90000<br>ബിൽ 182/20-21/11.04.2020 തുക 624423<br>ഫണ്ട് : വികസന ഫണ്ട് – ജനറൽ<br>അളവ് പുസ്തകം 3326/18-19 | 1174.98 Kg | 150973.18<br>@128.49/Kg | 122936.98<br>@104.629/Kg | 28036 |

| | | | | | |
|---|---|---|---|---|---|
| കൺവീനർ : ശ്രീമതി. ശൈലജ<br>കോസ്റ്റ് ഇൻഡക്സ് 37.25% (DSR 2016)<br>Est 2018/10627 - TS 150/2018-19<br>AEE/LSGD-DIV/MPM/064/18-19/24.05.2018 | | | | | |

അധികം നൽകിയ തുക 28036 രൂപ ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 1-20-1 ഓഡിറ്റോറിയം നിർമ്മാണം - പർലിന് ഉയർന്ന നിരക്ക് നൽകി

2020-21 വർഷത്തിൽ നടപ്പാക്കിയ കരുവാരക്കുണ്ട് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഓപ്പൺ ഓഡിറ്റോറിയം (1005/21) എന്ന പ്രവൃത്തിയിൽ കെട്ടിടത്തിന്റെ മേൽക്കൂരയിൽ പർലിൻ വർക്കിന് ഉയർന്ന നിരക്ക് നൽകിയത് മൂലം ജില്ലാ പഞ്ചായത്തിന് അധികചെലവുണ്ടായി.GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തികളുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ് ) ( 50.10.2)

എസ്റ്റിമേറ്റിൽ Purlin സ്ഥാപിക്കുന്നതിന് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകിയതായി കാണുന്നു. സാധാരണയായി ഇത്തരം വർക്കുകളിൽ 50.10.1 , 50.10. 2 എന്നീ രണ്ട് കോഡുകൾ പ്രകാരമുള്ള ഇനങ്ങൾ ഉൾപെടുത്തി പർലിന് സിംഗിൾ സെക്ഷന്റെ നിരക്കും വാൾ പ്ലേറ്റ് , റാഫ്റ്റർ എന്നിവക്ക് ട്രസ്സ് വർക്കിന്റെ നിരക്കുമാണ് എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകാറുള്ളത്. മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായ പർലിന് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമെ നൽകാനാവൂ. പ്രവൃത്തിയുടെ അളവ് ബുക്ക് (135/20-21) പരിശോധിച്ചതിൽ സൈഡ് വാൾ , പർലിൻ എന്നിവയ്ക്കായി ആകെ 2947.52 Kg പൈപ്പ് ഉപയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമായി. ഈ പ്രവൃത്തിക്ക് മുഴുവനായും ബിൽറ്റപ്പ് പ്രവൃത്തിയുടെ നിരക്കാണ് നൽകിയിരിക്കുന്നത്.സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബിൽറ്റപ്പ് / ട്രസ്സ് പ്രവൃത്തിയുടെ നിരക്ക് തെറ്റായി നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ വന്ന അധികചെലവിന്റെ വിശദ വിവരം താഴെ നൽകുന്നു. അപാകത ഓഡിറ്റ് എൻക്വയറി 47/23.06.2022 മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

| പ്രവൃത്തി | പർലിൻ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| കരുവാരക്കുണ്ട് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഓപ്പൺ ഓഡിറ്റോറിയം (1005/21) കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത്.<br>നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ബിൽ 789/20-21/15.02.2021 തുക 1999908<br>ഫണ്ട് : MG-NR<br>അളവ് പുസ്തകം 135/20-21<br>കൺവീനർ : ശ്രീമതി. ജാലി. എ.എം. (H.M)<br>കോസ്റ്റ് ഇൻഡക്സ് 31.06% (DSR 2016)<br>Est 2020/53416 - TS 58953/2020-21<br>AEE/LSGD-DIV/MPM/156/20-21/24.09.2020 | 2947.52 Kg | 361660.7<br>@122.7/Kg | 308396.07<br>@104.629/Kg | 53265 |

അധികം നൽകിയ തുക 53265 രൂപ നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 1-21 കംഫർട്ട് സ്റ്റേഷൻ കെട്ടിടം പ്രയോജനപ്പെടുത്തുന്നില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്ടാണ് 644/21 കൽപകഞ്ചേരി നഗരത്തിൽ സ്ത്രീകൾക്ക് കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം എന്ന പദ്ധതി. പ്ലാൻ ധനകാര്യ കമ്മീഷൻ അവാർഡ് വിഹിതം 450000 രൂപയാണ് ഈ പ്രവൃത്തിക്കായി വകയിരുത്തിയത്. DSR 2016 Cost Index 31.06 അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ (Est 2019/129937, TS 111538/2019-20 ) മുൻ വർഷം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഭാഗമായി ടോയ്‌ലറ്റ്, വാട്ടർ ടാങ്ക്, ഹാന്റ് റെയിൽ , ഗേറ്റ് എന്നിവ പൂർത്തിയാക്കാനുള്ള ഇനങ്ങൾ ഉൾപെടുത്തിയിട്ടുണ്ട്. ചെയ്ത പ്രവൃത്തികൾ അളവ് പുസതകം 819/19-20, 3894/18-19 എന്നിവയിൽ രേഖപ്പെടുത്തുകയും ബിൽ നമ്പർ 805/11.02.2021 പ്രകാരം കരാറുകാരനായ മാധവൻ. സി.പി എന്ന വ്യക്തിക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. (ബിൽ തുക 321056. ആദായ നികുതി 2867, ക്ഷേമനിധി വിഹിതം 2867, GST TDS 5734 ). ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. ഇതേ പേരിലുള്ള പ്രവൃത്തിക്ക് 2018-19 ൽ 1046124 രൂപയും 2019-20 ൽ 1836/20 പ്രോജക്ടിന്റെ ഭാഗമായി 1296388 രൂപയും ഉൾപ്പെടെ ആകെ 2342512 രൂപ നിലവിൽ സിവിൽ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട് എന്ന് കാണുന്നു. 2019-20 ഓഡിറ്റ് റിപ്പോർട്ടിൽ കംഫർട്ട് സ്റ്റേഷൻ പ്രയോജനപ്പെടുത്തുന്നില്ല എന്ന തലക്കെട്ടിൽ ഈ വിഷയം പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷം നിർവഹിച്ച പ്രവൃത്തികൾ സംബന്ധിച്ച യാതൊരു പരാമർശവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

2. കെട്ടിടം പ്രയോജനപ്പെടുത്തുന്നതിനായുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപെടുത്തി എങ്കിലും പൂർണമായ രീതിയിൽ കാരാറുകാരൻ പ്രവൃത്തി നിർവഹിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു. വെള്ള സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പ്ലമ്പിങ്ങ് പ്രവൃത്തികൾ (എസ്റ്റിമേറ്റിലെ 27, 28, 29, 30 ഇനങ്ങൾ ) പൂർത്തിയാക്കിയിട്ടില്ല എന്ന് അളവ് പുസ്തകത്തിൽ നിന്ന് വ്യക്തമാവുന്നു.

3. എസ്റ്റിമേറ്റിൽ വാട്ടർ അതോറിറ്റിയുടെ കണക്ഷന് വേണ്ടി 10,000 രൂപയും , വൈദ്യുതീകരണത്തിനായി 30,000 രൂപയും ലംപ്സം ആയി ഉൾപെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ കരാറുകാരൻ നിർവഹിച്ചിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാണ്. (1318/21 പ്രോജക്ട് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇതേ കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായി 237602 രൂപ ചെലവഴിച്ചതായി സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധനക്കായി ലഭ്യമായിട്ടില്ല.)

കഴിഞ്ഞ നാല് വർഷമായി പ്രവൃത്തി നടക്കുന്നതായും രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ മുഖേന രണ്ട് വ്യത്യസ്ത കരാറുകാർ ഒരേ ആസ്തിയിൽ പ്രവൃത്തി ചെയ്യുന്നതായും കാണുന്നു. 29.01 ലക്ഷം രൂപ ചെലവഴിച്ചിട്ടും ഈ കെട്ടിടം പൊതു സമൂഹത്തിന് പ്രയോജനപ്പെടുത്താവുന്ന വിധത്തിലായിട്ടില്ല എന്ന കാര്യം ഓഡിറ്റ് എൻക്വയറി 48/23.06.2022 പ്രകാരം ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടം നിലവിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന

വിവരവും ലഭ്യമാക്കേണ്ടതാണ്. കെട്ടിടത്തിന് ചെലവഴിച്ച തുക പാഴ് ചെലവാകാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 നടപടിക്രമങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേന പ്രോജക്ട് നിർവഹണം നടത്തുന്നു

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ ഏതാനും പ്രോജക്ടുകൾ, ജില്ലാ പഞ്ചായത്തിന് സ്വന്തമായി വ്യവസ്ഥാപിതവും വിപുലവുമായ എഞ്ചിനീയറിങ്ങ് വിഭാഗം നിലവിലുണ്ടെങ്കിലും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ ഇടപെടലുകൾ ഇല്ലാതെ നിർവഹണ ഏജൻസികൾ നേരിട്ട് നിർവഹണം നടത്തിയതായി വ്യക്തമാവുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| | പ്രോജക്ട് | ചെലവ് തുക | PMC ചാർജ് | നിർവഹണ ഏജൻസി |
|---|---|---|---|---|
| 1 | അരിമ്പ്ര GVHSS ന് RMSA ബിൽഡിങ്ങ് നിർമാണം. 656/21 (മൊറയൂർ )<br>പ്രൈസ് ഐഡി : 2020/2310<br>കരാർ : KSDN/25/72020 Dtd 12.06.2020<br>1636852/23.03.2021 ചെക്ക് : 3315000<br>ബിൽ 831/20-21/04.03.2021 : 2997875<br>ഫണ്ട് : RMSA 3315000, FC Grant 3200000 ആകെ 6515000 | 6312875 | 474089 | സിഡ്കോ |
| 2 | കൊമ്പത്ത്ചിന കുറുമ്പത്തൂർ റോഡ് 871/21 . (ആതവനാട് )<br>പ്രൈസ് ഐഡി : 2020/16028<br>കരാർ : EE/LSGD-DIV/MPM 272A/20-21 Dtd 06.11.2020<br>ബിൽ 1041/20-21/27.03.2021 : 920096<br>ബിൽ 1040/20-21/27.03.2021 : 77551<br>ഫണ്ട് : MG -Road 1000000 | 997647 | 77551 | കെൽ |
| 3 | പട്ടിയിൽ പറമ്പ് കളത്തിങ്ങൽ കോളനി സംരക്ഷണം 571/21 . (കുട്ടിലങ്ങാടി )<br>പ്രൈസ് ഐഡി : 2020/3572<br>കരാർ : AEE/LSGD-DIV/MPM 216/20-21 Dtd 22.10.2020<br>ബിൽ 1020/20-21/27.03.2021 : 920875<br>ബിൽ 1021/20-21/27.03.2021 : 77617<br>ഫണ്ട് : SCP 1000000 | 998492 | 77617 | കെൽ |
| 4 | പറമ്പിൽ പുറ കോളനി സംരക്ഷണം 569/21 . (ഏലംകുളം)<br>പ്രൈസ് ഐഡി : 2020/3549<br>കരാർ : AEE/LSGD-DIV/MPM 215/20-21 Dtd 22.10.2020<br>ബിൽ 817/20-21/26.02.2021 : 895419<br>ഫണ്ട് : SCP 1000000 | 895419 | 75471 | കെൽ |
| 5 | പാണക്കാട് വെള്ളിയോട് ഉക്ക് പാലം – ഒതുക്കങ്ങൽ 1814/21 .<br>പ്രൈസ് ഐഡി : 2020/8440<br>കരാർ - AEE/LSGD-DIV/MPM 197/20-21 Dtd 16.10.2020<br>ബിൽ – 1096/20-21/29.03.2021 : 122234<br>ബിൽ – 1097/20-21/29.03.2021 : 1450247<br>ഫണ്ട് - FC Award 1850000 | 1572481 | 122234 | സിൽക്ക് - |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.ജില്ലാ പഞ്ചായത്തിന് സ്വന്തമായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ വിപുലമായ എഞ്ചിനീയറിങ്ങ് വിങ്ങ് നിലവിലുണ്ട്. എന്നാൽ ഈ പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി നൽകിയതും നിർവഹണ ഏജൻസികളാണ്. ഇത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ചട്ടം 6(2) ൽ വിശദമായ പ്ലാനും എസ്റ്റിമേറ്റും പഞ്ചായത്ത് എഞ്ചിനീയറുടെ ചുമതലയിലും മേൽനോട്ടത്തിലും തയ്യാറാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചട്ടം 7 ൽ പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ ചുമതലയുള്ള AE/AXE/EE/CE ൽ നിന്ന് സാങ്കേതികാനുമതി വാങ്ങിയിരിക്കേണ്ടതാണ് എന്നും വ്യക്തമായി പരാമർശിച്ചിട്ടുണ്ട്.

2-ഈ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയത് ജില്ലാ പഞ്ചായത്തിന്റെ എഞ്ചിനീയറിങ്ങ് വിഭാഗമല്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നൽകുകയും ചെയ്ത ഏജൻസികളുടെ അതേ എഞ്ചിനീയർമാരാണ് അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾക്ക് വിരുദ്ധമാണ് .ചട്ടം 15 ൽ വിശദീകരിച്ച നടപടിക്രമങ്ങൾ പാലിക്കാതെ അളവുകൾ രേഖപ്പെടുത്തിയത് പരിഗണിച്ചും തുക അനുവദിച്ചും ചട്ടങ്ങളുടെ ലംഘനമാണ്. മാത്രമല്ല, ചട്ടം 14 ൽ പൊതു മരാമത്ത് പണികളുടെ പരിശോധനയും നിയന്ത്രണവും പഞ്ചായത്ത് എഞ്ചിനീയറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തേണ്ടതാണ്

എന്നും വ്യക്തമാക്കിയിട്ടുണ്ട്.

3-അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികൾ സംബന്ധിച്ച് സർക്കാർ പുതുക്കിയ വിശദമായ മാർഗരേഖ (GO(P)311/2014 /Fin Dated 30.07.2014) പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ Annexure 11 ആദ്യ ഖണ്ഡികയിൽ തന്നെ വ്യക്തമാക്കുന്നത് സ്വന്തമായ എഞ്ചിനീയറിങ്ങ് വിങ്ങ് ഇല്ലാത്ത വകുപ്പുകൾക്ക് മാത്രമാണ് സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങാതെ അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തി ഏൽപ്പിച്ച് നൽകാൻ അനുമതിയുള്ളൂ എന്നാണ്. മാത്രമല്ല, സ്വന്തമായി എഞ്ചിനീയറിങ്ങ് വിങ്ങ് ഉള്ള വകുപ്പുകൾക്ക് , തങ്ങളുടെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ ആണ് സർക്കാറിന്റെ മുൻകൂർ അനുമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികൾക്ക് ഏൽപിച്ച് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ വ്യവസ്ഥ പാലിക്കുന്നതിൽ ഭരണ സമിതിയും നിർവഹണ ഉദ്യോഗസ്ഥനും വീഴ്ച്ച വരുത്തിയത് അംഗീകരിക്കാനാവില്ല.

4- GO(P)95/2017/ Fin Dated 25.07.2017 ഉത്തരവിൽ അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികൾക്ക് നൽകുന്നത് സംബന്ധിച്ച് അധിക നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ ഉത്തരവിലെ ക്രമ നമ്പർ 3 പ്രകാരം “The Administrative Department Shall Adopt A Fair And Competitive Bidding Process For Selection Of Accredited Agency “ എന്നും ക്രമ നമ്പർ 4 ൽ " The Administrative Department Shall Ensure That All Relevant Guidelines Regarding Execution Of Public Works Are Complied “ എന്നും ക്രമ നമ്പർ 7 ൽ " TS Shall Be Issued By The Competent Authority Of Concerned Engineering Department “ എന്നും വ്യക്തമായ രീതിയിൽ മാർഗനിർദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ സർക്കാർ ഉത്തരവുകൾ നിർവഹണ ഉദ്യാഗസ്ഥനും ജില്ലാ പഞ്ചായത്ത് ഭരണസമിതിയും പാലിച്ചില്ല എന്ന വസ്തുത വ്യക്തമാണ്.

5. പൊതുമരാമത്ത് പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവഹിക്കുന്ന ഘട്ടത്തിൽ പാലിക്കേണ്ട സമീപനങ്ങൾ സംബന്ധിച്ച GO(P) 408/2007/Fin Dated 07.09.2007 , GO(P) 107/2016/Fin Dated 27.07.2016 , GO(P) 95/2017/Fin Dated 25.07.2017 , GO(P) 77/2019/Fin Dated 04.07.2019 , GO(P) 161/2019/Fin Dated 25.11.2019 ഉത്തരവുകൾ ക്രോഡീകരിച്ച് ഇറക്കിയ GO(P) 67/2021/Fin Dated 28.04.2021 ഉത്തരവിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 5.1 പ്രകാരം “Under Normal Circumstances , The Public Work May Be Executed Through The Designated Engineering Department Since The Establishment Cost Of The Same Is Met By The Govt And There Are No Additional Commitment On Account Of PMC Charges " എന്നും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നിർദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച്ച വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

6. തുടർന്ന് കൂടുതൽ വ്യക്തത വരുത്തികൊണ്ട് വന്ന GO(P) 07/2022/Fin Dated 17.01.2022 ഉത്തരവിൽ Project Managment Consultancy എന്ന രീതിയിൽ വർക്ക് ഏൽപിക്കുന്ന കാര്യത്തിൽ സുതാര്യമായ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും Non PMC ആയി മാത്രമെ നേരിട്ടുള്ള നിർവഹണം ഏൽപ്പിക്കാവൂ എന്നും നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

7. ബിഡ്ഡിങ്ങ് നടപടികൾ ഇല്ലാതെ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നേരിട്ട് നിർവഹണം നടത്തുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ബിഡ്ഡിങ്ങ് നടപടി ഒഴിവാക്കുന്നതിന് വേണ്ടി, അടങ്കൽ തുകയുടെ അല്ലെങ്കിൽ പ്രവൃത്തി മൂല്യത്തിന്റെ , ഏതാണോ കുറവ് , അതിന്റെ 0.50% പി.എം.സി ചാർജിൽ നിന്നും കുറവ് വരുത്തേണ്ടതാണ് എന്ന സർക്കാർ നിർദേശവും പാലിച്ചിട്ടില്ല.

8. പൊതു മരാമത്ത് പ്രവത്തികൾ നിർവഹിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ വിപുലമായ സംവിധാനം ഉണ്ടായിരിക്കെ PMC ചാർജ് ഇനത്തിൽ നൽകിയ തുക അധിക ചെലവായിട്ടാണ് ഓഡിറ്റ് വിലയിരുത്തുന്നത്. സ്വന്തമായി എഞ്ചിനീയറിങ്ങ് വിങ്ങ് നിലവിലുള്ള ജില്ലാ പഞ്ചായത്തിന് PMC ആയി അക്രഡിറ്റഡ് ഏജൻസികളെ പ്രോജക്ട് നിർവഹണം ഏൽപ്പിക്കാമോ എന്നത് സംബന്ധിച്ച് സർക്കാറിൽ നിന്ന് വ്യക്തത തേടേണ്ടതാണ്.പ്രോജക്ട് നിർവഹണത്തിലെ ഈ വിഴ്ച്ച ഓഡിറ്റ് എൻക്വയറി 43/17.06.2022 പ്രകാരം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-23 ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ്

1 ) ബാലൻസ് ഉക തിരികെ ലഭ്യമായില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള 1824/21 പ്രോജക്റ്റ് ,ജലസേചന വകുപ്പിന്റെ ആസ്തിയായ , എടക്കര ലിഫ്റ്റ് ഇറിഗേഷന്റെ റിപ്പയർ ലക്ഷ്യമിട്ടാണ്. (ഫയൽ P1/2424/20) പ്രോജക്ടിനായി 3.7 ലക്ഷം പ്ലാൻ ജനറൽ സാധാരണ വിഹിതം വകയിരുത്തുകയും അത്രയും ഉക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (Treasury Ref No : 24796/30.01.2021). പ്രവൃത്തി ചെറുകിട ജലസേചന വിഭാഗം , മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായിട്ടാണ് നിർവഹിക്കുന്നത്.( Est 2020/1042/IA) 21/01/2021 തിയ്യതിയിൽ ചെറുകിട ജലസേചന വിഭാഗം ഡിവിഷൻ മലപ്പുറവുമായി കരാർ ചമക്കുകയും ചെയ്തിട്ടുണ്ട്.

ഡെപ്പോസിറ്റ് ഉകയിൽ 306187 രൂപ വിനിയോഗിച്ച് പ്രവത്തി പൂർത്തിയാക്കിയതായി ചെറുകിട ജലസേചന വിഭാഗം അറിയിക്കുകയും. അവശേഷിച്ച 63813 രൂപ തിരികെ നൽകുന്ന ആവശ്യത്തിലേക്ക് ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്. ജല സേചന വകുപ്പിൽ നിന്ന് ബാലൻസ് ഉക തിരികെ ഈടാക്കി സർക്കാറിലേക്ക് തിരിച്ചടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തിരികെ ലഭിക്കാൻ അവശേഷിക്കുന്ന 63813 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2) പ്രവത്തി പൂർത്തിയാക്കിയില്ല .

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള 541/21 പ്രോജക്റ്റ് ,ജലസേചന വകുപ്പിന്റെ ആസ്തിയായ , മുന്നിയൂർ ഗ്രാമ പഞ്ചായത്തിലെ തെക്കേപ്പാടം കനാൽ നവീകരണം ലക്ഷ്യമിട്ടാണ്. (ഫയൽ P4/529/20) പ്രോജക്ടിനായി 25 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം വകയിരുത്തുകയും അത്രയും ഉക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (Treasury Ref No : 20690/08.12.2020). പ്രവൃത്തി ചെറുകിട ജലസേചന വിഭാഗം , മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് മുഖേന ഡെപ്പോസിറ്റ് വർക്കായിട്ടാണ് നിർവഹിക്കുന്നത്. ( Est 2020/4958/IA) . 16/10/2020 തിയ്യതിയിൽ ചെറുകിട ജലസേചന വിഭാഗം ഡിവിഷൻ മലപ്പുറവുമായി കരാർ ചമക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരനമായി എഗ്രിമെന്റ് വെക്കുന്ന തിയ്യതി മുതൽ ഒരു വർഷമാണ് പ്രവൃത്തിയുടെ കാലാവധി എന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ ഡെപ്പോസിറ്റ് ഉകയുടെ സമയബന്ധിതമായ വിനിയോഗം സംബന്ധിച്ച യാതൊരു പരാമർശവും ചെറുകിട ജലസേചന വിഭാഗവുമായി ചമച്ച കരാറിൽ വ്യക്തമാക്കുന്നില്ല.

08.12.2020 തിയ്യതിയിൽ പ്രോജക്ടിന് വകയിരുത്തിയ ഉക ചെറുകിട ജലസേചന വിഭാഗത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഉക കൈമാറി ഒന്നര വർഷം കഴിഞ്ഞിട്ടും നാളിത് വരെ പ്രവൃത്തി പൂർത്തിയാക്കാനായിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. പ്രവൃത്തി പൂർത്തീകരിച്ച് മൂല്യനിർണയം നടത്തിയ വിവരം അറിയിക്കേണ്ടതാണ്. ചെലവ് ഉക 2500000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

3) അനുമതിയില്ലാത്ത പ്രോജക്ടുകൾ

മേൽ പരാമർശിച്ച ആസ്തികൾ ജില്ലാ പഞ്ചായത്തിന്റേതോ ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയതോ അല്ല. ഇത്തരം പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നിർവഹിക്കാൻ നിർദേശവും ഇല്ല. സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങി മാത്രമേ ഇത്തരം പ്രോജക്ടുകൾ നിർവഹിക്കാൻ പാടുള്ളു എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. സർക്കാറിൽ നിന്നും അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ, ജില്ലാ പഞ്ചായത്ത് ചെലവഴിച്ച ഉക മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി 46/24.06.2022 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-24 ഇൻകം ടാക്സ് ടി.ഡി.എസ് ഈടാക്കിയില്ല

1961 ലെ ഇൻകം ടാക്സ് ആക്റ്റ്, സെക്ഷൻ 194 സി പ്രകാരം 30,000 രൂപക്ക് മുകളിലുള്ള കരാർ പ്രവൃത്തികൾക്ക് വ്യക്തികളിൽ നിന്ന് 1% വും സ്ഥാപനങ്ങളിൽ നിന്നാണെങ്കിൽ 2% വും പാൻ കാർഡ് ഇല്ല എങ്കിൽ 20% വും ഇൻകം ടാക്സ് ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ തിരൂർ ജില്ലാ ആശുപത്രി സൂപ്രണ്ട് 2020-21 ൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് ചെയ്യപ്പോൾ ഇൻകം ടാക്സ് ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/പേര് | ബിൽ നമ്പർ/ തീയതി | ഉക | ചെലവിനം | ഉക കൈപ്പറ്റിയ വ്യക്തി/സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 1069/21<br>തിരൂർ ജില്ലാ ആശുപത്രിയിലെ ദൈനം ദിന ചെലവുകൾ | 33/20-21/<br>24-02-21 | 1,62,537 | അലക്ക് കൂലി | മാസ്റ്റേർസ് ക്ലീൻ ലോൺട്രി, തിരൂർ | 4/20 മുതൽ 11/20 വരെ |
| 2 | 1299/21<br>തിരൂർ ജില്ലാ ആശുപത്രിയിലേക്ക് വൈദ്യുതി,ടെലഫോൺ, വാട്ടർ ചാർജ്ജുകളും അലക്ക് കൂലി, ഓഫീസ് ചെലവുകളും ജനറേറ്ററും ഡീസലും | 35/20-21/<br>14-05-20 | 2,73,514 | അലക്ക് കൂലി | ശ്രീമതി.സബീന പി.പി<br>പള്ളിപ്പറമ്പിൽ, പറവണ്ണ | 4/19 മുതൽ 15-01-20 വരെയുള്ള അലക്ക് കൂലി |
| | | ആകെ | 436051 | | | |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 06-01-2022 – ന് നൽകിയ 12 -ാം നമ്പർ ഓഡിറ്റ് എൻക്വറിക്ക് നിർവഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ 11-01-22 -ന് നൽകിയ മറുപടിയിൽ അറിവില്ലായ്മ കൊണ്ടാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. ഈ മറുപടി പരിഗണനാർഹമല്ല. ആയതിനാൽ ക്രമ നമ്പർ 1,2 എന്നിവർക്ക് ബാധകമായ ആദായ നികുതി കണക്കാക്കി ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിർവഹണം നടത്തിയ, ആതവനാട് മേഖല അനിമൽ ഹസ്ബന്ററി സെന്റർ പശ്ചാത്തല സൗകര്യ വികസനവും ദൈനംദിന ചെലവുകളും (SO 1279/21) എന്ന പ്രോജക്റ്റ് മുഖേന ആതവനാട് മേഖല അനിമൽ ഹസ്ബന്ററി സെന്ററിൽ 1.5 HP പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി, എസ്റ്റിമേറ്റ് പ്രകാരം, 90,000 രൂപ ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (ട്രഷറി ബിൽ നം. P 01/20-21 തിയതി : 07.05.20, മെയിന്റനൻസ് ഫണ്ട് റോഡിതരം)

എസ്റ്റിമേറ്റ് പ്രകാരം, 1.5 HP സബ്മേഴ്സിബ്ൾ പമ്പ്, ഇലക്ട്രിക്കൽ കേബിൾ, UPVC Pipe For Pump Erection, Nylon Rope, Electrification Charge For Single Phase Panel Board, Cost Of Well Protection Cover മുതലായ ഇനങ്ങൾക്ക് 90,000 രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ഈ തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 03/22.10.21). അതുവരെ ചെലവുതുക 90,000 രൂപ തടസ്സം ചെയ്യുന്നു.

## 1-26 എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാരം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവഹണോദ്യോഗസ്ഥനായി എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാരപദ്ധതി എന്ന പ്രോജക്ട് (1175/21) നടപ്പാക്കിയിട്ടുണ്ട്. വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം 2371024രൂപ വകയിരുത്തിയതിൽ 2365435 രൂപ ചെലവഴിച്ചു. ട്രഷറി ബിൽ നം. 07/19.02.21 മുഖേന 2364835 രൂപ കൺസ്യൂമർഫെഡിന് ഭക്ഷണവിലയായും ട്രഷറി ബിൽ നം. 08/19.02.21 മുഖേന 600 രൂപ ഗുണഭോക്തൃകാർഡ് പ്രിന്റിംഗ് ചാർജായും നൽകിയിട്ടുണ്ട്.

ഈ പ്രോജക്ട് മുഖേന 308 ഗുണഭോക്താക്കൾക്ക് അരി, പയറുവർഗങ്ങൾ, വെളിച്ചെണ്ണ മുതലായവ വിതരണം ചെയ്തിട്ടുണ്ട്. ജില്ലയിലെ എച്ച്.ഐ.വി ബാധിതരുടെ സംഘടനയായ Malappuram District Network Of People Living With HIV/AIDS (MDNP+) എന്ന സംഘടനയെയാണ് നിർവഹണോദ്യോഗസ്ഥൻ ഭക്ഷണ വിതരണ ചുമതല ഏൽപിച്ചത്. നാലു മാസത്തിലൊരിക്കൽ ഭക്ഷണം വിതരണം ചെയ്യാനായിരുന്നു പദ്ധതി.

ജില്ലാ പഞ്ചായത്ത് പർച്ചേസിംഗ് കമ്മിറ്റിയുടെ 16.01.21 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭക്ഷണ സാധനങ്ങൾ കൺസ്യൂമർഫെഡിൽ നിന്ന് വാങ്ങാനും ഒരു വർഷത്തേക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ കൈമാറുന്നതിനും നിർവഹണോദ്യോഗസ്ഥന് അനുമതി നൽകി.

പ്രോജക്ടിന്റെ നിർവഹണത്തിൽ താഴെ ചേർത്ത അപാകതകളുണ്ട്.

1) ഗുണഭോക്താക്കൾക്ക് ഒരു വർഷത്തേക്കുള്ള ഭക്ഷണസാധനങ്ങൾ 13.02.21 ന് ഒറ്റത്തവണയായി വിതരണം ചെയ്തു. MDNP+ പ്രസിഡന്റ് 04.01.21 ന് നൽകിയ കത്തിൽ, ഭക്ഷണസാധനങ്ങൾ വർഷത്തിലൊരിക്കൽ ഒന്നിച്ച് ലഭ്യമാകുമ്പോൾ അത് സൂക്ഷിക്കാൻ ഗുണഭോക്താക്കളുടെ വീടുകളിൽ സൗകര്യം കുറവാണെന്നും മറ്റ് വിഷമങ്ങൾ ഉണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർവഹണോദ്യോഗസ്ഥൻ ഇത് പരിഗണിച്ചില്ല. ഓരോ ഗുണഭോക്താവിനും നൽകിയ ഭക്ഷണസാധനങ്ങളും അളവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അളവ് |
|---|---|---|
| 1 | അരി | 84 കി.ഗ്രാം |
| 2 | നുറുക്ക ഗോതമ്പ് | 7.200 കി.ഗ്രാം |
| 3 | റവ | 7.200കി.ഗ്രാം |
| 4 | ഉഴുന്ന് | 3 കി.ഗ്രാം |
| 5 | കടല | 6 കി.ഗ്രാം |
| 6 | നിലക്കടല | 6 കി.ഗ്രാം |
| 7 | റാഗി | 9 കി.ഗ്രാം |
| 8 | പട്ടാണിക്കടല | 6 കി.ഗ്രാം |
| 9 | ചെറുപയർ | 6 കി.ഗ്രാം |
| 10 | വെളിച്ചെണ്ണ | 6 ലിറ്റർ |
| 11 | ഉവരപ്പരിപ്പ് | 3 കി.ഗ്രാം |

ഇപ്രകാരം ഭക്ഷണസാധനങ്ങൾ ഒരുമിച്ച് നൽകിയതുമൂലം അതിന്റെ നല്ലൊരുഭാഗം പൂപ്പൽ വന്നും പുഴുവരിച്ചും കേടായിപ്പോയതായി, ഏതാനും ഗുണഭോക്താക്കളെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ ഓഡിറ്റിനെ അറിയിച്ചു. പണം എങ്ങനെയും ചെലവഴിക്കുക എന്നതിലുപരി ഗുണഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്നും പ്രോജക്ട് ലക്ഷ്യം പൂർണ്ണമായി കൈവരിച്ചിട്ടില്ലെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

2) ആയിരക്കണക്കിന് കിലോ ഗ്രാമിന്റെ ബൾക്ക് പർച്ചേസ് നടത്തിയപ്പോൾ പൊതുവിപണിയിലെ ചില്ലറ വിൽപന വിലയോ അതിൽ കൂടുതലോ ആണ് കൺസ്യൂമർഫെഡിന് നൽകിയത് എന്ന് കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | കൺസ്യൂമർഫെഡ് വില (കി.ഗ്രാമിന്) | പൊതുവിപണി വില (കി.ഗ്രാമിന്) * |
|---|---|---|---|
| 1 | കുറുവ അരി | 29.50 | 32 |
| 2 | നുറുക്ക ഗോതമ്പ് | 33 | 52 (ഏഷ്യൻ ബ്രാന്റ്) |
| 3 | റവ | 35 | 52 (ബെൻസി) |
| 4 | ഉഴുന്ന് | 117 | 114 |
| 5 | കടല | 67 | 68 |
| 6 | നിലക്കടല | 115.50 | 64 |
| 7 | റാഗി | 31.50 | 32 |
| 8 | പട്ടാണിക്കടല | 119 | 148 |
| 9 | ചെറുപയർ | 103 | 110 |
| 10 | വെളിച്ചെണ്ണ | 215.50/ ലിറ്റർ | 230 (കേര) |
| 11 | ഉവരപ്പരിപ്പ് | 97 | 110 |

* അവലംബം : ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

മുകളിൽ പറഞ്ഞ വിലയ്ക്കു പുറമേ, സാധനങ്ങൾ മഞ്ചേരിയിൽ വിതരണം ചെയ്യുന്നതിന് അനുബന്ധ ചെലവ് 20,000 രൂപയും കൺസ്യൂമർഫെഡ്

ഈടാക്കിയിട്ടുണ്ട്.

കൺസ്യൂമർഫെഡിൽ നിന്ന് വാങ്ങിയ സാധനങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അളവ് (കി.ഗ്രാം/ലിറ്റർ) | ഇൻവോയ്സ് നം./തിയതി | വില |
|---|---|---|---|---|
| 1 | ത്രിവേണി വെളിച്ചെണ്ണ | 1848 | 290/7/5759/30.01.21 | 398244 |
| 2 | യമുന നുറുക്കുഗോതമ്പ് | 2217.60 | 7102/7/700/31.01.21 | 73180.80 |
| 3 | എലൈറ്റ് റവ | 2217.60 | „ | 77616 |
| 4 | ഉഴുന്ന് | 924 | „ | 108108 |
| 5 | വൻകടല | 1848 | „ | 123816 |
| 6 | നിലക്കടല | 1848 | „ | 213444 |
| 7 | റാഗി | 2772 | „ | 87318 |
| 8 | പട്ടാണിക്കടല | 1848 | „ | 219912 |
| 9 | ചെറുപയർ | 1848 | „ | 190344 |
| 10 | ഉവരപ്പരിപ്പ് | 924 | „ | 89628 |
| 11 | കുറുവ അരി | 25872 | 275/7/30917/31.01.21 | 763224 |
| 12 | കടത്തുകൂലി | | | 20000 |
| | | | ആകെ | 2364835 |

ബൾക്ക് പർച്ചേസിന് ബാധകമായ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നിലക്കടലക്ക് പൊതുവിപണിയിൽ ചില്ലറ വിൽപ്പനവില കി.ഗ്രാമിന് 64 രൂപ മാത്രമുള്ളപ്പോഴാണ് കൺസ്യൂമർഫെഡിൽ നിന്ന് 115.50 രൂപ നിരക്കിൽ 1848 കി.ഗ്രാം നിലക്കടല വാങ്ങിയത്. ഈ ഒറ്റയിനത്തിൽ മാത്രം ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം 95172 രൂപയാണ്.(115.50-64x1848). മാത്രമല്ല, ബൾക്ക് പർച്ചേസ് നടത്തിയിട്ടും , ട്രാൻസ്പോർട്ടേഷൻ ചാർജ് അനുവദിച്ചിട്ടും ഉഴുന്ന്, കടല, റാഗി എന്നീ ഇനങ്ങൾക്ക് ഏതാണ്ട് ചില്ലറ വിൽപന വിലയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത് . പൊതുപണം ചെലവഴിക്കുമ്പോൾ പുലർത്തേണ്ട സൂക്ഷ്മത ഈ വിഷയത്തിൽ കാണിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/20.11.21) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, പ്രോജക്ടിന് അംഗീകാരം ലഭിക്കാൻ വൈകിയതും കോവിഡും മൂലമാണ് ഭക്ഷ്യവസ്തുക്കൾ ഒറ്റത്തവണയായി വിതരണം ചെയ്തതെന്നും പലതവണയായി സാധനങ്ങൾ ഇറക്കുമ്പോൾ കയറ്റിറക്ക് കൂലി കൂടുതലാകുമെന്നും ജില്ലാ പഞ്ചായത്ത് തീരുമാനപ്രകാരമാണ് കൺസ്യൂമർഫെഡിൽ നിന്ന് സാധനങ്ങൾ വാങ്ങിയതെന്നും അറിയിച്ചു.

നാലു മാസത്തിലൊരിക്കൽ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കുകയും, എന്നാൽ അംഗീകാരം ലഭിക്കുന്നതിലെ കാലതാമസം മൂലം, ഇതിനു വിരുദ്ധമായി ഒറ്റത്തവണയായി വിതരണം ചെയ്യുകയും ചെയ്തതിനാൽ, ലഭിച്ച സാധനങ്ങളിൽ നല്ലൊരു ഭാഗം കേടായിപ്പോയെന്ന ഗുണഭോക്താക്കളുടെ വെളിപ്പെടുത്തൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 വിജയഭേരി വിദ്യാഭ്യാസ പദ്ധതി 2018-19 നടത്തിപ്പിൽ ക്രമക്കേട്

നിർവഹണോദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം

പ്രോജക്ട് : വിജയഭേരി വിദ്യാഭ്യാസ പദ്ധതി 2018-19

പ്രോജക്ട് നം. : SO 1635/21

ചെലവ് : 157050 രൂപ

ട്രഷറി ബിൽ നം. : 24/05.01.21

2019-20 ൽ 1419 നമ്പർ ആയ ഈ പ്രോജക്ടിന് വികസന ഫണ്ടിൽ (പൊതു വിഭാഗം സാധാരണ വിഹിതം) നിന്ന് 2237885 രൂപ വകയിരുത്തുകയും 652328രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 1585557 രൂപയാണ് 20-21 ലെ അടങ്കൽ. ഇതിൽ നിന്ന് 157050 രൂപ പ്രോജക്ട് നിർവഹണത്തിനായി ചെലവഴിച്ചു.

ഭരണസമിതിയുടെ 27.07.19 ലെ 6(2) തീരുമാനപ്രകാരം, ഹൈസ്കൂൾ/ഹയർ സെക്കന്ററി തലത്തിൽ പ്രയാസമുള്ള വിഷയങ്ങൾക്ക് പ്രത്യേക അദ്ധ്യാപക കൈപ്പുസ്തകങ്ങളും ഒന്നാം വർഷ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പ്രത്യേക ബ്രിഡ്ജ് കോഴ്സ് മെറ്റീരിയലും അച്ചടിക്കുന്നതിനാണ് ഈ തുക ചെലവഴിച്ചത്. കൊണ്ടോട്ടിയിലെ ജില്ലാ പഞ്ചായത്ത് പ്രസ്സിൽ നിന്നാണ് പുസ്തകങ്ങൾ അച്ചടിച്ചത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | പ്രസ്സിലെ ബിൽ നം./തിയതി | തുക |
|---|---|---|---|---|
| 1 | ബ്രിഡ്ജ് കോഴ്സ് മെറ്റീരിയൽ | 315 | 1530/28.06.19 | 9000 |
| 2 | STEP UP Economics Plus Two Teachers' Hand Book | 400 | 1644/16.12.19 | 26600 |
| 3 | STEP UP English Plus Two Teachers' Hand Book | 500 | 1703/22.01.20 | 26900 |
| 4 | Teachers' Hand Book 19-20 English SSLC | 1200 | 1705/23.01.20 | 26450 |
| 5 | STEP UP English Plus One Teachers' Hand Book | 500 | 1706/24.01.20 | 26000 |
| 6 | STEP UP Chemistry Plus One | 500 | 1708/25.01.20 | 20350 |

| | | | | |
|---|---|---|---|---|
| | Teachers' Hand Book | | | |
| 7 | STEP UP Chemistry Plus Two<br>Teachers' Hand Book | 500 | 1709/27.01.20 | 21750 |
| | | | ആകെ | 157050 |

പ്രോജക്റ്റ് നിർവഹണത്തിൽ, ട്രഷറിയിൽ നിന്ന് പണം പിൻവലിക്കുന്നതൊഴികെയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തിയത് വിജയഭേരി കോ ഓർഡിനേറ്ററാണ്.

പ്രോജക്റ്റ് നിർവഹണത്തിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

1) സ. ഉ (കൈ) 11/2018/തസ്വഭവ തി : 29.01.2018 നമ്പർ പദ്ധതി മാർഗരേഖ ഖണ്ഡിക 7.6 ൽ, പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക, തുടങ്ങിയ ഗവേഷണാത്മക പ്രോജക്റ്റുകൾ SSA, RMSA, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമാകരുതെന്ന് നിഷ്കർശിച്ചിട്ടുണ്ട്.

10, 12 ക്ലാസുകളിലെ പൊതുപരീക്ഷയെഴുതുന്ന കുട്ടികൾക്ക് വേണ്ടി ഫോക്കസ് ഏരിയ അടിസ്ഥാനമാക്കി സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ വർക്ക്ഷീറ്റുകൾ/ പഠനസഹായി തയ്യാറാക്കി SCERT യുടെ അംഗീകാരത്തോടെ Ssakerala.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് കുട്ടികളും അദ്ധ്യാപകരും പ്രയോജനപ്പെടുത്തേണ്ടതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09.03.2021 ലെ ക്യു.ഐ.പി (1)/9141/2020/ഡിജിഇ നമ്പർ കത്തിൽ അറിയിച്ചിട്ടുള്ളതുമാണ്. ഇത് ലഭ്യമായിരിക്കേയാണ് പ്രോജക്റ്റിന്റെ ഭാഗമായി മേൽപ്പറഞ്ഞ പഠനസഹായികൾ അച്ചടിച്ചത്. വിദ്യാഭ്യാസ ഉപ ഡയറക്ടർ വിജയഭേരി കോ ഓർഡിനേറ്റർക്ക് 17.03.21 ന് നൽകിയ സി 7/19010/2020 നമ്പർ കത്തിൽ, പഠന സാമഗ്രികളുടെ അച്ചടിക്ക് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ഇതിന് വിശദീകരണം നൽകിയിട്ടില്ല. കേരള സ്റ്റേറ്റ് കരിക്കുലം കമ്മിറ്റി ഡയറക്ടർ (SCERT) ക്ക് വിദ്യാഭ്യാസ ഉപ ഡയറക്ടർ അയച്ച സി 7/19010/20 (തിയതി ഇല്ല) നമ്പർ കത്തിൽ, സർക്കാർ അനുമതി ലഭിക്കാതെ ഫോക്കസ് ഏരിയ ആസ്പദമാക്കി സ്റ്റഡി മെറ്റീരിയൽ തയ്യാറാക്കി നൽകിയതിൽ അപാകതകളുണ്ടോ എന്നതിൽ സ്പഷ്ടീകരണം തേടിയെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ല.

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖയായ ജി.ഒ (പി) നമ്പർ 259/2010/തസ്വഭവ തി: 08.11.2010 പ്രകാരം 100000 രൂപയിൽ കൂടുതൽ മതിപ്പു വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ രീതിയാണ് അവലംബിക്കേണ്ടത്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചാണ് അച്ചടി നിർവഹിച്ചത്.

കീർത്തി ഓഫ്സെറ്റ് പ്രിന്റേഴ്സ്, കൊണ്ടോട്ടി, പ്രഭ പ്രിന്റിംഗ് വർക്സ് പുളിക്കൽ, മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസ് കൊണ്ടോട്ടി എന്നീ മൂന്ന് സ്ഥാപനങ്ങളുടെ ക്വൊട്ടേഷൻ ഫയലിലുണ്ട്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ജില്ലാ പഞ്ചായത്ത് പ്രസ്സിനാണ് വർക്ക് നൽകിയത്.

വിജയഭേരി കോ ഓർഡിനേറ്റർ തയ്യാറാക്കി ഒപ്പുവച്ച ക്വട്ടേഷനുകളുടെ താരതമ്യ പത്രികയിൽ പ്രസ്സുകളുടെ പേരും സ്ഥലവും മാറിയിരിക്കുന്നു. (പ്രീതി ഓഫ്സെറ്റ് പ്രിന്റേഴ്സ് കൊണ്ടോട്ടി എന്നും പ്രഭ പ്രിന്റിംഗ് വർക്സ് കൊണ്ടോട്ടി എന്നുമാണ് പത്രികയിൽ)

ക്വൊട്ടേഷൻ നിരസിക്കപ്പെട്ട കീർത്തി, പ്രഭ എന്നീ പ്രസ്സുകളെ ഓഡിറ്റ് ഫോണിൽ ബന്ധപ്പെട്ടപ്പോൾ അവർ ഇപ്രകാരം ക്വൊട്ടേഷൻ നൽകിയിട്ടില്ലെന്ന് അറിയിച്ചു. ജില്ലാ പഞ്ചായത്ത് പ്രസ്സിന് വർക്ക് ലഭിക്കാൻ പാകത്തിൽ രേഖകൾ ഉണ്ടാക്കിയതാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

3) പ്രോജക്റ്റ് നിർവഹണത്തിന് മുകളിൽ ചെലവഴിച്ച 157050 രൂപയ്ക്കു പുറമേ താഴെ പറയുന്ന 707150രൂപയുടെ ചെലവുകൾ കൂടി നടത്തിയതായി വിജയഭേരി കോ ഓർഡിനേറ്റർ വിദ്യാഭ്യാസ ഉപ ഡയറക്ടറെ അറിയിക്കുകയും ബില്ലുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഡിറ്റ് വർഷം ഈ പണം നൽകിയിട്ടില്ല. തുക പിന്നീട് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നൽകേണ്ടതാണ്.

I) ഭരണസമിതിയുടെ 29.01.21 ലെ 6(7) തീരുമാനപ്രകാരം SSLC തലത്തിൽ 12 വിഷയങ്ങൾക്കും പ്ലസ് ടു തലത്തിൽ 13 വിഷയങ്ങൾക്കും ഫോക്കസ് ഏരിയയെ ആസ്പദമാക്കി സ്റ്റഡി മെറ്റീരിയൽ തയ്യാറാക്കി ക്വട്ടേഷൻ പ്രകാരം ജില്ലാ പഞ്ചായത്ത് പ്രസ്സിൽ അച്ചടിച്ച് BRC കൾ മുഖേന അദ്ധ്യാപകർക്ക് വിതരണം ചെയ്തു. ഇതിന് 658670 രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനം | പ്രസ്സിലെ ബിൽ നം. | തുക |
|---|---|---|---|
| 1 | സ്റ്റഡി മെറ്റീരിയൽ SSLC<br>12 വിഷയങ്ങൾ<br>Teachers' Hand Book | 1919/ 25.02.21 | 344085 |
| 2 | സ്റ്റഡി മെറ്റീരിയൽ പ്ലസ് ടു<br>13 വിഷയങ്ങൾ<br>Teachers' Hand Book | 1921/ 25.02.21 | 314585 |
| | | ആകെ | 658670 |

ഇനോറ ഡിസൈനേഴ്സ് & ഓഫ്സെറ്റ് പ്രിന്റേഴ്സ് പുളിക്കൽ , കീർത്തി ഓഫ്സെറ്റ് പ്രിന്റേഴ്സ് കൊണ്ടോട്ടി, മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസ്സ് കൊണ്ടോട്ടി എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷൻ ഫയലിലുണ്ട്.

മുകളിൽ ക്രമ നം. (1),(2) എന്നിവയിൽ പരാമർശിച്ച അപാകതകൾ ഇവിടെയും നിലനിൽക്കുന്നു.

Ii) 16.02.21 ന് ചേർന്ന ഹൈസ്കൂൾ വിജയഭേരി കോ ഓർഡിനേറ്റർമാരുടെ (60 പേർ) യോഗത്തിൽ ഭക്ഷണം നൽകിയത് - 6480 രൂപ

(ബിൽ നം. 1490/ 16.02.21 സിവിൽ സ്റ്റേഷൻ കാന്റീൻ, മലപ്പുറം)

Iii) ഹയർ സെക്കന്ററി E4E (E Material For English Learning) – പ്ലസ് ടു ഇംഗ്ലീഷ് മൂന്ന് യൂണിറ്റുകളിലെ 9 പാഠഭാഗങ്ങൾ വീഡിയോ ചെയ്ത് തയ്യാറാക്കിയത്. ഇതിന് വിവിധ ഹയർ സെക്കന്ററി സ്കൂളുകളിലെ 13 അദ്ധ്യാപകർക്കും ജില്ലാ പഞ്ചായത്തിലെ വിജയഭേരി കോ ഓർഡിനേറ്റർക്കും 6 ദിവസം (2020 July 1,2, Aug 4,5, Sep 8,9) ശില്പശാലയിൽ പങ്കെടുത്തതിന് പ്രതിദിനം 500 രൂപ വീതം ഹോണറേറിയം നൽകിയത് - 42000 രൂപ

പ്രോജക്റ്റിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് സബ്സിഡി മാർഗരേഖയായ സ.ഉ (കൈ) 22/2018 /തസ്വഭവ തി: 14.02.18 നമ്പർ ഉത്തരവിലെ ഖണ്ഡിക 8.10 ൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/27.01.22), ഭരണസമിതി തീരുമാനപ്രകാരമാണ് ഇപ്രകാരം ചെയ്തത് എന്നാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയത്. ഈ മറുപടി അംഗീകരിക്കുന്നില്ല.

പദ്ധതി നിർവഹണത്തിലെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വിജയഭേരി പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 157050 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 വിജയഭേരി വിദ്യാഭ്യാസ പദ്ധതി 2019-20 നിർവഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചു

നിർവഹണോദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം

പ്രോജക്ട് : വിജയഭേരി വിദ്യാഭ്യാസ പദ്ധതി 2019-20

പ്രോജക്ട് നം. : SO 1296/21

അടങ്കൽ : 20,00,000 രൂപ (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് : 1993308 രൂപ (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം)

എല്ലാ വിദ്യാർത്ഥികൾക്കും ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്താനും എസ്.എസ്.എൽ.സി, പ്ലസ് ടു റിസൾട്ട് മെച്ചപ്പെടുത്താനും ഉദ്ദേശിച്ചുള്ള പദ്ധതിയാണ് വിജയഭേരി. ഈ പദ്ധതിക്ക് 1993308 രൂപ താഴെ ചേർത്ത പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

പട്ടിക 1

| ക്രമ നം. | ട്രഷറി ബിൽ നമ്പർ/തിയതി | തുക | ചെലവിനം |
|---|---|---|---|
| 1 | 5/13.05.20 | 349605 | തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയിലെ വിവിധ ഹൈസ്കൂളുകളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ക്യാമ്പ് നടത്തിയത്. |
| 2 | 6/13.05.20 | 438750 | മലപ്പുറം വിദ്യാഭ്യാസ ജില്ലയിലെ വിവിധ ഹൈസ്കൂളുകളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ക്യാമ്പ് നടത്തിയത്. |
| 3 | 7/13.05.20 | 345262 | തിരൂർ വിദ്യാഭ്യാസ ജില്ലയിലെ വിവിധ ഹൈസ്കൂളുകളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ക്യാമ്പ് നടത്തിയത്. |
| 4 | 8/13.05.20 | 179810 | വണ്ടൂർ വിദ്യാഭ്യാസ ജില്ലയിലെ വിവിധ ഹൈസ്കൂളുകളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ക്യാമ്പ് നടത്തിയത്. |
| 5 | 9/13.05.20 | 371633 | വിവിധ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രത്യേക കോച്ചിംഗ് ക്യാമ്പ് നടത്തിയത്. |
| 6 | 12/13.05.20 | 308248 | വിവിധ പരിശീലനങ്ങൾ - ഹോണറേറിയം / ഭക്ഷണച്ചെലവ്. |
| | ആകെ | 1993308 | |

മേൽ ക്രമ നമ്പർ (6) പ്രകാരം 308248 രൂപ ചെലവഴിച്ചത് വിവിധ പരിശീലനങ്ങൾ, ശില്പശാലകൾ, മൊഡ്യൂളുകൾ/ ഇ- കണ്ടന്റ് നിർമ്മാണം എന്നിവയ്ക്ക് വേണ്ടിയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 2

| ക്രമ നം. | ചെലവിനം | തുക |
|---|---|---|
| 1 | VHSE ഫിസിക്സ്, കെമിസ്ട്രി, മാത്സ്, അക്കൗണ്ടൻസി, ഇംഗ്ലീഷ് വിഷയങ്ങൾക്ക് ബ്രിഡ്ജ് കോഴ്സ് മെറ്റീരിയൽ നിർമ്മാണ ശില്പശാല (2019 മെയ് 31, ജൂൺ 1) യിൽ പങ്കെടുത്ത 10 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (10x500x2)<br>ജില്ലാ പഞ്ചായത്ത് വിജയഭേരി കോ ഓർഡിനേറ്റർ ശ്രീ. ടി. സലീമിന് ഹോണറേറിയം (500x2) | 10000<br>1000 |
| 2 | 25.06.19 ന് ഹൈസ്കൂൾ വിജയഭേരി കോ ഓർഡിനേറ്റർമാർക്ക് പരിശീലനം നൽകിയ പരിശീലകന് ഹോണറേറിയം<br>പങ്കെടുത്തവർക്ക് ഭക്ഷണം | 2000<br>24528 |
| 3 | 22.07.19 ന് ഹൈസ്കൂളുകളിൽ പുതുതായി നിയമിക്കപ്പെട്ട കൗൺസിലേഴ്സിന് വിജയഭേരി പ്രത്യേക പരിശീലനം നൽകിയ പരിശീലകന് ഹോണറേറിയം<br>പങ്കെടുത്തവർക്ക് ഭക്ഷണം | 2000<br>4256 |
| 4 | 05.07.19 ന് വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം- ഭക്ഷണം | 5712 |
| 5 | മുൻ വർഷം 80% ൽ താഴെ റിസൾട്ടുള്ള ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ യോഗവും പരിശീലനവും (06.08.19 ന്) പരിപാടിയിലെ പരിശീലകന് ഹോണറേറിയം<br>പങ്കെടുത്തവർക്ക് ഭക്ഷണം | 2000<br>4224 |
| 6 | എട്ടാം ക്ലാസ് സാമൂഹ്യ ശാസ്ത്ര പാഠഭാഗങ്ങളുടെ ഇ- കണ്ടന്റ് (CD) തയ്യാറാക്കലിന്<br>(ഇംഗ്ലീഷ് മീഡിയം- 2019 ഓഗസ്റ്റ് 23,24,25,28 മലയാളം മീഡിയം- 2019 സെപ്തംബർ 7,8,9,21) പങ്കെടുത്ത 7 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (7x500x8)<br>ജില്ലാ പഞ്ചായത്ത് വിജയഭേരി കോ ഓർഡിനേറ്റർ ശ്രീ. ടി. സലീമിന് ഹോണറേറിയം (500x4)<br>CD Designing, Writing | 28000<br>2000<br>19360 |
| 7 | ഹയർ സെക്കന്ററി അദ്ധ്യാപക കൈപുസ്തകങ്ങൾ (Step-Up) നിർമ്മാണ ശില്പശാലയിൽ (പ്ലസ് വൺ ഇംഗ്ലീഷ് -2019 സെപ്തംബർ 7,14,21,28) പങ്കെടുത്ത 9 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം | 18000<br>18000 |

| | | |
|---|---|---|
| | ഹോണറേറിയം (9x500x4)<br>പ്ലസ് ടു ഇംഗ്ലീഷ് കൈപുസ്തക നിർമ്മാണ ശില്പശാലയിൽ(2019 ഒക്ടോബർ 12,19,25,26) പങ്കെടുത്ത 9 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (9x500x4)<br>പ്ലസ് വൺ കെമിസ്ട്രി (2019 നവം 2,3,9,10)കൈപുസ്തക നിർമ്മാണ ശില്പശാലയിൽ പങ്കെടുത്ത 8 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (8x500x4)<br>പ്ലസ് ടു കെമിസ്ട്രി (2019 നവം 30, ഡിസം 1,7,8) കൈപുസ്തക നിർമ്മാണ ശില്പശാലയിൽ പങ്കെടുത്ത 8 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (8x500x4)<br>ജില്ലാ പഞ്ചായത്ത് വിജയഭേരി കോ ഓർഡിനേറ്റർ ശ്രീ. ടി. സലീമിന് ഹോണറേറിയം (500x16) | 16000<br>16000<br>8000 |
| 8 | പ്ലസ് ടു എക്കണോമിക്സ് അദ്ധ്യാപക കൈപുസ്തകം (Step-Up) നിർമ്മാണ ശില്പശാലയിൽ (2019 നവം 2,9,10,16) പങ്കെടുത്ത 3 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (3x500x4) | 6000 |
| 9 | 13.11.19 ന് ഹൈസ്കൂൾ സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർക്ക് എട്ടാം ക്ലാസിലെ ഇ- കണ്ടന്റ് പരിചയപ്പെടുത്താനുള്ള പരിശീലനം നൽകിയ പരിശീലകർക്ക് ഹോണറേറിയം 2x2000<br>പങ്കെടുത്തവർക്ക് ഭക്ഷണം | 4000<br>23296 |
| 10 | 14.11.19 ന് ഹയർ സെക്കന്ററി പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപകർക്ക് പരിശീലനം നൽകിയ പരിശീലകർക്ക് ഹോണറേറിയം 2x2000<br>പങ്കെടുത്തവർക്ക് ഭക്ഷണം | 4000<br>12096 |
| 11 | SSLC ഇംഗ്ലീഷ് അദ്ധ്യാപക കൈപുസ്തകം (Step-Up) നിർമ്മാണ ശില്പശാലയിൽ<br>(2019 ഡിസം 26,27,28,29) പങ്കെടുത്ത 8 അദ്ധ്യാപകർക്ക് ദിവസേന 500 രൂപ വീതം ഹോണറേറിയം (8x500x4)<br>ജില്ലാ പഞ്ചായത്ത് വിജയഭേരി കോ ഓർഡിനേറ്റർ ശ്രീ. ടി. സലീമിന് ഹോണറേറിയം (500x4) | 16000<br>2000 |
| 12 | 12.12.19 ന് ഹയർ സെക്കന്ററി എക്കണോമിക്സ് അദ്ധ്യാപകർക്ക് പരിശീലനം നൽകിയ പരിശീലകർക്ക് ഹോണറേറിയം 2x2000<br>പങ്കെടുത്തവർക്ക് ഭക്ഷണം | 4000<br>18592 |
| 13 | 06.01.20 ന് ഹയർ സെക്കന്ററി ഇംഗ്ലീഷ് അദ്ധ്യാപകർക്ക് പരിശീലനം നൽകിയ<br>പരിശീലകർക്ക് ഹോണറേറിയം 2x2000<br>പങ്കെടുത്തവർക്ക് ഭക്ഷണം | 4000<br>13536 |
| 14 | 14.01.20 ന് ഹൈസ്കൂൾ ഇംഗ്ലീഷ് അദ്ധ്യാപകർക്ക് പരിശീലനം നൽകിയ<br>പരിശീലകർക്ക് ഹോണറേറിയം 2x2000<br>പങ്കെടുത്തവർക്ക് ഭക്ഷണം | 4000<br>15648 |
| | ആകെ | 308248 |

പ്രോജക്ട് നിർവഹണത്തിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

(1) പട്ടിക 2 ൽ ക്രമ നമ്പർ (1),(6),(7),(8),(11) എന്നിവയിൽ പ്രതിപാദിച്ച വിധം 141000 രൂപ, ശില്പശാലയിൽ പങ്കെടുത്ത അദ്ധ്യാപകർക്കും ജില്ലാ പഞ്ചായത്ത് വിജയഭേരി കോ ഓർഡിനേറ്റർക്കും ഹോണറേറിയം നൽകാനാണ് ചെലവഴിച്ചത്. ഇത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് സബ്സിഡി മാർഗരേഖയായ സ.ഉ (കൈ) 22/2018/ തസ്വഭവ തി: 14.02.18 നമ്പർ ഉത്തരവിലെ ഖണ്ഡിക 8.10 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ (ഇ) വകുപ്പിന്റെ 14.09.2011 ലെ സ.ഉ (സാധാ) 3917/2011/പൊ.വി നമ്പർ ഉത്തരവു പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ, വിജയഭേരി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും നിയമിതനായ ജില്ലാ കോ ഓർഡിനേറ്റർക്ക് പ്രത്യേകം ഹോണറേറിയത്തിന് അർഹതയില്ല. സർക്കാർ നിർദ്ദേശം ലംഘിച്ച് ഹോണറേറിയം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(2) പട്ടിക 2 ലെ ക്രമ നമ്പർ (6) ൽ പരാമർശിച്ച പ്രകാരം, എട്ടാം ക്ലാസിലെ സാമൂഹ്യ ശാസ്ത്ര പാഠഭാഗങ്ങളുടെ ഇ- കണ്ടന്റ് (CD) തയ്യാറാക്കിയതിന് 49360 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇംഗ്ലീഷ് മീഡിയത്തിനും മലയാള മീഡിയത്തിനും നാലു ദിവസം വീതം അദ്ധ്യാപകർ ശില്പശാല നടത്തിയാണ് CD തയ്യാറാക്കിയത്. ഇതിന് ഹോണറേറിയമായി 30000 രൂപയും CD യ്ക്ക് 19360 രൂപയും ചെലവഴിച്ചു. ഈ CD കൾ ഓഡിറ്റ് പരിശോധിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ SAMAGRA പോർട്ടലിലെ Edutainment, E- Resources, General Resources, Question Pool തുടങ്ങിയ വിന്റോകളിൽ ലഭ്യമായ ഉള്ളടക്കങ്ങളാണ് CD യിലുമുള്ളത്. ഈ ഉള്ളടക്കങ്ങൾ സമൂഹ മാധ്യമങ്ങളിലൂടെ ഷെയർ ചെയ്ത് സ്മാർട്ട് ക്ലാസ് മുറികളിൽ ഉപയോഗപ്പെടുത്താമെന്നിരിക്കേ, ശില്പശാല സംഘടിപ്പിച്ച് CD തയ്യാറാക്കിയതും അത് പരിചയപ്പെടുത്താൻ അദ്ധ്യാപകർക്ക് പരിശീലനം നടത്തിയതും (പട്ടിക 2 ക്രമ നമ്പർ 9) അനാവശ്യ ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. സ.ഉ (കൈ) 11/2018/തസ്വഭവ തി: 29.01.18 നമ്പർ പദ്ധതി മാർഗരേഖ ഖണ്ഡിക 7.6 ൽ, പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ SSA, RMSA, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമാകരുതെന്ന നിർദ്ദേശവും ലംഘിക്കപ്പെട്ടു.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/05.02.22) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, വിജയഭേരി പ്രോജക്ടിന് സർക്കാരിന്റെയും ജില്ലാ പഞ്ചായത്തിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്നും സബ്സിഡി മാർഗരേഖയെ കുറിച്ചുള്ള അറിവില്ലായ്മ മൂലമാണ് അദ്ധ്യാപകർക്ക് ഹോണറേറിയം വിതരണം ചെയ്തതെന്നും അറിയിച്ചു.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഹോണറേറിയം നൽകിയ തുക 141000 രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി നിർവഹണത്തിലെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വിജയഭേരി പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 സോളാർ സംവിധാനം അപ്ഗ്രഡേഷൻ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2013-14 വർഷം നടപ്പിലാക്കിയ 838/14 പ്രോജക്ടിന്റെ ഭാഗമായിട്ടാണ് ജില്ലാ പഞ്ചായത്ത് ഓഫീസിൽ 18.5 ലക്ഷം രൂപ ചെലവ് ചെയ്ത് സോളാർ സംവിധാനം നിലവിൽ വരുന്നത്. (2013-14 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 ). ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 1787/21 പ്രോജക്ടിന്റെ ഭാഗമായി 797160 രൂപ മുൻകൂർ ആയി ചെലവ് ചെയ്തിട്ടുണ്ട്. പ്രോജക്ടിനായി തനത് ഫണ്ട് 21 ലക്ഷം രൂപയാണ് വകയിരുത്തിയത്. നിലവിലെ 18 Kwp ഓഫ് ലൈൻ സോളാർ സംവിധാനം 40 Kwp യായി ഉയർത്തി വൈദ്യുതി ബോർഡിന്റെ ഓൺഗ്രീഡ് രീതിയിലേക്ക് മാറ്റുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നത്.

ഭരണസമിതിയുടെ 3/13- 15.06.2020 തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രോജക്ട് തയ്യാറാക്കുന്നത് . നിലവിലെ ഓഫ് ഗ്രിഡ് സോളാർ സംവിധാനം പ്രവർത്തന രഹിതമാണ് എന്നും ബാറ്ററിയിൽ പ്രവർത്തിക്കുന്ന നിലവിലെ സംവിധാനത്തിന് പകരം വൈദ്യുതി ബോർഡിന്റെ ബാറ്ററി രഹിത പ്ലാന്റ് സ്ഥാപിച്ചാൽ ലാഭകരമായിരിക്കും എന്നും ഭരണ സമിതി വിലയിരുത്തിയിട്ടുണ്ട്. സാധ്യത പരിശോധിക്കാൻ കെൽട്രോണിനെയാണ് ഭരണസമിതി ചുമതലപ്പെടുത്തുന്നത്. ഭരണസമിതിയുടെ 34/1 – 12.01.2021 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന് അഡ്വാൻസ് തുക അനുവദിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിനും തീരുമാനിച്ചു. കെൽട്രോണിന്റെ 30.10.2021 ലെ കത്തിൽ പ്രവൃത്തികൾ എല്ലാം പൂർത്തിയാക്കിയതായി അറിയിച്ചിട്ടുണ്ട്. 24kwp സോളാർ പാനൽ , 40kva ഓൺഗ്രിഡ് ഇൻവെർട്ടർ എന്നിവ വിജയകരമായി സ്ഥാപിച്ചതായും കെൽട്രോൺ അറിയിച്ചിട്ടുണ്ട്. അവശേഷിച്ച തുക നൽകുന്നതിന് 1120/22 പ്രോജക്ട് തയ്യാറാക്കി 1302840 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

സോളാർ അപ്ഗ്രേഡേഷൻ പൂർത്തിയായിട്ടുണ്ട് എന്നും ചെലവഴിച്ച തുക ഫലപ്രദമായി വിനിയോഗിക്കാനായിട്ടുണ്ട് എന്നും പ്രോജക്ടിന്റെ ഗുണഫലങ്ങൾ ലഭ്യമാവുന്നുണ്ട് എന്നും വൈദ്യുതി ബിൽ കുറക്കാനായിട്ടുണ്ട് എന്നും സെക്രട്ടറി അറിയിച്ചു. ഈ സംവിധാനം ഫലപ്രദമായി നിലനിർത്താൻ ആവശ്യമായ മോണിറ്ററിങ്ങ് , തുടർ പ്രവർത്തനങ്ങൾ (Follow Up Actions) നടത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 52/28.06.2022 പ്രകാരം ഈ വിഷയം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-30 കൺവീനർക്ക് ലാഭ വിഹിതം അനുവദിച്ചു

ഗുണഭോക്തൃ സമിതികൾ മുഖേന നിർവഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ, കരാറുകാർക്ക് നൽകുന്ന ലാഭ വിഹിതം നൽകാൻ പാടില്ല. എന്നാൽ അസി. എക്സി. എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്ട് നം. S 1596/21- അരീക്കോട് GHSS (ഹൈസ്കൂൾ വിഭാഗം) ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയുടെ എക്സ്ട്രാ ഐറ്റം-2, സിമന്റ് കോൺക്രീറ്റ് ഫ്ലോറിംഗ് 1:2:4 ചെയ്തതിന് DSR സബ് ഹെഡ് 4.1.3 പ്രകാരം 7523.98/cum എന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും(EST No. 2018/128308, TS No. 105229/2018-2019) അപ്രകാരം തുക നൽകുകയും ചെയ്തു. കരാറുകാരന്റെ ലാഭവും ഓവർഹെഡും 15% ഉൾപ്പെടുത്തിയ നിരക്കാണിത്. കൺവീനർ വർക്കിന് 7.5% ഓവർഹെഡ് ചാർജാണ് അനുവദിക്കേണ്ടത്. ആയതിനാൽ, ഈയിനത്തിന് അനുവദനീയമായ നിരക്ക് 7033.31/cum ആണ്. ഈ പ്രവൃത്തിയിലെ മറ്റെല്ലാ ഇനങ്ങൾക്കും 7.5% ഓവർഹെഡ് ചാർജാണ് നൽകിയിരിക്കുന്നത്.

തെറ്റായ നിരക്ക് അനുവദിച്ചതിനാൽ 4602 രൂപ കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

4.1.3- PCC 1:2:4 ചെയ്തത് : 9.379 Cum (M Book 4494/18-19 Page 7)

7523.98/cum നിരക്കിൽ നൽകിയ തുക : 70567.41 (M Book 4494/18-19 Page 26&27)

7033.31/cum നിരക്കിൽ നൽകാവുന്ന തുക : 65965.41

അധികം നൽകിയ തുക : 4602 രൂപ

ട്രഷറി ബിൽ നം. 1) 360/20-21/20.05.20 (ഒന്നാം പാർട്ട് ബിൽ)

2) 730/20-21/07.01.21 (ഫൈനൽ ബിൽ)

ഫണ്ട് : വികസന ഫണ്ട് ജനറൽ

കൺവീനർ : ശ്രീ. ചന്ദ്രസേനൻ. കെ.എസ്, ഹെഡ്മാസ്റ്റർ, GHSS, അരീക്കോട്

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 22/13.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 4602 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ സൂപ്രണ്ട് നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 740/21 മുഖേന പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്ക് ഓങ്കോളജി, പാലിയേറ്റീവ്, ഡയാലിസിസ്, വൃക്ക മാറ്റി വെച്ചവർ തുടങ്ങി വിവിധ വിഭാഗങ്ങളിലേക്കുള്ള മരുന്നുകൾ വാങ്ങുന്നതിന് വികസന ഫണ്ടിൽ (പൊതു വിഭാഗം- സാധാരണ വിഹിതം) നിന്ന് 5142370 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ട്രഷറി ബിൽ നം. / തിയതി | തുക | സ്ഥാപനം |
|---|---|---|---|
| 1 | 20150152031000112478/ 28.04.20 | 185552 | ലാബ് എക്സ്, തിരുവനന്തപുരം |
| 2 | 4/ 14.07.20 | 1081336 | KMSCL കാരുണ്യ കമ്യൂണിറ്റി ഫാർമസി, മഞ്ചേരി |
| 3 | 11/ 11.09.20 | 2111319 | സപ്ലൈകോ മാവേലി സ്റ്റോർ, ഒലവക്കോട് |
| 4 | 13/ 12.11.20 | 244446 | സപ്ലൈകോ മാവേലി സ്റ്റോർ, ഒലവക്കോട് |
| 5 | 16/ 30.01.21 | 1206586 | KMSCL കാരുണ്യ കമ്യൂണിറ്റി ഫാർമസി |
| 6 | 19/ 30.01.21 | 313131 | KMSCL കാരുണ്യ കമ്യൂണിറ്റി ഫാർമസി |

| | |
|---|---|
| ആകെ | 5142370 |

ഈ തുകയിൽ നിന്ന് എത്ര രൂപയുടെ മരുന്നുകൾ സ്ഥാപനത്തിൽ ലഭിച്ചു എന്നതിന്റെ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ലഭ്യമായ മരുന്നുകളുടെ ഇൻവോയ്സ് ഹാജരാക്കാനാവശ്യപ്പെട്ടപ്പോൾ ഹാജരാക്കിയ മിക്ക ഇൻവോയ്സുകളും, മുൻകൂർ തുക നൽകുന്നതിനു മുമ്പുള്ള തീയതികളിലേതായിരുന്നു.

മുൻകൂർ നൽകിയതിനു ശേഷം, താഴെ പറയുന്ന നാല് ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകളാണ് സ്ഥാപനത്തിൽ ലഭിച്ചത്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/ തിയതി | തുക | സ്ഥാപനം |
|---|---|---|---|
| 1 | 5989/ 10.03.21 | 15957 | KMSCL |
| 2 | 5990/ 10.03.21 | 105147 | KMSCL |
| 3 | 747/ 28.04.21 | 51850 | KMSCL |
| 4 | 753/ 28.04.21 | 295054 | KMSCL |
| | ആകെ | 468008 | |

ഇതു തന്നെ മുകളിൽ പരാമർശിച്ച തുകയുടെ മരുന്നുകളാണോ, മുൻവർഷങ്ങളിൽ മുൻകൂർ നൽകിയതിൽ പെട്ടതാണോ എന്നും വ്യക്തമല്ല.

സർക്കാർ ഏജൻസികളായ KMSCL, സപ്ലൈകോ എന്നീ സ്ഥാപനങ്ങൾക്കു പുറമേ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നുണ്ട്. മരുന്നു വിതരണ സ്ഥാപനങ്ങൾക്ക് നാളിതുവരെ നൽകിയ മുൻകൂറിന്റെയും ലഭിച്ച മരുന്നുകളുടെയും ഇനി ലഭിക്കാനുള്ളവയുടെയും വിശദ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ഇൻവോയ്സ് ഫയൽ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി (നം. 11/04.01.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 5142370 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-32 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ച പ്രവൃത്തികളിൽ അവശേഷിക്കുന്ന തുക ക്രമീകരിച്ചില്ല

2017-18 മുതൽ 2019-20 വരെ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കി തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയെങ്കിലും ഡെപ്പോസിറ്റ് ചെയ്ത തുകയിൽ അവശേഷിക്കുന്ന തുക നാളിത് വരെ വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭ്യമാക്കുകയോ മറ്റ് പ്രവൃത്തികൾക്ക് ക്രമീകരിച്ചതായോ കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | പ്രോജക്റ്റ് നമ്പർ/പേര് | വൗച്ചർ നമ്പർ/തീയതി | ഡെപ്പോസിറ്റ് ചെയ്ത തുക | വിനിയോഗിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | 1682/18 ത്വരിത കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ - ചൂണ്ടിക്കൽ - പാലപ്പെട്ടി റോഡ് | 21701149/ 15-02-2018 | 10,00,000 | 8,73,767 | 1,26,233 |
| 2 | 1830/18 ത്വരിത കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ - തിരുനാവായ -വാർഡ്-3,4 | 21701340/ 16-03-2018 | 13,00,000 | 11,44,298 | 1,55,702 |
| 3 | 91/18 അറളംകാട് കുടിവെള്ള പദ്ധതി | 21701618/ 28-03-18 | 10,00,000 | 8,85,673 | 1,14,327 |
| 4 | 1772/19 തിരുനാവായ കുടിവെള്ള പദ്ധതി വാർഡ്-5,8,11,13 | 21801238/ 20-10-2018 | 15,00,000 | 12,00,124 | 2,99,876 |
| 5 | 1279/19 തിരുനാവായ കുടിവെള്ള പദ്ധതി- വിവിധ എസ്.സി കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ - മാറാക്കര | 21800811/20-10-2018 | 20,00,000 | 16,72,855 | 3,27,145 |
| 6 | 851/19 തിരുനാവായ കുടിവെള്ള പദ്ധതി- വാർഡ് 1,2,3,20,21,22,23 – തിരുനാവായ | 21801235/20-10-2018 | 24,50,000 | 20,78,559 | 3,71,441 |
| 7 | 1764/19 ആതവനാട് ഗ്രാമ പഞ്ചായത്തിലെ 2,4 വാർഡുകളിൽ കുടിവെള്ള പദ്ധതി | 21801242/ 18-11-18 | 10,40,000 | 8,68,001 | 1,71,999 |

| | | | | | |
|---|---|---|---|---|---|
| 8 | 1773/19 ചെരിച്ചിക്കാവ്-വാഴത്തോട് ഭാഗത്തേക്ക് ചീക്കോട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 21801243/1 8-11-18 | 10,00,000 | 8,21,913 | 1,78,087 |
| 9 | 848/19 ചീക്കോട് കുടിവെള്ള പദ്ധതി വാർഡ് - 15,17,18 പുളിക്കൽ | 21801240/ 14-11-18 | 20,00,000 | 17,47,400 | 2,52,600 |
| 10 | 1084/19 ഹാജിയാർപള്ളി - കഴിഞ്ഞോളം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 21801241/ 14-11-18 | 10,00,000 | 8,96,933 | 1,03,067 |
| 11 | 708/19 ഇരിങ്ങാവൂർ തിരുത്തുമ്മൽ ഭാഗത്തേക്ക് കുടിവെള്ള പദ്ധതി | 21801246/ 06-12-18 | 5,00,000 | 2,78,024 | 2,21,976 |
| 12 | 550/20 വടക്കാങ്ങര ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 21900749/ 26-07-19 | 10,00,000 | 8,93,277 | 1,06,723 |
| 13 | 651/20 ഉന്നംതല കുടിവെള്ള പദ്ധതിക്ക് മോട്ടോർ- കുട്ടിലങ്ങാടി | 21901271/ 15-10-19 | 8,50,000 | 4,75,030 | 3,74,970 |
| | | ആകെ | 16640000 | 13835854 | 2804146 |

താഴെ രേഖപ്പെടുത്തിയ പട്ടികയിൽ കാണിച്ചത് പ്രകാരമുള്ള തുക 28,04,146 രൂപ തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കാനും അല്ലാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കാനുമാവശ്യപ്പെട്ട് നൽകിയ 45/17-06-2022 ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 1-33 കാപ്പിൽ കാരാട് സ്കൂൾ കെട്ടിട നിർമാണം. തുക കൂട്ടിയിട്ടതിൽ പിഴവ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ 1523/21 കാപ്പിൽ കാരാട് GHS ക്ലാസ് റൂം നിർമാണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചു. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലിൽ വന്ന പിഴവ് കരാറുകാരന് അധിക തുക നൽകാൻ ഇടയായി. പ്രവൃത്തി സംബന്ധിച്ച മറ്റു വിവരങ്ങൾ, അധികം നൽകിയ തുക എന്നിവ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ചെക്ക് നമ്പർ | 1636836/16.11.2020 | കോസ്റ്റ് ഇൻഡക്സ് | DSR 2016/ 37.25 |
| തുക ഫണ്ട് | 4194297 ( Final Bill ) RMSA | അളവ് പുസ്തകം | 3616/18-19, 4161/18-19, 4465/18-19, 907/19-20 |
| കരാറുകാരൻ | ശ്രീ. അൻവർ സാദത്ത് | ടെണ്ടർ നിരക്ക് | Item Rate |
| സാങ്കേതികാനുമതി | 103160/2017-18 | പ്രൈസ് ഐഡി | 2017/29891 |

തുക കണക്കാക്കിയതിൽ പിഴവ് .

എസ്റ്റിമേറ്റ് ഇനം 22 DSR 13.43.1 പ്രകാരം സ്കൂൾ കെട്ടിടത്തിന്റെ ചുമർ സിമന്റ് പ്രൈമർ ചെയ്യുന്നതിനാണ്. 2823.898 M2 ചെയ്യുന്നതിന് 50.71/m2 നിരക്കിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിന് കരാറുകാരൻ രേഖപ്പെടുത്തിയ തുക 39/m2 നിരക്കിലാണ്.

മേൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.

| അളവ് പുസ്തകം | പേജ് | ചെയ്ത അളവ് |
|---|---|---|
| 3616/18-19 | 72 | 1040.78m2 |
| 907/19-20 | 25 | 1643.42m2 |
| ആകെ | | 2684.2m2 |

ഇതിൽ 1040.78m2 പ്രവൃത്തി മൂന്നാമത്തെ ബിൽ തയ്യാറാക്കിയ സമയത്ത് പരിഗണിക്കുകയും അർഹമായ തുക (1040.78 X 39 = 40590.42) കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കുന്ന സമയത്ത് , 2684.2-1040.78 = 1643.42 എന്ന് രേഖപ്പെടുത്തുന്നതിന് പകരം 1843.42 എന്ന് തെറ്റായി രേഖപ്പെടുത്തിയതായി കാണുന്നു. (അളവ് പുസ്തകം പേജ് 4161 പേജ് 50 കാണുക) ഇപ്രകാരം ക്ലറിക്കൽ അപാകത കാരണം 7800 രൂപ കരാറുകാരന് അധികം നൽകിയതായി വ്യക്തമാവുന്നു. അപാകത ഓഡിറ്റ് എൻക്വയറി 25/10.06.2022 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക 7800 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 1-34 ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചു

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ ടോപ്പ് ബെൽറ്റ് കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തിക്ക് DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളൂ.ഓഡിറ്റ് എൻക്വയറി 34/10.06.2022 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.മേൽ പ്രവൃത്തി ഇനത്തിന് ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം വന്ന അധിക ചെലവിന്റെ വിശദാംശംചുവടെചേർക്കുന്നു.

പ്രോജക്ട് : സ്കൂൾ കുന്ന് പട്ടികജാതി കോളനി ഭവന സുരക്ഷ (മമ്പാട് ഗ്രാമ പഞ്ചായത്ത് ) -1443/21

| | | | |
|---|---|---|---|
| അടങ്കൽ | 983811 രൂപ (Plan SCP) | കരാറുകാരൻ | ശ്രീ. മുഹമ്മദ് അലി. പി.ടി |
| കരാർ | AEE/LSGD-DIV/MPM/504/18-19/07.01.2019 | അളവ് പുസ്തകം | 4470/18-19 |
| ചെലവ് | 983653 | ബിൽ | 286/20-21/11-04-2020 |
| പ്രൈസ് ഐഡി | 2018/108393 | DSR | 2016<br>Cost Index 37.25 |

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് 4.3.1@266.196/m2 | അനുവദിച്ചത് 4.3.2@519.63/m2 | അധികം |
|---|---|---|---|---|
| ഭവന സുരക്ഷ വർക്കിന്റെ ഭാഗമായുള്ള സംരക്ഷണഭിത്തിയുടെ Top Belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി (എസ്റ്റിമേറ്റ് ഇനം (4)<br>( DSR 2016 Cost Index 37.25%) | 63.199 $M^2$ | 16803.09<br>265.876/M2<br>(.12 % Tender Below) | 32800.28<br>519/$M^2$<br>(ക്വോട്ട് ചെയ്ത നിരക്ക് .1 2% Below ER) | 15997 രൂപ |

ഉയർന്ന നിരക്ക് അനുവദിച്ചതിനാൽ കരാറുകാരന് അധികം നൽകിയ 15997 രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 1-34-1 ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ ടോപ്പ് ബെൽറ്റ് കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 5.9.5 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. ഈ ഇനം പ്രവൃത്തിക്ക് DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളൂ. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം വന്ന അധിക ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഒറേങ്ങൽ പള്ളിയാളി എസ്. സി കോളനി ഭവന സുരക്ഷ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് ) -SO1413/21

| | | | |
|---|---|---|---|
| അടങ്കൽ | 1000000 രൂപ (Plan SCP) | കരാറുകാരൻ | ശ്രീ. സഫ്‌വാൻ. പി.പി |
| TS | 117186/2018-19 | അളവ് പുസ്തകം | 794/19-20 |
| ചെലവ് | 620870 | ബിൽ | 896/19-20/11-04-2020 |
| പ്രൈസ് ഐഡി | 2018/129751 | DSR | 2016<br>Cost Index 37.25% |

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് 4.3.1 @ 266.2/m2 | അനുവദിച്ചത് 5.9.5 @ 470.63/m2 | അധികം |
|---|---|---|---|---|
| ഭവന സുരക്ഷ വർക്കിന്റെ ഭാഗമായുള്ള സംരക്ഷണഭിത്തിയുടെ Top Belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി<br>( DSR 2016 Cost Index 37.25%) | 56.35 $M^2$ | 259.539/M2<br>(2.5% Tender Below)<br>= 14625 | 458.829/$M^2$<br>(ക്വോട്ട് ചെയ്ത നിരക്ക് 2.5% Below ER)<br>=25855 | 11230 രൂപ |

അപാകത ഓഡിറ്റ് എൻക്വയറി 27/10.06.2022 മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഉയർന്ന നിരക്ക് അനുവദിച്ചതിനാൽ കരാറുകാരന് അധികം നൽകിയ 11230/-രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 1-35 കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയതാണ് 330/21 ചെമ്പൻകൊല്ലി തീക്കടിക്കുത്ത് കുടിവെള്ള പദ്ധതി. പ്ലാൻ വിഹിതം പൊതു വിഭാഗം ഫണ്ട് ഉപയോഗിച്ച് നിർവഹണം നടത്തിയ പ്രോജക്ടിന് ബിൽ നമ്പർ 682/20-21/08.01.2021 പ്രകാരം 821485 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ ചെമ്പൻകൊല്ലി വാർഡിലാണ് ഈ പ്രവൃത്തി നടക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ , AEE/LSGD/DIV/MPM/271/19-20/16.11.2019 നമ്പർ പ്രകാരമുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ശ്രീ.ആബിദ് കോയ എന്ന കരാറുകാരനാണ് പ്രവൃത്തി നിർവഹിക്കുന്നത്. DSR 2016 കോസ്റ്റ് ഇൻഡക്സ് 31.06% അടിസ്ഥാനമാക്കിയുള്ള 2019/15564 നമ്പർ എസ്റ്റിമേറ്റിന് 72924/19-20 പ്രകാരം സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.) അഞ്ച് ഘടകങ്ങളായിട്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. A.ടാങ്ക് ബേസ്, ടാങ്ക് B.പമ്പിങ്ങ് മെയിൻ C .വിതരണ ലൈൻ D . 5HP മോട്ടോർ E. വൈദ്യുതീകരണം. എന്നാൽ, ടാങ്ക് ബേസ് , ടാങ്ക് , പമ്പിങ്ങ് മെയിൻ, വിതരണ ലൈൻ എന്നിവ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്.

2.) കിണർ ഗ്രാമ പഞ്ചായത്ത് പ്രോജക്ടിൽ ഉൾപെടുത്തി നിർമിക്കുന്നതാണ് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും കിണറിന്റെ ഫോട്ടോ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുമുണ്ട്. എന്നാൽ കിണറിലെ ജല ലഭ്യത സംബന്ധിച്ച് യാതൊരു പരമാർശവും ഫയലിൽ രേഖപ്പെടുത്തി കാണുന്നില്ല.

3.) വൈദ്യുതി കണക്ഷനുവേണ്ടി എസ്റ്റിമേറ്റിൽ മുപ്പതിനായിരം രൂപ ലംപ്സം ആയി ഉൾപെടുത്തിയിട്ടുണ്ട്. എന്നാൽ വൈദ്യുതി ബോർഡിൽ തുക അടവാക്കുകയോ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

4.) വൈദ്യുതി കണക്ഷൻ ലഭ്യമാവാത്തതിനാൽ തന്നെ എസ്റ്റിമേറ്റ് അപ്പൻഡിക്സ് 4 പ്രകാരമുള്ള മോട്ടോർ വാങ്ങിയിട്ടില്ല എന്ന് അളവ് പുസ്തകത്തിൽ നിന്ന് / ഫയലിൽ നിന്ന് വ്യക്തമാവുന്നു. അതേ സമയം, പ്രവർത്തന സജ്ജമല്ലാത്ത കുടിവെള്ള പദ്ധതിക്കായി 15000 ലിറ്റർ ശേഷിയുള്ള പോളിത്തീൻ വാട്ടർ ടാങ്ക് വാങ്ങി സ്ഥാപിച്ചത് അനുചിതമാണ്.

ഈ പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 28/10.06.2022 മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-36 കരിങ്കൽ വർക്കിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് നോൺ റോഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ അഞ്ചച്ചവിടി സ്കൂൾ പുനരുദ്ധാരണം 1886/21 എന്ന പ്രോജക്ടിന്റെ ഭാഗമായി ഫൗണ്ടേഷന്റെ മുകളിൽ കരിങ്കൽ വർക്ക് (Randon Ruble Work) ചെയ്തതിന് DSR ഡാറ്റ 7.2.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് 7.1.1. പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. ഈ നിരക്കാണ് ജില്ലാ പഞ്ചായത്തിന്റെ മറ്റ് പ്രവൃത്തികളിൽ നൽകി വരുന്നതും. തെറ്റായ നിരക്ക് നൽകിയതിനാൽ 15385 രൂപ കരാറുകാരന് അധികം നൽകിയതായി വ്യക്തമാവുന്നു . ഓഡിറ്റ് എൻക്വയറി നമ്പർ 31/10.06.2022 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| അഞ്ചച്ചവിടി സ്കൂൾ പുനരുദ്ധാരണം 1886/21 (MG-NR)<br>കൺവീനർ. ശ്രീമതി. ഏലിയാമ്മ. പി.ജെ<br>ബിൽ 795/10.02.2021 തുക 123588<br>കരാർ AEE/LSGD-DIV/MPM/584/18-19/04.02.2019<br>അളവ് പുസ്തകം 4333/18-19, 4338/18-19<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 31.06%<br>Est 2018/45851 - TS 10628/18-19 | 14.46 M3 | 88959.8<br>@6152.13/cum | 73574.5<br>@5088.14/cum | 15385 |

അധികം നൽകിയ തുക 15385 രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 1-37 എയ്ഡഡ് സ്കൂളുകളിലെ കുടിവെള്ള പദ്ധതി /ടോയ്‌ലെറ്റ് നിർമാണം - അധികാര പരിധിയിൽ പെടാത്തത്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ജില്ലാ പഞ്ചായത്ത് പരിധിയിലെ എയ്ഡഡ് സ്കൂളുകൾക്ക് കുടിവെള്ള / ടോയ്‌ലെറ്റ് സൗകര്യം നിർമിച്ച് നൽകുന്നതിന് നടപ്പിലാക്കിയ പ്രൊജക്ടുകൾ പ്രകാരം തൻവർഷം ജില്ലാ പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | പ്രോജക്ട് | ഫണ്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 74/21 AMLP സ്കൂൾ ചിലവിൽ കുടിവെള്ള പദ്ധതി-പൊൻമുണ്ടം<br>കരാറുകാരൻ - ശ്രീ. സമീർ ഹൈദർ<br>പ്രൈസ് ഐഡി : 2018/55049<br>TS : 117204/2018-19<br>കരാർ : AEE/LSGD-DIV/MPM/076/19-20 /17.07.2019 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 700000 | 393323<br>ബിൽ : 508/20-21 /13.08.2020 |
| 2 | 1219/21 അരീക്കോട് സുല്ലമുസലാം ഓറിയന്റൽ ഹയർ സെക്കണ്ടറി സ്കൂൾ - ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് . അരീക്കോട്<br>കൺവീനർ - ശ്രീ. സി.പി. അബ്ദുൽ കരീം (ഹെഡ് മാസ്റ്റർ)<br>പ്രൈസ് ഐഡി : 2017/39570<br>TS : 70495/2017-18 | വികസന ഫണ്ട്. പൊതു വിഭാഗം | 1000000 | 850675<br>ബിൽ : 301/20-21 /11.04.2020 |
| 3 | 80/21 PPTM ചേറൂർ ഹയർ സെക്കണ്ടറി - ടോയ്‌ലറ്റ് ബ്ളോക്ക്. കണ്ണമംഗലം<br>കൺവീനർ - ശ്രീ. അബ്ദുൽ മജീദ് (ഹെഡ് മാസ്റ്റർ)<br>പ്രൈസ് ഐഡി : 2018/51993<br>TS : 97736/2018-19 | വികസന ഫണ്ട്. പൊതു വിഭാഗം | 1000000 | 960507<br>ബിൽ : 1)299/19-20 /06.02.20-906507<br>2)87/20-21 /23.04.20-54000 |
| 4 | 1342/21 AMLPS കുട്ടവാലത്തൂർ- ടോയ്‌ലറ്റ് ബ്ളോക്ക്. നന്നമ്പ്ര | വികസന ഫണ്ട്. പൊതു വിഭാഗം | 500000 | 445520<br>ബിൽ : 1)121/20-21 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ - ശ്രീ. കോയക്കുട്ടി<br>പ്രൈസ് ഐഡി : 2018/132976<br>TS : 117232/2018-19 | | | /28.04.20-100000<br>2)1201/20-21<br>/27.03.21-345520 |
| | | | ആകെ | 2650025 |

പ്രൊജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

I) സർക്കാരിന്റെ അനുമതിയില്ലാതെ എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമിച്ചുനൽകി .

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 173 -ാം വകുപ്പ് (1) -ാം ഉപവകുപ്പ് അഞ്ചാം പട്ടിക പ്രകാരം വിദ്യാഭ്യാസ മേഖലയിൽ മേഖലാടിസ്ഥാനത്തിലുള്ള ഏഴ് ചുമതലകളിൽ സർക്കാർ ഹൈസ്കൂളുകളുടെ , ഹയർ സെക്കണ്ടറി സ്കൂളുകളുടെ, സാങ്കേതിക സ്കൂളുകളുടെ / പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പാണ് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ ഉള്ളത്. നിയമ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയില്ലലാത്ത മേഖലയിൽ ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാറിന്റെ അനുമതി ആവശ്യമാണ്. എന്നാൽ ഈ അനുമതി നേടിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 ഖണ്ഡിക 7.6 പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ പശ്ചാത്തല വികസന പ്രൊജക്ടുകൾ അവയുടെ സമ്മതത്തോടെ മാത്രമെ ബ്ലോക്ക്-ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവൂ എന്നും ഈ ഉത്തരവിൽ വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.

സർക്കാർ സ്കൂളുകൾ മാത്രമാണ് ഇത്തരത്തിൽ ഗ്രാമ, ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ളത്. ആയതിനാൽ തന്നെ സർക്കാർ സ്കൂളുകളുടെ പശ്ചാത്തല വികസന പ്രൊജക്ടുകൾ മാത്രമെ മേൽ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാനാവൂ.

2) കുടിവെള്ള ലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല .

ജില്ലാ പഞ്ചായത്ത് പരിധിയിലെ എയ്ഡഡ് സ്കൂളുകളിൽ കുടിവെള്ള സൗകര്യം ഒരുക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കുമ്പോൾ ജില്ലായിലെ ഓരോ സ്കൂളുകളെയും സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തി അവയുടെ ആവശ്യകത നിർണയിക്കേണ്ടതായിരുന്നു. ഇത്തരത്തിൽ ഒരു വിവര ശേഖരണം നടത്തിയിട്ടില്ല. പഠനം നടത്താതെ സർക്കാർ സ്കൂളുകൾ ഇല്ലാത്ത പൊൻമുണ്ടം ഗ്രാമ പഞ്ചായത്തിലെ ഒരു എയ്ഡഡ് എൽ. പി സ്കൂളിനെ മാത്രം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ് എന്ന് വ്യക്തമല്ല.

3) മാനേജ്മെന്റ് കമ്മിറ്റിയുടെ സമ്മതം നേടിയിട്ടില്ല .

എയ്ഡഡ് സ്കൂളിൽ നിർമാണ പ്രവർത്തനം നടത്തണം എന്ന് ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. എയ്ഡഡ് സ്കൂൾ മാനേജ്മെന്റിന്റെ അപേക്ഷ പോലും ഇല്ലാതെ സ്കൂളുകളെ തെരഞ്ഞെടുത്തത് എങ്ങനെ എന്നതും വ്യക്തമല്ല. അപേക്ഷയും സമ്മതവുമില്ലാതെ പ്രൊജക്ട് നടപ്പാക്കിയതിന് പിന്നിലെ പ്രേരണ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

4) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ പര്യാപ്തമാണ് എന്ന സാക്ഷ്യപത്രം ഇല്ല .

ജില്ലയിലെ മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് നിലവിൽ സർക്കാർ മാർഗരേഖ പ്രകാരം അനുമതി ഉള്ളത്.

എന്നാൽ ജില്ലാ പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും മേൽ പറയുന്ന എല്ലാ സൗകര്യങ്ങളും ഉണ്ടോ എന്ന് പരിശോധന നടത്തിയിട്ടില്ല.

5) കിണർ കുഴിക്കാതെ മറ്റ് വർക്കുകൾ ചെയ്തു .

ക്രമ നമ്പർ ഒന്നിൽ ടാങ്ക് ബേസ് , പമ്പിങ്ങ് മെയിൻ, വിതരണ ലൈൻ, 5HP മോട്ടോർ (ലംപ്സം 60000) വൈദ്യുതീകരണം (ലംപ്സം 30000) കുഴൽ കിണർ (ലംപ്സം 50000) എന്നിവയാണ് എസ്റ്റിമേറ്റിന്റെ ഘടകങ്ങൾ. എന്നാൽ കുഴൽ കിണർ നിർമാണം നാളിത് വരെ പൂർത്തിയാക്കാനായിട്ടില്ല . അതേസമയം ടാങ്ക് ബേസ് നിർമാണം പൂർത്തിയാക്കുകയും വിതരണ ലൈൻ , ടാപ്പ് ഫിറ്റിങ്ങ് എന്നിവ പൂർത്തിയാക്കിയതായും ഫയലിൽ നിന്ന് വ്യക്തമാവുന്നു.

6) കിണർ നിർമാണം പൂർത്തിയാക്കാനായില്ല

ക്രമ നമ്പർ ഒന്നിൽ കിണർ നിർമാണത്തിന് ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഫീസിബിലിറ്റി നൽകുകയും 42740 രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. നിരക്ക് വർദ്ധനവിനെ തുടർന്ന് എസ്റ്റിമേറ്റ് തുക 47429 രൂപയായി ഉയർത്തുകയും ഈ തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു. എന്നാൽ വീണ്ടും എസ്റ്റിമേറ്റ് തുക ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് പുതുക്കിയതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. പുതുക്കിയ എസ്റ്റിമേറ്റ് 54617 രൂപയായി ഉയർന്നിട്ടുണ്ട്. അധികരിച്ച തുക ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അടവാക്കാൻ സാധിച്ചിട്ടില്ല . അതിനാൽ തന്നെ കുഴൽ കിണർ നിർമാണം പൂർത്തിയാക്കാനായിട്ടില്ല.

7) സർക്കാർ നിർദേശം മാനിക്കാത്ത ഭരണ സമിതി തീരുമാനം

സർക്കാർ നിർദേശങ്ങൾ മാനിക്കാതെയുള്ളതാണ് 28.01.2019 ലെ 2/59 ഭരണ സമിതി തീരുമാനം . സൗകര്യങ്ങൾ അപര്യാപ്തമാണ് എന്ന് സ്കൂൾ അധികാരികൾ രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് വിലയിരുത്തിയ ശേഷം എയ്ഡഡ് സ്കൂളുകളിൽ പ്രോജക്ട് നടപ്പിലാക്കാം എന്ന് എഞ്ചിനീയറിങ്ങ് വിഭാഗത്തിന് നിർദേശം നൽകിയത് ക്രമപ്രകാരമല്ല. പദ്ധതി മാർഗ രേഖ GO(MS)11/2018/Lsgd Dated 29.01.2018 ഉത്തരവിലെ ഖണ്ഡിക 7.6 ൽ പരാമർശിച്ച വിദ്യാഭ്യാസ മേഖലയിലെ നിർദേശങ്ങൾ ഭരണസമിതി പരിഗണിച്ചിട്ടില്ല എന്ന് കാണുന്നു. കുട്ടികൾ, ഭിന്ന ശേഷിയുള്ളവർ , ട്രാൻസ് ജെന്റേഴ്സ് എന്നിവരുടെ മേഖലയിൽ "ഇടപെടലുകൾ നടത്താവുന്നതാണ് " എന്ന ഉത്തരവിലെ ഖണ്ഡിക 6.4 (3) ലെ പ്രയോഗം തുക ചെലവഴിക്കുന്നതിനുള്ള നിരുപാധിക അനുമതിയാണ് എന്ന് ഭരണ സമിതി വിലയിരുത്തിയതായി വ്യക്തമാവുന്നു. ഭരണസമിതിയുടെ ഈ അനുമതിയുടെ അടിസ്ഥാനത്തിലാണ് 20-21 വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എയ്ഡഡ് സ്കൂളുകളിൽ പ്രോജക്ട് നിർവഹണം നടത്തിയത് എന്ന് വ്യക്തമാവുന്നു.

അധികാര പരിധി ലംഘിച്ചും നടപടി ക്രമങ്ങൾ പാലിക്കാതെയും പ്രോജക്ട് നിർവഹണം നടത്തിയത് ഓഡിറ്റ് എൻക്വയറി 29/10.06.2022 പ്രകാരം ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. വിശദമായ മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക 2650025 രൂപ തടസ്സം ചെയ്യുന്നു.

## 1-38 വൈദ്യുതി ബോർഡിൽ നിക്ഷേപ പ്രവൃത്തികൾ

ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ലൈൻ മാറ്റി സ്ഥാപിക്കലും, ട്രാൻസ്ഫോർമർ സ്ഥാപിക്കലും എന്ന പ്രൊജക്ടിന് കീഴിൽ KSEB യിൽ വിവിധ പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 173, ഉപവകുപ്പ് (1) അഞ്ചാം പട്ടികയിൽ പരാമർശിച്ച ജില്ലാ പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിലും മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലും ഉൾപ്പെടുന്നവയല്ല ഇത്തരം പ്രോജക്ടുകൾ എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

| | പ്രോജക്ട് | ചെലവ് വിവരം | റിമാർക്സ് |
|---|---|---|---|
| 1 | 1948/21 വടക്കേകുളമ്പ് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - പൊൻമള<br>(ഫയൽ G2/3686/20) | 1089464<br>(UTR 785924902/08.05.2020)<br>KSEB ഒതുക്കുങ്ങൽ | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ് ഫോർമർ സ്ഥാപിക്കൽ. ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ പെടുന്നില്ല. |
| 2 | 1916/21 കൊല്ലിയത്ത് അംഗനവാടിക്ക് മുകളിലെ ലൈൻ മാറ്റൽ, ചെമ്മല ബൈപ്പാസ് റോഡ് ത്രീഫൈസ് - പുലാമന്തോൾ<br>(ഫയൽ G1/827/20) | 189407<br>(UTR 858665866/31.03.2021)<br>KSEB പുലാമന്തോൾ | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ത്രീഫേസ് ലൈൻ സ്ഥാപിക്കൽ. ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ പെടുന്നില്ല.<br>ഇത്തരം വർക്കുകൾ വൈദ്യുതി ബോർഡ് നേരിട്ട് ചെയ്യാറുണ്ട്. എന്നാൽ നിലവിൽ ഫണ്ടില്ല എന്ന് വൈദ്യുതി ബോർഡിന്റെ കത്തിൽ പരാമർശിക്കുന്നുണ്ട്. KSEB ക്ക് ഫണ്ട് ലഭ്യമാവുന്ന മുറക്ക് ജില്ലാ പഞ്ചായത്തിന് റീഫണ്ട് ചെയ്യേണ്ടതാണ്. |
| 3 | 1900/21 കുമൻകല്ല് കുറ്റിത്തറ പ്രദേശത്ത് ട്രാൻസ്ഫോർമർ. പറപ്പൂർ<br>(ഫയൽ G1/437/21) | 1077000<br>(UTR 846865380/24.02.2021)<br>KSEB കോട്ടക്കൽ | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 11kv ലൈൻ നിർമിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ പെടുന്നില്ല.<br>ഭരണ സമിതിയുടെ 1/15 -10.02.2021 തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. |
| 4 | 1282/21 വട്ടപ്പറമ്പ നൈഫ് റോഡിൽ ട്രാൻസ്ഫോർമർ. പൊൻമള<br>(ഫയൽ G1/3687/20) | 1006033<br>(UTR 785924904/08.05.2020)<br>KSEB ചട്ടിപ്പറമ്പ | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ പെടുന്നില്ല. |
| 5 | 1933/21 കട്ടുപ്പാറ ഗൈഡൻസ് റോഡിൽ ട്രാൻസ് ഫോർമർ - പുലാമന്തോൾ<br>(ഫയൽ G1/736/21) | 1916332<br>(UTR 851507856/08.03.2020)<br>KSEB പുലാമന്തോൾ | വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ പെടുന്നില്ല.<br>ഭരണ സമിതിയുടെ 1/22 -19.02.2021 തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. |
| 6 | 1808/21 മലപ്പുറം ജില്ലയിലെ വിവിധ പ്രദേശങ്ങളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കലും ലൈൻ മാറ്റലും ലൈൻ നീട്ടലും (7 വർക്കുകൾ)<br>(ഫയൽ G1/2663/20) | 692690<br>(UTR 837217542/15.01.2021)<br>(UTR 837217546/15.01.2021)<br>(UTR 837217540/15.01.2021) | പദ്ധതി മാർഗ നിർദേശങ്ങൾക്ക് വിരുദ്ധമാണ് എന്ന സെക്രട്ടറിയുടെ അഭിപ്രായം മാനിക്കാതെ ഭരണ സമിതിയുടെ 1/11 Dated 05.11.2020 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെലവ് ചെയ്തു.<br>ചെലവ് സാധൂകരിക്കുന്നതിനായി സർക്കാറിനെ സമീപിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

ഈ കാര്യം ഓഡിറ്റ് എൻക്വയറി 15/24.06.2022 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-39 നിർമിതി കേന്ദ്രം മുഖേനയുള്ള വർക്ക്. എസ്റ്റിമേറ്റ് പരിശോധനാ വിധേയമാക്കിയിട്ടില്ല

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ 1646/21 ജില്ലാ പഞ്ചായത്ത് കെട്ടിടം നവീകരണം , പെയിന്റിങ്ങ് , ഗേറ്റ് എന്ന സ്പിൽ ഓവർ പ്രോജക്ടിന് ചെക്ക് നമ്പർ 1636863 തിയ്യതി 22.04.2021 പ്രകാരം 2237065 രൂപ ചെലവ് വന്നിട്ടുണ്ട്. (പ്രവൃത്തി ആരംഭിക്കുന്നത് 1290/15 പ്രോജക്ടിന്റെ ഭാഗമായിട്ടാണ്.) വർക്ക് നിർവഹിക്കുന്നത് ജില്ലാ നിർമിതി കേന്ദ്രം, മലപ്പുറം മുഖേനയാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും, അംഗീകാരം നൽകുന്നതും, സാങ്കേതികാനുമതി നൽകുന്നതും, വർക്ക് മെഷർ ചെയ്യുന്നതും, ചെക്ക് മെഷർ ചെയ്യുന്നതും നിർമിതി കേന്ദ്രമാണ്. സ്വന്തമായി എഞ്ചിനീയറിങ്ങ് വിഭാഗം ഉണ്ടെങ്കിലും എസ്റ്റിമേറ്റ് ജില്ലാ പഞ്ചായത്ത് സാങ്കേതിക വിഭാഗം പരിശോധനാ വിധേയമാക്കിയിട്ടില്ല എന്ന് വ്യക്തമാവുന്നു. പ്രധാനമായും അഞ്ച് ഘടകങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുന്നത്. കോൺഫറൻസ് ഹാൾ (3720478) , ഫ്ളോറിങ്ങ് (852074) , ഗേറ്റ് , ആക്സസ് റോഡ് (663070), പെയിന്റിങ്ങ് (778375) , പാർക്കിങ്ങ് യാർഡ് (91513) എന്നിവയാണ് പ്രധാന ഘടകങ്ങൾ. കൂടാതെ നികുതികൾക്കായും അസാധാരണ ചെലവുകൾക്കായും 282490 രൂപയും ഉൾപ്പെടെ 6388000 രൂപയാണ് എസ്റ്റിമേറ്റ് തുക. ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. എസ്റ്റിമേറ്റ് ഇനം 10, 11 , 82 എന്നിവ റൂഫിങ്ങ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കുന്നതിനാണ്. എസ്റ്റിമേറ്റിൽ .50mm കനത്തിലുള്ള Precoated Iron Profile Sheet, Ridges എന്നിവ ഉപയോഗിക്കുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഇതേ കനത്തിലുള്ള ഷീറ്റ് പൊതു മാർക്കറ്റിൽ സുലഭമല്ല എന്നിരിക്കെ എസ്റ്റിമേറ്റിൽ വകയിരുത്തിയ കനത്തിലുള്ള ഷീറ്റ് തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. നിർമിതി കേന്ദ്രത്തിന്റെ എഞ്ചിനീയർമാർ ഈ കാര്യം രേഖപ്പെടുത്തിയിട്ടില്ല. ആയത് പരിശോധനാ വിധേയമാക്കേണ്ടതാണ് എന്നും ഉപയോഗിച്ച ഷീറ്റിന്റെ കനം പരിശോധിച്ച് വിവരം അറിയിക്കണമെന്നും ആവശ്യപ്പെട്ട് KSA MPM /DP1/41/2021 തീയതി 15. 06. 2022 പ്രകാരം കത്ത് നൽകിയെങ്കിലും വിവരം ലഭ്യമാക്കിയില്ല. ഈ ഇനത്തിനായി 218954 രൂപ ചെലവഴിച്ചതായി അളവ് പുസ്തകം M/225/2014/B2 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഇനം

പത്തിന് 226.1/m2@733.05/m2 നിരക്കിൽ 165742.6 രൂപയും , ഇനം പതിനൊന്നിൽ 17.2/m2@749.63/m2 നിരക്കിൽ 12893.64 രൂപയും, ഇനം 82 ൽ 55/m2@733.05/m2 നിരക്കിൽ 40317.75 രൂപയും). വ്യക്തമായ വിവരം ലഭ്യമാവുന്നത് വരെ ഈ ഇനത്തിലെ ചെലവ് തുക തടസ്സം ചെയ്യുന്നു.

2. എസ്റ്റിമേറ്റ് ഇനം 71 ഗേറ്റ് സ്ഥാപിക്കുന്നതിനാണ്. (Supplying And Fixing Gate With Best Quality GI Rectangular Hollow Sections ) എന്നാൽ ഗേറ്റിന് DSR കോഡ് രേഖപ്പെടുത്താതെ ലംപ്സം തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ഗേറ്റിന് 75000 രൂപ നിരക്കിൽ രണ്ട് ഗേറ്റ് സ്ഥാപിക്കുന്നതിന് 150000 രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളത്. അത്രയും തുക ചെലവഴിച്ചതായി അളവ് പുസ്തകം 224/14 പേജ് 64 ൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ രീതി ക്രമപ്രകാരമല്ല. അതേസമയം, ഗേറ്റ് സ്ഥാപിക്കുന്നതിന് DSR ൽ പ്രത്യേക ഐറ്റം കോഡ് നിലവിലുണ്ട് എന്നതാണ് വസ്തുത. ഗേറ്റ് സ്ഥാപിക്കുന്നതിന് DSR 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാറുള്ളത്. ഇതാണ് അനുവദനീയമായതും. ഗേറ്റ് നിർമിക്കുന്നതിന് ഉപയോഗിച്ച പൈപ്പിന്റെ തൂക്കം അടിസ്ഥാനമാക്കിയാണ് അർഹമായ തുക കണക്കാക്കേണ്ടത്. DSR 10.25.2 പ്രകാരമുള്ള നിരക്ക് കണക്കാക്കി നിർവഹണ ഏജൻസി അധിക തുക ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധനാവിധേയമാക്കേണ്ടതാണ്. ഈ ഇനത്തിലെ ചെലവ് തുക 150000 രൂപ തടസ്സം ചെയ്യുന്നു.

3. എസ്റ്റിമേറ്റ് ഇനം 17 ജനൽ കമ്പികൾ വെക്കുന്നതിനാണ് . DSR 9.48.2 പ്രകാരമുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി നേരിട്ട് പരിശോധിച്ചതിൽ, DSR 9.48.1 പ്രകാരമുള്ള നിരക്കാണ് അർഹമായിട്ടുള്ളത് എന്ന് കാണുന്നു. നിരക്ക് അനുവദിച്ചത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

4. DSR അടിസ്ഥാനമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. നിർമിതി കേന്ദ്രം മുഖേനയുള്ള വർക്കുകൾക്ക് എസ്റ്റിമേറ്റിൽ കോൺട്രാക്റ്റേഴ്സ് പ്രൊഫിറ്റ് ഉൾപെടുത്തേണ്ടതില്ല. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അടിസ്ഥാനമാക്കിയ കോസ്റ്റ് ഇൻഡക്സ് എത്ര എന്നും കരാറുകാരന്റെ ലാഭ വിഹിതം ഉൾപെടുത്തിയാണോ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും പരിശോധിച്ച് ഉറപ്പ് വരുത്താനാവുന്നില്ല. (ഉദാഹരണം : ഐറ്റം 5.9.5 DSR ലെ അടിസ്ഥാന നിരക്ക് 342.90/m2 എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് 378.9/m2) (ഉദാഹരണം : ഐറ്റം 13.60.1 DSR ലെ അടിസ്ഥാന നിരക്ക് 84.45/m2 എന്നാൽ എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് 85.36/m2) അനുവദിച്ച നിരക്കിൽ വ്യക്തത വരുത്തേണ്ടതാണ്. ഓരോ ഇനത്തിലും വ്യത്യസ്ത രീതിയിലാണ് നിരക്ക് കണക്കാക്കിയത് എന്ന് കാണുന്നു. നിർമിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റിലെ ഓരോ ഇനത്തിനും രേഖപ്പെടുത്തിയ നിരക്ക് ഏത് ഡാറ്റയുടെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

5. എസ്റ്റിമേറ്റ് ഇനം 77 (Appendix 4) ജില്ലാ പഞ്ചായത്തിന്റെ നിലവിലുള്ള കെട്ടിട ഭാഗങ്ങൾ പെയിന്റ് ചെയ്യുന്നതിനാണ്. ഇതിനായി ഗ്രൗണ്ട് ഫ്ലോറിലേയും, ഒന്നാം നിലയിലേയും, രണ്ടാം നിലയിലേയും, പുറം ഭാഗത്തേയും നിലവിലെ പെയിന്റ് ഉരച്ച് ഒഴിവാക്കുന്നതിന് DSR കോഡ് 14.46 പ്രകാരമുള്ള നിരക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം 7289.26m2 ചെയ്യുന്നതിന് 10.74/*m2 നിരക്കിൽ 78396 രൂപ വകയിരുത്തുകയും 78286 രൂപ ചെലഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്ന് പെയിന്റ് വർക്ക് നിലവിൽ പെയിന്റിങ്ങ് ഉള്ള കെട്ടിടത്തിലാണ് എന്ന കാര്യം വ്യക്തമാണ്. നിലവിലെ കെട്ടിടങ്ങളുടെ റിപ്പയർ പ്രവൃത്തികൾക്ക് DSR ലെ SUB HEAD : 14.0 REPAIRS TO BUILDING എന്ന ഭാഗത്ത് നിന്നാണ് ഐറ്റം കോഡ് സെലക്ട് ചെയ്യേണ്ടത്. എന്നാൽ പുതിയ കെട്ടിടങ്ങൾക്ക് ഉപയോഗിക്കുന്ന കോഡും നിരക്കുമാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത് എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു. നിർമിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ DSR 13.60.1 പ്രകാരമുള്ള 85.36/*m2 നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത് . ഇപ്രകാരം 7521.1/m2 ഏരിയ പെയിന്റ് ചെയ്യുന്നതിന് 85.36/m2 നിരക്കിൽ (അടിസ്ഥാന നിരക്ക് 84.45) 642867 രൂപ വകയിരുത്തുകയും 642001.09 രൂപ നിർമിതി കേന്ദ്രത്തിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. (അളവ് ബുക്ക് 225/14 പേജ് 69). ഈ ഇനത്തിന് DSR കോഡ് 14.53.1 പ്രകാരമുള്ള 55.25 അടിസ്ഥാന നിരക്ക് (കരാറുകാരന്റെ ലാഭവിഹിതം ഉൾപെടുത്തിയും കോസ്റ്റ് ഇൻഡക്സ് ഇല്ലാതെയും) മാത്രമാണ് അനുവദനീയമായിട്ടുള്ളത് . നിർമിതി കേന്ദ്രം അധിക നിരക്ക് ഈടാക്കിയതായി വ്യക്തമാവുന്നു. അനുവദിച്ച നിരക്കിന്റെയും അനുവദിക്കാവുന്ന നിരക്കിന്റെയും അടിസ്ഥാന നിരക്ക് പരിഗണിച്ചാൽ തന്നെ ( 84.45-55.25) X 7521.1 ) 219616 .12 രൂപ നിർമിതി കേന്ദ്രം അധികം വാങ്ങിയതായി കാണുന്നു.

6. എസ്റ്റിമേറ്റ് ഇനം 78 പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ ജനൽ , ഹാന്റ് റെയിൽ എന്നിവ റീപെയിന്റ് ചെയ്യുന്നതിന് 13.61.1 പ്രകാരമുള്ള ( അടിസ്ഥാന നിരക്ക് 78.40) 75.11/m2 നിരക്കാണ് നൽകിയിട്ടുള്ളത്. 14.54.1 പ്രകാരമുള്ള 51.30/m2 അടിസ്ഥാന നിരക്കാണ് അനുവദനീയമായത്. പ്രവൃത്തിയുടെ ഭാഗമായി 760.39m2 ഏരിയ ജനൽ കമ്പി, ഹാന്റ് റെയിൽ എന്നിവ പെയിന്റ് ചെയ്യുന്നതിന് 75.11/m2 നിരക്കിൽ (അടിസ്ഥാന നിരക്ക് 78.40/m2) 57112.89 രൂപ നിർമിതി കേന്ദ്രത്തിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. (അളവ് ബുക്ക് 225/14 പേജ് 69). ഇപ്രകാരം അടിസ്ഥാന നിരക്ക് പരിഗണിച്ചാൽ തന്നെ ( 78.40-51.30 X760.39 = 20606.56) 20606.56 രൂപ നിർമിതി കേന്ദ്രം അധികം വാങ്ങിയതായി വ്യക്തമാവുന്നു. നഷ്ടം നിർവ്വഹണോദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

7. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ G1/717/15 Dtd 16.12.2017 കത്തിൽ നിർമിതി കേന്ദ്രം മുഖേന ചെയ്ത പ്രവൃത്തികളുടെ സൂക്ഷ്മമായ ഒരു പരിശോധന ആവശ്യമാണ് എന്ന് പരാമർശിക്കുന്നുണ്ട്. പ്രവൃത്തികളുടെ ഗുണനിലവിരാമില്ലായ്മ സംബന്ധിച്ച് വിശദമായി കത്തിൽ സൂചിപ്പിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ സ്വന്തമായി എഞ്ചിനീയറിങ്ങ് വിങ്ങ് ഉണ്ടായിട്ടും നിർവഹണ ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റ് പരിശോധനാ വിധേയമാക്കിയിട്ടില്ല എന്നത് ഗുരുതര പിഴവായി കാണുന്നു.

എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾ അതേ അളവിലും ഗുണനിലവാരത്തിലും നിർവഹിച്ചിട്ടുണ്ടോ എന്ന പരിശോധന നിർവഹണ ഉദ്യോഗസ്ഥനും നടത്തിയിട്ടില്ല . ആയത് പരശോധനാ വിധേയമാക്കേണ്ടതും GO (P) 161/2019 Fin Dated 25.11.2019 ഉത്തരവ് പ്രകാരമുള്ള Defects Liability കാലയളവ് ഈ വർക്കുകളുടെ കാര്യത്തിൽ പാലിച്ചിട്ടുണ്ടോ എന്നും പരിശോധനാ വിധേയമാക്കേണ്ടതാണ്. ഈ പ്രവൃത്തിയിലെ നടപടി ക്രമങ്ങളിലെ വിഴ്ച ഓഡിറ്റ് എൻക്വയറി 44/14.06.2022 പ്രകാരം സെക്രട്ടറിയുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക 240223 രൂപ നിർവഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

8. ഈ എസ്റ്റിമേറ്റിലെ ഒന്നാം ഇനമായി 37 ലക്ഷം രൂപ ചെലവഴിച്ച് നിർവഹണം പൂർത്തിയാക്കിയ കോൺഫറൻസ് ഹാൾ, പുനരുദ്ധാരണത്തിന് 2020-21 ൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 1866/21 പ്രോജക്ട് തയ്യാറാക്കുകയും ആർട്കോ മുഖേന പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. ഇതിനായി 2998841 രൂപ വകയിരുത്തുകയും 2021-22 ൽ ആർട്കോക്ക് തുക നൽകിയത് സ്പിൽ ഓവറായി അനുവദിക്കുകയും ചെയ്തു.

## 1-40 മഴ വെള്ള സംഭരണി പ്രവർത്തന സജ്ജമല്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയതാണ് 1389/21 GHSS കൽപകഞ്ചേരി മഴ വെള്ള സംഭരണി നിർമാണം എന്ന സ്പിൽ ഓവർ പ്രോജക്ട്. പ്രവൃത്തിക്കായി വകയിരുത്തിയത് മെയിന്റനൻസ് റോഡിതര ഫണ്ട് 1488841 രൂപയാണ്. പ്രവൃത്തിയുടെ നിർമാണത്തിനും വൈദ്യുതീകരണത്തിനുമായി ഓഡിറ്റ് വർഷം 1488841 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഇതിൽ വൈദ്യുതീകരണത്തിനായി 74513 രൂപയും , മഴ വെള്ള സംഭരണിക്കായി 1414328 രൂപയും ചെലവ് ചെയ്തിട്ടുണ്ട്. (ബിൽ 848/20-21/18.03.2021).

ജല ലഭ്യത പരിമിതമായ സ്കൂളിൽ ,ജലലഭ്യത ഉറപ്പാക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. മഴ വെള്ള സംഭരണിയുടെ സാധ്യത, ലഭ്യമായ പശ്ചാതല സൗകര്യങ്ങൾ എന്നിവ വിശദമായി പരിശോധിക്കാതെയാണ് പ്രോജക്ട് രൂപീകരണവും നിർവഹണവും നടത്തിയത് എന്ന്

വ്യക്തമാവുന്നു.

നിർമാണ പ്രവൃത്തികൾ പൂർത്തിയാക്കിയെങ്കിലും മഴവെള്ള സംഭരണി നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല എന്ന് കാണുന്നു. ചെലവഴിച്ച തുക പാഴ് ചെലവാകാതിരിക്കാൻ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്കൂൾ പരിസരത്ത് ഒരു നിഷ്ക്രിയ ആസ്തിയായി മഴവെള്ള സംഭരണി അവശേഷിക്കുന്ന സാഹചര്യം വരാതിരിക്കാൻ ഉചിതമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കേണ്ടതാണ്.

## 1-41 മുൻകൂർ പണമടച്ച കമ്പ്യൂട്ടറുകളും പ്രിന്ററും ലഭ്യമായില്ല

നിർവഹണോദ്യോഗസ്ഥൻ : സൂപ്രണ്ട്, ടൈലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ.

1) പ്രോജക്റ്റ് : കൊണ്ടോട്ടി ഗവ. ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസ് ഉപകരണങ്ങൾ, പഠന സാമഗ്രികൾ - 1118/21

അടങ്കൽ : 328460 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് : 144811

ട്രഷറി ബിൽ നമ്പർ : 02/20-21 തീയതി : 22.03.2021

മേൽ പ്രോജക്റ്റ് പ്രകാരം, നാല് ഡെസ്ക്ടോപ്പും ഒരു ലാപ്ടോപ്പും ലഭ്യമാക്കുന്നതിന് 144811 രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന് നൽകിയിട്ടുണ്ട്. KELTRON ന്റെ പ്രോഫോർമ ഇൻവോയ്സ് അടിസ്ഥാനമാക്കിയാണ് തുക ട്രാൻസ്ഫർ ചെയ്തത്. പ്രോഫോർമ ഇൻവോയ്സ് നം. 20082/ 05.11.2020 പ്രകാരം 30527 രൂപ നിരക്കിൽ നാല് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക് 122108 രൂപയും പ്രോഫോർമ ഇൻവോയ്സ് നം. 20084/ 05.11.2020 പ്രകാരം ഒരു ലാപ്ടോപ്പിന് 22703 രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ള വില.

എന്നാൽ കമ്പ്യൂട്ടറുകൾ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ഇല്ല. മേൽപ്പറഞ്ഞ കമ്പ്യൂട്ടറുകൾ ലഭ്യമായതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവുതുക 144811 രൂപ തടസ്സം ചെയ്യുന്നു.ഓഡിറ്റ് എൻക്വയറി നം. 51/27.06.2022 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

2) പ്രോജക്റ്റ് : കൊണ്ടോട്ടി ഗവ. ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസ് ഉപകരണങ്ങൾ, പഠന സാമഗ്രികൾ- SO 1300/21

അടങ്കൽ : 259971 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് : 254538

മേൽ പ്രോജക്റ്റ് പ്രകാരം, ട്രഷറി ബിൽ നം. 03/19-20 തീയതി 07.05.20 മുഖേന 101175 രൂപ, രണ്ട് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും ഒരു പ്രിന്ററും ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷന് നൽകിയിട്ടുണ്ട്. KELTRON ന്റെ പ്രോഫോർമ ഇൻവോയ്സ് അടിസ്ഥാനമാക്കിയാണ് തുക ട്രാൻസ്ഫർ ചെയ്തത്. പ്രോഫോർമ ഇൻവോയ്സ് നം. 7781/ 09.07.2019 പ്രകാരം 30786 രൂപ നിരക്കിൽ രണ്ട് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക് 61572 രൂപയും പ്രോഫോർമ ഇൻവോയ്സ് നം. 7783/ 09.07.2019 പ്രകാരം ഒരു പ്രിന്ററിന് 39603 രൂപയുമാണ് വില.

23.09.2020 ലെ J9PUB45005 നമ്പർ ടാക്സ് ഇൻവോയ്സ് (HP India Sales Private Ltd.) പ്രകാരം രണ്ട് കമ്പ്യൂട്ടറുകൾ (വില 58705 രൂപ) ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രിന്റർ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ഇല്ല. ബിൽ പ്രകാരം കമ്പ്യൂട്ടർ വിലയിൽ ബാക്കിയുള്ള 2867 രൂപ (61572- 58705) തിരികെ നൽകാൻ നിർവഹണോദ്യോഗസ്ഥൻ സംസ്ഥാന ഐ.ടി മിഷൻ ഡയറക്ടർക്ക് 30.11.2021 ന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക തിരികെ ലഭ്യമായിട്ടില്ല.

ആയതിനാൽ, പ്രിന്റർ ലഭ്യമായതിന്റെയും കമ്പ്യൂട്ടർ വിലയിൽ ബാക്കിയുള്ള 2867 രൂപ തിരികെ ലഭിച്ചതിന്റെയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവുതുക 42470 രൂപ (39603+ 2867) തടസ്സം ചെയ്യുന്നു.

## 1-42 റോഡ് പ്രവൃത്തി. മണ്ണ് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വികസന ഫണ്ട് പൊതു വിഭാഗം ഉപയോഗിച്ച് നിർവ്വഹണം നടത്തിയ 1337/21 വടക്കേചാലിൽ കക്കോവ് റോഡ് - വാഴയൂർ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 1-7 റോഡ് സൈഡിൽ മണ്ണ് നിറക്കലാണ്. ഈ പ്രവൃത്തിക്ക് തുറസ്സായ സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിനുള്ള ഡാറ്റ 50.2.26.1 (Filling With Contractor's Own Earth In Open Areas In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. ഈ നിരക്കാണ് ജില്ലാ പഞ്ചായത്തിന്റെ പ്രവൃത്തികളിൽ അനുവദിച്ചിട്ടുള്ളതും. എന്നാൽ പരാമർശിത പ്രവൃത്തിയിൽ 60.2.1 പ്രകാരമുള്ള ഡാറ്റയുടെ അടിസ്ഥാനത്തിൽ ഉയർന്ന നിരക്കാണ് നൽകിയത് എന്ന് കാണുന്നു. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ വാഴയൂർ ഗ്രാമ പഞ്ചായത്ത് മണ്ണ് ലഭ്യതയുള്ള പ്രദേശമാണ് . DSR 2016 ൽ 40.2% Cost Index ചേർത്ത് 50.2.26.1 ഡാറ്റക്ക് നൽകാവുന്ന നിരക്ക് 282.78/m3 രൂപയും 60.2.1 ഡാറ്റയുടെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തിക്ക് നൽകിയ നിരക്ക് 436.37/m3 രൂപയുമാണ്. പ്രവൃത്തി സംബന്ധിച്ച മറ്റു വിവരങ്ങൾ, അധികം നൽകിയ തുക എന്നിവ താഴെ ചേർക്കുന്നു. ഓഡിറ്റ് എൻക്വയറി 24/10.06.2022 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബിൽ | 1105/20-21/29.03.2021 | കോസ്റ്റ് ഇൻഡക്സ് | DSR 2016/ 40.2 |
| തുക | 172111 (Final Bill) | അളവ് പുസ്തകം | 2683/17-18. Page 05, 36 |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് ഇ.കെ | ടെണ്ടർ നിരക്ക് | 11.659% Below- Item Rate |
| സാങ്കേതികാനുമതി | 52100/17-18 | പ്രൈസ് ഐഡി | 2017/39658 |

| അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം |
|---|---|---|
| DSR 60.2.1 @ 436.37/m3<br>(അടിസ്ഥാന നിരക്ക് )<br>53.61 M3@385.49/m3 = 20666 | 50.2.26.1 @ 282.784/m3<br>(അടിസ്ഥാന നിരക്ക് )<br>53.61m3 @ 249.81 = 13392 | 7274 |

അധികം നൽകിയ തുക 7274 രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 1-42-1 റോഡ് പ്രവൃത്തി. മണ്ണ് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ മെയിന്റനൻസ് ഫണ്ട് റോഡ് ഉപയോഗിച്ച് നിർവ്വഹണം നടത്തിയ 182/21 മൂഴങ്ങല്ലൂർ പാണ്ടിയിൽ റോഡ് - പുളിക്കൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 10 റോഡ് സൈഡിൽ മണ്ണ് നിറക്കലാണ്. ഈ പ്രവൃത്തിക്ക് തുറസ്സായ സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിനുള്ള ഡാറ്റ 50.2.26.1 (Filling With Contractor's Own Earth In Open Areas In Layers Not Exceeding 20 Cm In Depth, Consolidating

Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. ഈ നിരക്കാണ് ജില്ലാ പഞ്ചായത്തിന്റെ അധിക എസ്റ്റിമേറ്റുകളിലും അനുവദിച്ചിട്ടുള്ളത്. എന്നാൽ പരാമർശിത പ്രവൃത്തിയിൽ OD295304/2019-20 പ്രകാരമുള്ള ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ ഉയർന്ന നിരക്കാണ് നൽകിയത് എന്ന് കാണുന്നു. കൊണ്ടോട്ടി ബ്ളോക്ക് പഞ്ചായത്തിലെ പുളിക്കൽ ഗ്രാമ പഞ്ചായത്ത് മണ്ണ് ലഭ്യതയുള്ള പ്രദേശമാണ് . DSR 2016 ൽ 31.06 Cost Index ചേർത്ത് 50.2.26.1 ഡാറ്റക്ക് നൽകാവുന്ന നിരക്ക് 261.14/m3 രൂപയും ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തിക്ക് നൽകിയ നിരക്ക് 298.61/m3 രൂപയുമാണ്.അപാകത 23/10.06.2022 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച മറ്റു വിവരങ്ങൾ, അധികം നൽകിയ തുക എന്നിവ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ബിൽ | 791/20-21/11.02.2021 | കോസ്റ്റ് ഇൻഡക്സ് | DSR 2016/ 31.06 |
| തുക | 809464 | അളവ് പുസ്തകം | 1144/19-20. Page 28 |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് ഷക്കീൽ. V.k | ടെണ്ടർ നിരക്ക് | 17.77% Below- Item Rate |
| സാങ്കേതികാനുമതി | 100030/2019-20 | പ്രൈസ് ഐഡി | 2019/16543 |

| അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം |
|---|---|---|
| OD 295304/19-20 @ 298.61<br>270.447 M3@245.55/m3 = 66408 | 50.2.26.1 @ 261.14/m3<br>270.447m3 @ 214.73 = 58073 | 8335 |

അധികം നൽകിയ തുക 8335 രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 1-43 പൊതു മരാമത്ത് പ്രവൃത്തികൾ- ഒരു വിലയിരുത്തൽ

ഓഡിറ്റ് വർഷം മലപ്പുറം ജില്ലാ പഞ്ചായത്തിൽ എഞ്ചിനീയറിങ്ങ് വിങ്ങിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും നിർവഹണോദ്യോഗസ്ഥരായി പ്രോജക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | പ്രോജക്ട് വിശദാംശങ്ങൾ | എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
|---|---|---|---|
| 1 | സ്പിൽ ഓവർ പ്രോജക്ടുകൾ | 13 | 429 |
| 2 | തൻവർഷ പ്രോജക്ടുകൾ | 2 | 858 |
| 3 | ആകെ (1+2) | 15 | 1287 |
| 4 | ആകെ അടങ്കൽ | 58154453 | 1437591143 |
| 5 | നിർവഹണം നടത്തിയത് | 9 | 935 |
| 6 | ചെലവ് തുക | 31407129 | 903119755 |
| 7 | ചെലവ് ശതമാനം | 54 % | 62.8 % |
| 8 | നിർവഹണം നടത്താതിരുന്നത് | 6 | 352 |
| 9 | വിനിയോഗിക്കാതിരുന്ന തുക (4-6) | 26747324 | 534471388 |

1)വകയിരുത്തിയ തുക പൂർണമായും വിനിയോഗിക്കാനാവുന്നില്ല .

എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചെലവഴിക്കാനായത് അടങ്കലിന്റെ 54 ശതമാനവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 62.8 ശതമാനവും മാത്രമാണ് . ഏറ്റെടുത്ത ആകെ 1302 (15+1287) പ്രോജക്ടുകളിൽ 358 എണ്ണം പ്രോജക്ടുകൾ നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു.

സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം ചെയ്യാത്ത പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ജില്ലാ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതാണ്. 56.12 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാനായില്ല എന്ന് കാണുന്നു. വ്യാപകമായ തോതിൽ പ്രോജക്ടുകൾ നിർവഹണം നടത്താത്ത സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

2)പ്രോജക്ടുകളുടെ എണ്ണം കൂടുതൽ

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് ഡിവിഷനുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു.

ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി സെക്രട്ടറിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽ പെടുത്തുന്നു. പ്രോജക്ടുകളുടെ എണ്ണം കുറക്കേണ്ടതിന്റെ അനിവാര്യത മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ച് ബോധ്യപ്പെടുത്തിയിട്ടും , ക്രിയാത്മകമായ സമീപനം സ്വീകരിക്കാത്ത ഭരണസമിതിയും യഥേഷ്ടം ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ അവസരം ഒരുക്കിയ ഉദ്യോഗസ്ഥരും 56.12 കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ മലപ്പുറം ജില്ലയിലെ പൊതുസമൂഹത്തിന് നഷ്ടപെടാൻ ഇടക്കിയതിൽ തുല്യപങ്കാളികളാണ്.

യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ച എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ ഏതാനും ഭാഗം മാത്രം വർക്ക് ചെയ്യുന്നതായും, കെട്ടിടങ്ങളുടെ ഭാഗികമായ പ്രവൃത്തികൾ മാത്രം ചെയ്യുന്നതായും വ്യക്തമാവുന്നു. കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ, കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് ആയി വേണം തയ്യാറാക്കേണ്ടത് എന്ന് പദ്ധതി മാർഗരേഖ GO (MS) 11/2018/തസ്വഭവ തീയതി 29.01.2018 നമ്പർ ഉത്തരവിലെ ഖ: 3.5 ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. പൊത മരാമത്ത് സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിങ്ങ് വിങ്ങിന്റെ സ്റ്റാഫ് സ്ട്രങ്ങ്ത്ത് ഇപ്രകാരമാണ്.

| | |
|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| ഓവർസിയർ | 4 |

നിർവ്വഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ട് പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

3)സ്വന്തം ആസ്തിയിലല്ലാത്ത പ്രവൃത്തികൾ

ജില്ലാ പഞ്ചായത്ത് 2020-21 വർഷം നിർവഹണം നടത്തിയ ഭൂരിഭാഗം പ്രോജക്ടുകളും ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിലാണ് എന്ന് കാണുന്നു. ഗ്രാമ പഞ്ചായത്തുകളുടെ അറിവോ അനുമതിയോ ഇല്ലാതെയും , ഇതേ പ്രവൃത്തിക്ക് ഗ്രാമ പഞ്ചായത്ത് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ എന്ന വിവരം പരിശോധിച്ച് ഉറപ്പ് വരുത്താതെയുമാണ് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നത് എന്നും ഫയലുകളിൽ നിന്ന് വ്യക്തമാവുന്നു. ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപെട്ട റോഡുകൾ, സ്ഥാപനങ്ങൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ എന്നിവയിൽ പൂർണ ശ്രദ്ധ നൽകാതെ, യഥേഷ്ടം ചെറിയ അടങ്കലുകളുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിനും ചെലവ് കുറയുന്നതിനും കാരണമായി വിലയിരുത്തുന്നു.

ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകൾ ജില്ലയിലെ തന്നെ പ്രധാന റോഡുകളാണ്. പ്രത്യേക പരിഗണന അർഹിക്കുന്നതും കൂടുതൽ യാത്രക്കാരും വാഹന ഉപയോഗവുമുള്ള ജില്ലാ പഞ്ചായത്തിന്റെ റോഡുകളിൽ പലതും ആധുനിക വൽകരണത്തിന്റെ ഗുണഫലങ്ങൾ ലഭ്യമായില്ല എന്ന് കാണുന്നു. വകയിരുത്തിയ തുക ഫലപ്രദമായി വിനിയോഗിച്ചാൽ ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ പെട്ട റോഡുകൾ ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ റബ്ബറൈസ് ചെയ്ത് ആധുനിക വൽകരിക്കുന്നതിനും, നിർമാണ ഘട്ടത്തിലുള്ള മറ്റ് ആസ്തികൾ പൂർണമായും പ്രവർത്തന സജ്ജമാക്കുന്നതിനും സാധ്യമാവും എന്ന വസ്തുത ഭരണ സമിതി പരിഗണിക്കേണ്ടത് അനിവാര്യമാണ്.

4) സ്പിൽ ഓവർ പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവറാകുന്നു .

സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം വളരെ കൂടുതലാണ്. നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാക്കി കരാറുകാരുമായി എഗ്രിമെന്റവെച്ച് പ്രവൃത്തി സ്ഥലം കൈമാറിയ ശേഷം അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കാത്ത സാഹചര്യം വരുന്നു. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ കരാറുകാർ അനാസ്ഥ കാണിക്കുന്നതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കാൻ സംവിധാനമില്ലാത്തതും പ്രോജക്ടുകളുടെ ആധിക്യവും വളരെയധികം പ്രവൃത്തികൾ സ്പിൽ ഓവറാകാൻ ഇടയാക്കുന്നതായി കാണുന്നു. സ്പിൽ ഓവർ പ്രോജക്ടുകളിൽ 68 എണ്ണം ഇത്തവണയും പൂർത്തിയാക്കാനായില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

5)തെറ്റായ ഇനങ്ങൾ ഉൾപെടുത്തുന്നു.

നിർവഹണ ഏജൻസികൾ മുഖേന പൂർത്തിയാക്കിയ ഭവന സുരക്ഷാ പ്രവൃത്തികളുടെ ഭാഗമായി വ്യക്തിഗത ഗുണഭോക്താക്കളുടെ വീടിന്റെ / സ്ഥലത്തിന്റെ അതിരുകളിൽ കോൺക്രീറ്റ് വാൾ നിർമിക്കുന്നതായി കാണുന്നു. ഇത്തരം പ്രവൃത്തികൾക്ക് ലാറ്ററേറ്റ് /കരിങ്കൽ ഉപയോഗിച്ചാൽ മതിയാവുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ അധിക പ്രോജക്ടുകളിലും കരിങ്കൽ കെട്ട് (DR/ RR) നൽകി വരുന്നതായി കാണുന്നു. ചില എസ്റ്റിമേറ്റുകളിൽ കരിങ്കൽ കെട്ട് , പോയന്റിങ്ങ് നടത്തി ബലപ്പെടുത്തുന്നതായും കാണുന്നു. കരിങ്കൽ, ലാറ്ററേറ്റ് പ്രവൃത്തികൾ ഈ ഭൂമിയുടെ തുടർന്നുള്ള വികസന സാധ്യതതകൾക്ക് തടസ്സമാവുന്നില്ല. എന്നാൽ കോൺക്രീറ്റ് വാൾ നിർമിക്കേണ്ടതിന്റെ ആവശ്യകത കാണുന്നില്ല. 571/21 പട്ടിയിൽ പറമ്പ് കളത്തിങ്ങൽ കോളനി സംരക്ഷണം, 569/21 പറമ്പിൽ പുറ കോളനി സംരക്ഷണം എന്നീ പ്രവൃത്തികളിൽ കോൺക്രീറ്റ് വാൾ നിർമിച്ചതായി ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്. ഇത് അധിക ചെലവ് വരുത്താൻ മാത്രമെ ഉപകരിക്കുകയുള്ളൂ എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

6)പ്രോജക്ട് നമ്പർ / ബിൽ നമ്പർ രേഖപ്പെടുത്തുന്നില്ല.

പൊതു മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് ഫയലിൽ നോട്ട് ഫയൽ , കറന്റ് ഫയൽ എന്നിവ ഉൾപെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ നമ്പർ/ ട്രഷറി റഫറൻസ് നമ്പർ/ തനത് ഫണ്ടിന്റെയും കേന്ദ്ര ഫണ്ടുകളുടെയും ചെക്ക് നമ്പർ /UTR നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടത് അത്യവശ്യമാണ്. എന്നാൽ പല ഫയലുകളിലും ഇത് രേഖപ്പെടുത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

സ്പിൽ ഓവർ പ്രോജക്ടുകളുടെ കാര്യത്തിൽ ഫയലിൽ സ്പിൽ ഓവർ പ്രോജക്ട് നമ്പർ രേഖപ്പെടുത്തുന്നതിലും വീഴ്ച്ച വരുത്തിയിട്ടുണ്ട്. സ്പിൽ ഓവർ വിവരം നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും വകയിരുത്തിയ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിലും ശ്രദ്ധ പുലർത്തേണ്ടതാണ്. സ്പിൽ ഓവർ പ്രോജക്ട് തൊട്ടടുത്ത വർഷം തന്നെ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനും, പ്രോജക്ടിന്റെ ചെലവ് വിവരം പരിശോധിക്കുന്നതിനും ചെലവിന്റെ വിശദാംശം വിലയിരുത്തുന്നതിനും ഈ രണ്ട് വിവരവും പ്രോജക്ട് ഫയലിൽ അനിവാര്യമായി ഉൾപെടുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 51/28.06.2022 പ്രകാരം ഈ കാര്യം നിർവഹണ ഉദ്യോഗസ്ഥന്റയും സെക്രട്ടറിയുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരിങ്കൽ വർക്കിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് നോൺ റോഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ അഞ്ചച്ചവിടി സ്കൂൾ പുനരുദ്ധാരണം 1886/21 എന്ന പ്രോജക്ടിന്റെ ഭാഗമായി ഫൗണ്ടേഷന്റെ മുകളിൽ കരിങ്കൽ വർക്ക് (Randon Ruble Work) ചെയ്തതിന് DSR ഡാറ്റ 7.2.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് 7.1.1. പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്. ഈ നിരക്കാണ് ജില്ലാ പഞ്ചായത്തിന്റെ മറ്റ് പ്രവൃത്തികളിൽ നൽകി വരുന്നതും. തെറ്റായ നിരക്ക് നൽകിയതിനാൽ 15385 രൂപ കരാറുകാരന് അധികം

നൽകിയതായി വ്യക്തമാവുന്നു . ഓഡിറ്റ് എൻക്വയറി നമ്പർ 31/10.06.2022 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| അഞ്ചച്ചവിടി സ്കൂൾ പുനരുദ്ധാരണം 1886/21 (MG-NR)<br>കൺവീനർ. ശ്രീമതി. ഏലിയാമ്മ. പി.ജെ<br>ബിൽ 795/10.02.2021 തുക 123588<br>കരാർ AEE/LSGD-DIV/MPM/584/18-19/04.02.2019<br>അളവ് പുസ്തകം 4333/18-19, 4338/18-19<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 31.06%<br>Est 2018/45851 - TS 10628/18-19 | 14.46 M3 | 88959.8<br>@6152.13/cum | 73574.5<br>@5088.14/cum | 15385 |

അധികം നൽകിയ തുക 15385 രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 3-2 റോഡ് പ്രവൃത്തി. മണ്ണ് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ വികസന ഫണ്ട് പൊതു വിഭാഗം ഉപയോഗിച്ച് നിർവ്വഹണം നടത്തിയ 1337/21 വടക്കേചാലിൽ കക്കോവ് റോഡ് - വാഴയൂർ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 1-7 റോഡ് സൈഡിൽ മണ്ണ് നിറക്കലാണ്. ഈ പ്രവൃത്തിക്ക് ഉറസ്സായ സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിനുള്ള ഡാറ്റ 50.2.26.1 (Filling With Contractor's Own Earth In Open Areas In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. ഈ നിരക്കാണ് ജില്ലാ പഞ്ചായത്തിന്റെ പ്രവൃത്തികളിൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ പരാമർശിത പ്രവൃത്തിയിൽ 60.2.1 പ്രകാരമുള്ള ഡാറ്റയുടെ അടിസ്ഥാനത്തിൽ ഉയർന്ന നിരക്കാണ് നൽകിയത് എന്ന് കാണുന്നു. കൊണ്ടോട്ടി ബ്ളോക്ക് പഞ്ചായത്തിലെ വാഴയൂർ ഗ്രാമ പഞ്ചായത്ത് മണ്ണ് ലഭ്യതയുള്ള പ്രദേശമാണ് . DSR 2016 ൽ 40.2% Cost Index ചേർത്ത് 50.2.26.1 ഡാറ്റക്ക് നൽകാവുന്ന നിരക്ക് 282.78/m3 രൂപയും 60.2.1 ഡാറ്റയുടെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തിക്ക് നൽകിയ നിരക്ക് 436.37/m3 രൂപയുമാണ്. പ്രവൃത്തി സംബന്ധിച്ച മറ്റു വിവരങ്ങൾ, അധികം നൽകിയ തുക എന്നിവ താഴെ ചേർക്കുന്നു. ഓഡിറ്റ് എൻക്വയറി 24/10.06.2022 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബിൽ | 1105/20-21/29.03.2021 | കോസ്റ്റ് ഇൻഡക്സ് | DSR 2016/ 40.2 |
| തുക | 172111 (Final Bill) | അളവ് പുസ്തകം | 2683/17-18. Page 05, 36 |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് ഇ.കെ | ടെണ്ടർ നിരക്ക് | 11.659% Below- Item Rate |
| സാങ്കേതികാനുമതി | 52100/17-18 | പ്രൈസ് ഐഡി | 2017/39658 |

| അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം |
|---|---|---|
| DSR 60.2.1 @ 436.37/m3<br>(അടിസ്ഥാന നിരക്ക് )<br>53.61 M3@385.49/m3 = 20666 | 50.2.26.1 @ 282.784/m3<br>(അടിസ്ഥാന നിരക്ക് )<br>53.61m3 @ 249.81 = 13392 | 7274 |

അധികം നൽകിയ തുക 7274 രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 3-2.1 റോഡ് പ്രവൃത്തി. മണ്ണ് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ മെയിന്റനൻസ് ഫണ്ട് റോഡ് ഉപയോഗിച്ച് നിർവ്വഹണം നടത്തിയ 182/21 മുഴങ്ങല്ലൂർ പാണ്ടിയിൽ റോഡ് - പുളിക്കൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 10 റോഡ് സൈഡിൽ മണ്ണ് നിറക്കലാണ്. ഈ പ്രവൃത്തിക്ക് ഉറസ്സായ സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിനുള്ള ഡാറ്റ 50.2.26.1 (Filling With Contractor's Own Earth In Open Areas In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. ഈ നിരക്കാണ് ജില്ലാ പഞ്ചായത്തിന്റെ പ്രവൃത്തികളിൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ പരാമർശിത പ്രവൃത്തിയിൽ OD295304/2019-20 പ്രകാരമുള്ള ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ ഉയർന്ന നിരക്കാണ് നൽകിയത് എന്ന് കാണുന്നു. കൊണ്ടോട്ടി ബ്ളോക്ക് പഞ്ചായത്തിലെ പുളിക്കൽ ഗ്രാമ പഞ്ചായത്ത് മണ്ണ് ലഭ്യതയുള്ള പ്രദേശമാണ് . DSR 2016 ൽ 31.06 Cost Index ചേർത്ത് 50.2.26.1 ഡാറ്റക്ക് നൽകാവുന്ന നിരക്ക് 261.14/m3 രൂപയും ഒബ്സർവ്ഡ് ഡാറ്റയുടെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തിക്ക് നൽകിയ നിരക്ക് 298.61/m3 രൂപയുമാണ്.അപാകത 23/10.06.2022 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച മറ്റു വിവരങ്ങൾ, അധികം നൽകിയ തുക എന്നിവ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ബിൽ | 791/20-21/11.02.2021 | കോസ്റ്റ് ഇൻഡക്സ് | DSR 2016/ 31.06 |
| തുക | 809464 | അളവ് പുസ്തകം | 1144/19-20. Page 28 |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് ഷക്കീൽ. V.k | ടെണ്ടർ നിരക്ക് | 17.77% Below- Item Rate |
| സാങ്കേതികാനുമതി | 100030/2019-20 | പ്രൈസ് ഐഡി | 2019/16543 |

| അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം |
|---|---|---|
| OD 295304/19-20 @ 298.61 | 50.2.26.1 @ 261.14/m3 | 8335 |

| | | |
|---|---|---|
| 270.447 M3@245.55/m3 = 66408 | 270.447m3 @ 214.73 = 58073 | |

അധികം നൽകിയ തുക 8335 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 3-3 GST വിഹിതം തെറ്റായി അനുവദിച്ചു

GST വിഹിതം ഉൾപ്പെടുന്ന 37.25 എന്ന കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ മരാമത്ത് പ്രവൃത്തിയുടെ പേയ്മെന്റ് നടത്തിയപ്പോൾ 31.06 കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ പ്രവൃത്തികൾക്ക് നൽകാവുന്ന GST വിഹിതം, അധികമായി അനുവദിച്ചതിലൂടെ 247330 രൂപയുടെ നഷ്ടമുണ്ടായി.

GST വിഹിതം ഉൾപ്പെടുന്ന 37.25 എന്ന കോസ്റ്റ് ഇൻഡക്സിൽ 2018-19 -ൽ തയ്യാറാക്കി, 2019-20 ൽ സ്പിൽ ഓവറായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്ലാൻ പൊതു വിഭാഗം സാധാരണ വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിയ 'പാലിയേറ്റീവ് കെയർ ട്രൈനിംഗ് സെന്റർ പെരിന്തൽമണ്ണ ജില്ലാ ആശുപത്രി' ( പ്രോജക്റ്റ് നമ്പർ 990/19, 1747/20) എന്ന പ്രൊജക്റ്റിന്റെ ബിൽ തുക നൽകിയപ്പോൾ 12% GST വിഹിതം അധികമായി അനുവദിച്ചതിലൂടെയാണ് ഇപ്രകാരം നഷ്ടമുണ്ടായത്. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| പ്രവൃത്തി | പാലിയേറ്റീവ് കെയർ ട്രൈനിംഗ് സെന്റർ പെരിന്തൽമണ്ണ ജില്ലാ ആശുപത്രി- 1681/21 | എസ്റ്റിമേറ്റ് നമ്പർ | 2018/53208 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, (LID&EW) | കരാറുകാരൻ | ശ്രീ.അൽത്താഫ് അഹമ്മദ്.കെ.വി |
| സാങ്കേതികാനുമതി | 112469/2018-19 Dt 07-02-2019₹2500000 (EE LSGD Malappuram ) | എം ബുക്ക് | 198/19-20 , 1166/19-20 |
| കരാർ | AEE/LSGD-DIV/MPM/015//19-20 Dt: 15-06-2019 | ചെലവ് | 2308414ബിൽ നമ്പർ – 1150/20-21, തീയതി: 30-03-2021 |
| മൂല്യനിർണ്ണയം | 2061084 + 247330 ( 12 % GST) | അധികം നൽകിയത് | 247330/- |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 30-05-2022 – ന് നൽകിയ 40 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കുകയോ നഷ്ട തുക തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ അധികമായി നൽകിയ 247330 /- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (LID&EW) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയ പ്രവൃത്തികളുടെ ഭാഗമായി ജനൽ കമ്പി വെക്കുന്നതിന് DSR 9.48.2, പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് അർഹമായത്.

DSR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന പ്രവൃത്തികൾക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 3-4-1 പെരുമണ്ണ അംഗൻവാടി കെട്ടിടം - പെരുമണ്ണ ക്ലാരി-

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പെരുമണ്ണ അംഗൻവാടി കെട്ടിടം - പെരുമണ്ണ ക്ലാരി- (1446/21). (ഫണ്ട് -പ്ലാൻ ജനറൽ)<br>ബിൽ നമ്പർ - 732/20-21, 15.01.2021<br>തുക 1000907<br>അളവ് പുസ്തകം 3428/18-19, 498/19-20<br>എസ്റ്റിമേറ്റ് ഇനം 23<br>കരാറുകാരൻ : ശ്രീ. ബുർഹാനുൽ ഹഖ്. കെ.എ<br>കോസ്റ്റ് ഇൻഡക്സ് 37.25% (DSR 2016)<br>Est 2018/108168 - TS 11712/2018-19<br>AEE/LSGD-DIV/MPM/101/19-20/29.07.2019 | 150.73 Kg | 22087.97<br>@146.54/Kg<br>(അടിസ്ഥാന നിരക്ക് 154.34/kg<br>5.04% Below Rate) | 12140.55<br>@80.545/Kg<br>(അടിസ്ഥാന നിരക്ക് 84.82/kg<br>5.04% Below Rate) | 9947 |

ഓഡിറ്റ് എൻക്വയറി 39/10.06.2022

ഫയലിന്റെ കൂടെ വെച്ചിട്ടുള്ള ഫോട്ടോയിൽ അംഗൻവാടിയുടെ ജനലിന് കമ്പിയാണ് വെച്ചിട്ടുള്ളതെന്ന് വ്യക്തമാണ്.

3-4-2 മൊയ്തീൻ ബസാർ 75 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ചെറിയമുണ്ടം

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| മൊയ്തീൻ ബസാർ 75 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ചെറിയമുണ്ടം (99/21).<br>ഫണ്ട്- പ്ലാൻ ജനറൽ<br>ബിൽ 1089/20-21/27.03.2021<br>തുക 908928<br>എസ്റ്റിമേറ്റ് ഇനം 9<br>അളവ് പുസ്തകം 455/20-21, 479/20-21<br>കരാറുകാരൻ : ശ്രീ. റഷീദ്.ടി<br>കോസ്റ്റ് ഇൻഡക്സ് 31.06% (DSR 2016)<br>Est 2019/13655 - TS 65100/2019-20<br>AEE/LSGD-DIV/MPM/359/2019-20/31.12.2019<br>ഓഡിറ്റ് എൻക്വയറി 39/10.06.2022 | 48.546 Kg | 7154.71<br>@147.38/Kg | 3932.23<br>@81/Kg | 3222 |

3-4-3 മാന്തടം 8 -ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ആലങ്കോട്

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| മാന്തടം 8 -ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം - ആലങ്കോട് (1567/21)<br>ഫണ്ട്- പ്ലാൻ ജനറൽ<br>ബിൽ- 588/20-21 /21.07.2020<br>തുക -1327502<br>എസ്റ്റിമേറ്റ് ഇനം -19<br>അളവ് പുസ്തകം- 451/19-20, 3779/18-19<br>കരാറുകാരൻ : ശ്രീ.ബാബു.കെ<br>കോസ്റ്റ് ഇൻഡക്സ് -37.25% (DSR 2016)<br>Est 2018/52001 - TS 80901/2018-19<br>കരാർ : AEE/LSGD-DIV/MPM/296/2018-19 /20.10.2018<br>ഓഡിറ്റ് എൻക്വയറി നമ്പർ – 39/10.06.2022 | 85.44 Kg | 12000.9<br>@140.46/Kg<br>(അടിസ്ഥാന നിരക്ക് 154.34/kg<br>8.99% Below Rate) | 6595.11<br>@77.19/Kg<br>(അടിസ്ഥാന നിരക്ക് 84.82/kg<br>8.99% Below Rate) | 5406 |

3-4-4 പാണ്ട്യാട്ട് എസ്.സി കോളനി ഫുട്പാത്ത് കെട്ടിട നിർമ്മാണം -താനാളൂർ

ഈ പ്രവൃത്തിയുടെ ഭാഗമായി നിർവഹിച്ച കോളനിയിലെ ശ്മശാനത്തിന്റെ കെട്ടിട നവീകരണ പ്രവൃത്തിയിലാണ് ജനൽ കമ്പി വെക്കുന്ന ഇനം ചെയ്തിട്ടുള്ളത്.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പാണ്ട്യാട്ട് പട്ടികജാതി കോളനി നടപ്പാത കോൺക്രീറ്റും അനുബന്ധ പ്രവർത്തനവും -താനാളൂർ (1541/21)ബിൽ നമ്പർ - 732/20-21, 15.01.2021<br>തുക 745455<br>അളവ് പുസ്തകം 1002/19-20<br>കരാറുകാരൻ : ശ്രീ. ദാമോദരൻ. വി<br>കോസ്റ്റ് ഇൻഡക്സ് 37.25% (DSR 2016)<br>Est 2018/121474 - TS 116444/2018-19<br>AEE/LSGD-DIV/MPM/082/19-20/22.07.2019<br>ഓഡിറ്റ് എൻക്വയറി നമ്പർ – 29/10.06.2022 | 209.96 Kg | 32405<br>@154.34/Kg<br>(അടിസ്ഥാന നിരക്ക് 154.34/kg.<br>Estimate Rate) | 17808.8<br>@84.82/Kg<br>(അടിസ്ഥാന നിരക്ക് 84.82/kg<br>Estimate Rate ) | 14596 |

## 3-4-5 പഞ്ചായത്ത് ബസ് സ്റ്റാന്റിൽ സ്ത്രീ സൗഹൃദ കംഫർട്ട് സ്റ്റേഷൻ - പുറത്തൂർ

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പഞ്ചായത്ത് ബസ് സ്റ്റാന്റിൽ സ്ത്രീ സൗഹൃദ കംഫർട്ട് സ്റ്റേഷൻ (1251/21)- പുറത്തൂർ<br>ഫണ്ട് : പ്ലാൻ ജനറൽ<br>ബിൽ -914/20-21/26.03.2021<br>തുക -391292<br>അളവ് പുസ്തകം – 3704/18-19<br>കരാറുകാരൻ : ശ്രീ. ഹസൻ<br>കോസ്റ്റ് ഇൻഡക്സ് 37.25% (DSR 2016)<br>Est 2018/55038 - TS 97333/ 2018-19<br>AEE/LSGD-DIV/MPM/523/18-19/15.01.2019<br>ഓഡിറ്റ് എൻക്വയറി 32/10.06.2022 | 213.608 Kg | 30494.68<br>@142.76/Kg<br>(അടിസ്ഥാന നിരക്ക് 154.34/kg<br>7.503% Below Rate) | 16757.54<br>@78.45/Kg<br>(അടിസ്ഥാന നിരക്ക് 84.82/kg<br>7.503% Below Rate) | 13737 |

## 3-4-6 ചാലാട്ടിൽ അംഗനവാടി നിർമാണം -തേഞ്ഞിപ്പലം

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ചാലാട്ടിൽ അംഗൻവാടി നിർമാണം -തേഞ്ഞിപ്പലം (1466/21)<br>ഫണ്ട്: പ്ലാൻ ജനറൽ<br>ബിൽ - 1101/20-21/29.03.2021<br>തുക – 1299697<br>അളവ് പുസ്തകം – 150/19-20<br>കരാറുകാരൻ : ശ്രീ. എ.കെ .ബാബു<br>കോസ്റ്റ് ഇൻഡക്സ് 37.25% (DSR 2016)<br>Est 2018/49578- TS 110333/2018-19<br>AEE/LSGD-DIV/MPM/667/18-19/26.02.2019<br>ഓഡിറ്റ് എൻക്വയറി 33/10.06.2022 | 175.09 Kg | 26263.5<br>@150/Kg<br>(അടിസ്ഥാന നിരക്ക് 154.34/kg<br>2.82% Below Rate) | 14432.66<br>@82.43/Kg<br>(അടിസ്ഥാന നിരക്ക് 84.82/kg<br>2.82% Below Rate) | 11831 |

## 3-5 ഓഡിറ്റോറിയം നിർമാണം - പർലിന് ഉയർന്ന നിരക്ക് നൽകി.

2020-21 വർഷത്തിൽ നടപ്പാക്കിയ അരീക്കോട് ജി.എച്ച്. എസ്സിന് ഓഡിറ്റോറിയം എന്ന പ്രവൃത്തി (1236/21) യിൽ കെട്ടിടത്തിന്റെ മേൽക്കൂരയിൽ പർലിൻ വർക്കിന് ഉയർന്ന നിരക്ക് നൽകിയത് മൂലം ജില്ലാ പഞ്ചായത്തിന് അധികച്ചെലവുണ്ടായി.GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തികളുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

എസ്റ്റിമേറ്റിൽ Purlin സ്ഥാപിക്കുന്നതിന് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകിയതായി കാണുന്നു. സാധാരണയായി ഇത്തരം വർക്കുകളിൽ 50.10.1 , 50.10. 2 എന്നീ രണ്ട് കോഡുകൾ പ്രകാരമുള്ള ഇനങ്ങൾ ഉൾപെടുത്തി പർലിന് സിംഗിൾ സെക്ഷന്റെ നിരക്കും വാൾ പ്ലേറ്റ് , റാഫ്റ്റർ എന്നിവക്ക് ട്രസ്സ് വർക്കിന്റെ നിരക്കുമാണ് എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകാറുള്ളത്. മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായ പർലിന് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമേ നൽകാനാവൂ. പ്രവൃത്തിയുടെ അളവ് ബുക്ക് (3326/18-19) പരിശോധിച്ചതിൽ സൈഡ് വാൾ , പർലിൻ എന്നിവയ്ക്കായി ആകെ 1174.98 Kg പൈപ്പ് ഉപയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമായി. ഈ പ്രവൃത്തിക്ക് മുഴുവനായും ബിൽറ്റപ്പ് പ്രവൃത്തിയുടെ നിരക്കാണ് നൽകിയിരിക്കുന്നത്.സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബിൽറ്റപ്പ് /ട്രസ്സ് പ്രവൃത്തിയുടെ നിരക്ക് തെറ്റായി നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം വന്ന അധികച്ചെലവിന്റെ വിശദ വിവരം താഴെ നൽകുന്നു. അപാകത ഓഡിറ്റ് എൻക്വയറി നമ്പർ 37/13.06.2022 മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്

| പ്രവൃത്തി | പർലിൻ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| GHS അരീക്കോട് ഓഡിറ്റോറിയം നിർമാണം (1236/21) അരീക്കോട് ഗ്രാമ പഞ്ചായത്ത്.<br>നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ബിൽ 785/20-21/30.01.2021 തുക 90000<br>ബിൽ 182/20-21/11.04.2020 തുക 624423<br>ഫണ്ട് : വികസന ഫണ്ട് – ജനറൽ<br>അളവ് പുസ്തകം 3326/18-19<br>കൺവീനർ : ശ്രീമതി. ശൈലജ<br>കോസ്റ്റ് ഇൻഡക്സ് 37.25% (DSR 2016)<br>Est 2018/10627 - TS 150/2018-19 | 1174.98 Kg | 150973.18<br>@128.49/Kg | 122936.98<br>@104.629/Kg | 28036 |

| | | | | |
|---|---|---|---|---|
| AEE/LSGD-DIV/MPM/064/18-19/24.05.2018 | | | | |

അധികം നൽകിയ തുക 28036 രൂപ ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 3-5-1 ഓഡിറ്റോറിയം നിർമാണം - പർലിന് ഉയർന്ന നിരക്ക് നൽകി

2020-21 വർഷത്തിൽ നടപ്പാക്കിയ കരുവാരക്കുണ്ട് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഓപ്പൺ ഓഡിറ്റോറിയം (1005/21) എന്ന പ്രവൃത്തിയിൽ കെട്ടിടത്തിന്റെ മേൽക്കൂരയിൽ പർലിൻ വർക്കിന് ഉയർന്ന നിരക്ക് നൽകിയത് മൂലം ജില്ലാ പഞ്ചായത്തിന് അധികച്ചെലവുണ്ടായി.GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തികളുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ് ) ( 50.10.2)

എസ്റ്റിമേറ്റിൽ Purlin സ്ഥാപിക്കുന്നതിന് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകിയതായി കാണുന്നു. സാധാരണയായി ഇത്തരം വർക്കുകളിൽ 50.10.1 , 50.10. 2 എന്നീ രണ്ട് കോഡുകൾ പ്രകാരമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി പർലിന് സിംഗിൾ സെക്ഷന്റെ നിരക്കും വാൾ പ്ലേറ്റ് , റാഫ്റ്റർ എന്നിവക്ക് ട്രസ്സ് വർക്കിന്റെ നിരക്കുമാണ് എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകാറുള്ളത്. മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായ പർലിന് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമെ നൽകാനാവൂ. പ്രവൃത്തിയുടെ അളവ് ബുക്ക് (135/20-21) പരിശോധിച്ചതിൽ സൈഡ് വാൾ , പർലിൻ എന്നിവയ്ക്കായി ആകെ 2947.52 Kg പൈപ്പ് ഉപയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമായി. ഈ പ്രവൃത്തിക്ക് മുഴുവനായും ബിൽറ്റപ്പ് പ്രവൃത്തിയുടെ നിരക്കാണ് നൽകിയിരിക്കുന്നത്.സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബിൽറ്റപ്പ് / ട്രസ്സ് പ്രവൃത്തിയുടെ നിരക്ക് തെറ്റായി നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ വന്ന അധികച്ചെലവിന്റെ വിശദ വിവരം താഴെ നൽകുന്നു. അപാകത ഓഡിറ്റ് എൻക്വയറി 47/23.06.2022 മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

| പ്രവൃത്തി | പർലിൻ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| കരുവാരക്കുണ്ട് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഓപ്പൺ ഓഡിറ്റോറിയം (1005/21) കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത്.<br>നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ബിൽ 789/20-21/15.02.2021 തുക 1999908<br>ഫണ്ട് : MG-NR<br>അളവ് പുസ്തകം 135/20-21<br>കൺവീനർ : ശ്രീമതി. ജാലി. എ.എം. (H.M)<br>കോസ്റ്റ് ഇൻഡക്സ് 31.06% (DSR 2016)<br>Est 2020/53416 - TS 58953/2020-21<br>AEE/LSGD-DIV/MPM/156/20-21/24.09.2020 | 2947.52 Kg | 361660.7<br>@122.7/Kg | 308396.07<br>@104.629/Kg | 53265 |

അധികം നൽകിയ തുക 53265 രൂപ നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 3-6 കൺവീനർക്ക് ലാഭ വിഹിതം അനുവദിച്ചു

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ, കരാറുകാർക്ക് നൽകുന്ന ലാഭ വിഹിതം നൽകാൻ പാടില്ല. എന്നാൽ അസി. എക്സി. എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്ട് SO 1596/21- അരീക്കോട് GHSS (ഹൈസ്കൂൾ വിഭാഗം) ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയുടെ എക്സ്ട്രാ ഐറ്റം-2, സിമന്റ് കോൺക്രീറ്റ് ഫ്ലോറിംഗ് 1:2:4 ചെയ്തതിന് DSR സബ് ഹെഡ് 4.1.3 പ്രകാരം 7523.98/cum എന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും(EST No. 2018/128308, TS No. 105229/2018-2019) അപ്രകാരം തുക നൽകുകയും ചെയ്തു. കരാറുകാരന്റെ ലാഭവും ഓവർഹെഡും 15% ഉൾപ്പെടുത്തിയ നിരക്കാണിത്. കൺവീനർ വർക്കിന് 7.5% ഓവർഹെഡ് ചാർജാണ് അനുവദിക്കേണ്ടത്. ആയതിനാൽ, ഈയിനത്തിന് അനുവദനീയമായ നിരക്ക് 7033.31/cum ആണ്. ഈ പ്രവൃത്തിയിലെ മറ്റെല്ലാ ഇനങ്ങൾക്കും 7.5% ഓവർഹെഡ് ചാർജാണ് നൽകിയിരിക്കുന്നത്.

തെറ്റായ നിരക്ക് അനുവദിച്ചതിനാൽ 4602 രൂപ കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

4.1.3- PCC 1:2:4 ചെയ്തത് : 9.379 Cum (M Book 4494/18-19 Page 7)

7523.98/cum നിരക്കിൽ നൽകിയ തുക : 70567.41 (M Book 4494/18-19 Page 26&27)

7033.31/cum നിരക്കിൽ നൽകാവുന്ന തുക : 65965.41

അധികം നൽകിയ തുക : 4602 രൂപ

ട്രഷറി ബിൽ നം. 1) 360/20-21/20.05.2020 (ഒന്നാം പാർട്ട് ബിൽ)

2) 730/20-21/07.01.2021 (ഫൈനൽ ബിൽ)

ഫണ്ട് : വികസന ഫണ്ട് ജനറൽ

കൺവീനർ : ശ്രീ. ചന്ദ്രസേനൻ. കെ.എസ്, ഹെഡ്മാസ്റ്റർ, GHSS, അരീക്കോട്

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 22/13.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 4602 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 കാപ്പിൽ കാരാട് സ്കൂൾ കെട്ടിട നിർമാണം. തുക കൂട്ടിയിട്ടതിൽ പിഴവ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ 1523/21 കാപ്പിൽ കാരാട് GHS ക്ലാസ് റൂം നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചു. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലിൽ വന്ന പിഴവ് കരാറുകാരന് അധിക തുക നൽകാൻ ഇടയായി. പ്രവൃത്തി സംബന്ധിച്ച മറ്റു വിവരങ്ങൾ, അധികം നൽകിയ തുക എന്നിവ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ചെക്ക് നമ്പർ | 1636836/16.11.2020 | കോസ്റ്റ് ഇൻഡക്സ് | DSR 2016/ 37.25 % |
| തുക<br>ഫണ്ട് | 4194297 ( Final Bill )<br>RMSA | അളവ് പുസ്തകം | 3616/18-19, 4161/18-19, 4465/18-19, 907/19-20 |
| കരാറുകാരൻ | ശ്രീ. അൻവർ സാദത്ത് | ടെണ്ടർ നിരക്ക് | Item Rate |
| സാങ്കേതികാനമതി | 103160/2017-18 | പ്രൈസ് ഐഡി | 2017/29891 |

തുക കണക്കാക്കിയതിൽ പിഴവ് .

എസ്റ്റിമേറ്റ് ഇനം 22 DSR 13.43.1 പ്രകാരം സ്കൂൾ കെട്ടിടത്തിന്റെ ചുമർ സിമന്റ് പ്രൈമർ ചെയ്യുന്നതിനാണ്. 2823.898 M2 ന് 50.71/m2 നിരക്കിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിന് കരാറുകാരൻ രേഖപ്പെടുത്തിയ തുക 39/m2 നിരക്കിലാണ്.

മേൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.

| അളവ് പുസ്തകം | പേജ് | ചെയ്ത അളവ് |
|---|---|---|
| 3616/18-19 | 72 | 1040.78m2 |
| 907/19-20 | 25 | 1643.42m2 |
| ആകെ | | 2684.2m2 |

ഇതിൽ 1040.78m2 പ്രവൃത്തി മൂന്നാമത്തെ ബിൽ തയ്യാറാക്കിയ സമയത്ത് പരിഗണിക്കുകയും അർഹമായ തുക (1040.78 X 39 = 40590.42) കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കുന്ന സമയത്ത് , 2684.2-1040.78 = 1643.42 എന്ന് രേഖപ്പെടുത്തുന്നതിന് പകരം 1843.42 എന്ന് തെറ്റായി രേഖപ്പെടുത്തിയതായി കാണുന്നു. (അളവ് പുസ്തകം പേജ് 4161 പേജ് 50 കാണുക) ഇപ്രകാരം ക്ലറിക്കൽ അപാകത കാരണം 7800 രൂപ കരാറുകാരന് അധികം നൽകിയതായി വ്യക്തമാവുന്നു. അപാകത ഓഡിറ്റ് എൻക്വയറി 25/10.06.2022 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക 7800 രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 3-8 ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചു

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ ടോപ്പ് ബെൽറ്റ് കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തിക്ക് DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളൂ.ഓഡിറ്റ് എൻക്വയറി 34/10.06.2022 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.മേൽ പ്രവൃത്തി ഇനത്തിൽ ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം വന്ന അധിക ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.
പ്രോജക്ട് : സ്കൂൾ കുന്ന് പട്ടികജാതി കോളനി ഭവന സുരക്ഷ (മമ്പാട് ഗ്രാമ പഞ്ചായത്ത് ) -1443/21

| | | | |
|---|---|---|---|
| അടങ്കൽ | 983811 രൂപ (Plan SCP) | കരാറുകാരൻ | ശ്രീ. മുഹമ്മദ് അലി. പി.ടി |
| കരാർ | AEE/LSGD-DIV/MPM/504/18-19/07.01.2019 | അളവ് പുസ്തകം | 4470/18-19 |
| ചെലവ് | 983653 | ബിൽ | 286/20-21/11-04-2020 |
| പ്രൈസ് ഐഡി | 2018/108393 | DSR | 2016<br>Cost Index 37.25 |

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് 4.3.1@266.196/m2 | അനുവദിച്ചത് 4.3.2@519.63/m2 | അധികം |
|---|---|---|---|---|
| ഭവന സുരക്ഷ വർക്കിന്റെ ഭാഗമായുള്ള സംരക്ഷണഭിത്തിയുടെ Top Belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി (എസ്റ്റിമേറ്റ് ഇനം (4)<br>( DSR 2016 Cost Index 37.25%) | 63.199 $M^2$ | 16803.09<br>265.876/M2<br>(.12 % Tender Below) | 32800.28<br>519/$M^2$<br>(ക്വോട്ട് ചെയ്ത നിരക്ക് .1 2% Below ER) | 15997 രൂപ |

ഉയർന്ന നിരക്ക് അനുവദിച്ചതിനാൽ കരാറുകാരന് അധികം നൽകിയ 15997 രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 3-8-1 ഫോം വർക്കിന് അധിക നിരക്ക് അനുവദിച്ചു

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ ടോപ്പ് ബെൽറ്റ് കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 5.9.5 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തിക്ക് DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളൂ. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം വന്ന അധിക ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.
ഒറേങ്ങൽ പള്ളിയാളി എസ്. സി കോളനി ഭവന സുരക്ഷ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്) -SO1413/21

| | | | |
|---|---|---|---|
| അടങ്കൽ | 1000000 രൂപ (Plan SCP) | കരാറുകാരൻ | ശ്രീ. സഫ്‌വാൻ. പി.പി |
| TS | 117186/2018-19 | അളവ് പുസ്തകം | 794/19-20 |
| ചെലവ് | 620870 | ബിൽ | 896/19-20/11-04-2020 |
| പ്രൈസ് ഐഡി | 2018/129751 | DSR | 2016<br>Cost Index 37.25% |

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് 4.3.1 @ 266.2/m2 | അനുവദിച്ചത് 5.9.5 @ 470.63/m2 | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഭവന സുരക്ഷ വർക്കിന്റെ ഭാഗമായുള്ള സംരക്ഷണഭിത്തിയുടെ Top Belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി ( DSR 2016 Cost Index 37.25%) | 56.35 $M^2$ | 259.54/M2 (2.5% Tender Below) = 14625 | 458.82/$M^2$ (ക്വോട്ട് ചെയ്ത നിരക്ക് 2.5% Below ER) =25855 | 11230 രൂപ |

അപാകത ഓഡിറ്റ് എൻക്വയറി 27/10.06.2022 മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഉയർന്ന നിരക്ക് അനുവദിച്ചതിനാൽ കരാറുകാരന് അധികം നൽകിയ 11230/-രൂപ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 3-9 നിർമിതി കേന്ദ്രം മുഖേനയുള്ള വർക്ക്. എസ്റ്റിമേറ്റ് പരിശോധനാ വിധേയമാക്കിയിട്ടില്ല

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ 1646/21 ജില്ലാ പഞ്ചായത്ത് കെട്ടിടം നവീകരണം , പെയിന്റിങ്ങ് , ഗേറ്റ് എന്ന സ്പിൽ ഓവർ പ്രോജക്ടിന് ചെക്ക് നമ്പർ 1636863 തിയ്യതി 22.04.2021 പ്രകാരം 2237065 രൂപ ചെലവ് വന്നിട്ടുണ്ട്. (പ്രവൃത്തി ആരംഭിക്കുന്നത് 1290/15 പ്രോജക്ടിന്റെ ഭാഗമായിട്ടാണ്.) പ്രവത്തി നിർവഹിക്കുന്നത് ജില്ലാ നിർമിതി കേന്ദ്രം, മലപ്പുറം മുഖേനയാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും, അംഗീകാരം നൽകുന്നതും, സാങ്കേതികാനുമതി നൽകുന്നതും, വർക്ക് മെഷർ ചെയ്യുന്നതും, ചെക്ക് മെഷർ ചെയ്യുന്നതും നിർമിതി കേന്ദ്രമാണ്. സ്വന്തമായി എഞ്ചിനീയറിങ്ങ് വിഭാഗം ഉണ്ടെങ്കിലും എസ്റ്റിമേറ്റ് ജില്ലാ പഞ്ചായത്ത് സാങ്കേതിക വിഭാഗം പരിശോധനാ വിധേയമാക്കിയിട്ടില്ല എന്ന് വ്യക്തമാവുന്നു. പ്രധാനമായും അഞ്ച് ഘടകങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപെടുന്നത്. കോൺഫറൻസ് ഹാൾ (3720478) , ഫ്ളോറിങ്ങ് (852074) , ഗേറ്റ് , ആക്സസ് റോഡ് (663070), പെയിന്റിങ്ങ് (778375) , പാർക്കിങ്ങ് യാർഡ് (91513) എന്നിവയാണ് പ്രധാന ഘടകങ്ങൾ. കൂടാതെ നികതികൾക്കായും അസാധാരണ ചെലവുകൾക്കായും 282490 രൂപയും ഉൾപെടെ 6388000 രൂപയാണ് എസ്റ്റിമേറ്റ് തുക. ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. എസ്റ്റിമേറ്റ് ഇനം 10, 11 , 82 എന്നിവ റൂഫിങ്ങ് ഷീറ്റ് ഉപയോഗിച്ച് മേൽക്കര നിർമ്മിക്കുന്നതിനാണ്. എസ്റ്റിമേറ്റിൽ .50mm കനത്തിലുള്ള Precoated Iron Profile Sheet, Ridges എന്നിവ ഉപയോഗിക്കുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഇതേ കനത്തിലുള്ള ഷീറ്റ് പൊതു മാർക്കറ്റിൽ സുലഭമല്ല എന്നിരിക്കെ എസ്റ്റിമേറ്റിൽ വകയിരുത്തിയ കനത്തിലുള്ള ഷീറ്റ് തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. നിർമിതി കേന്ദ്രത്തിന്റെ എഞ്ചിനീയർമാർ ഈ കാര്യം രേഖപ്പെടുത്തിയിട്ടില്ല. ആയത് പരിശോധനാ വിധേയമാക്കേണ്ടതാണ് എന്നും ഉപയോഗിച്ച ഷീറ്റിന്റെ കനം പരിശോധിച്ച് വിവരം അറിയിക്കണമെന്നും ആവശ്യപ്പെട്ട് KSA MPM /DP1/41/2021 തീയതി 15. 06. 2022 പ്രകാരം കത്ത് നൽകിയെങ്കിലും വിവരം ലഭ്യമാക്കിയില്ല. ഈ ഇനത്തിനായി 218954 രൂപ ചെലവഴിച്ചതായി അളവ് പുസ്തകം M/225/2014/B2 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഇനം പത്തിന് 226.1/m2@733.05/m2 നിരക്കിൽ 165742.6 രൂപയും , ഇനം പതിനൊന്നിൽ 17.2/m2@749.63/m2 നിരക്കിൽ 12893.64 രൂപയും, ഇനം 82 ൽ 55/m2@733.05/m2 നിരക്കിൽ 40317.75 രൂപയും). വ്യക്തമായ വിവരം ലഭ്യമാവുന്നത് വരെ ഈ ഇനത്തിലെ ചെലവ് തുക തടസ്സം ചെയ്യുന്നു.

2. എസ്റ്റിമേറ്റ് ഇനം 71 ഗേറ്റ് സ്ഥാപിക്കുന്നതിനാണ്. (Supplying And Fixing Gate With Best Quality GI Rectangular Hollow Sections ) എന്നാൽ ഗേറ്റിന് DSR കോഡ് രേഖപ്പെടുത്താതെ ലംപ്സം തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ഗേറ്റിന് 75000 രൂപ നിരക്കിൽ രണ്ട് ഗേറ്റ് സ്ഥാപിക്കുന്നതിന് 150000 രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളത്. അത്രയും തുക ചെലവഴിച്ചതായി അളവ് പുസ്തകം 224/14 പേജ് 64 ൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ രീതി ക്രമപ്രകാരമല്ല. അതേസമയം, ഗേറ്റ് സ്ഥാപിക്കുന്നതിന് DSR ൽ പ്രത്യേക ഐറ്റം കോഡ് നിലവിലുണ്ട് എന്നതാണ് വസ്തുത. ഗേറ്റ് സ്ഥാപിക്കുന്നതിന് DSR 10.25.2 പ്രകാരമുള്ള നിരക്കാണ് സാധാരണയായി നൽകാറുള്ളത്. ഇതാണ് അനുവദനീയമായതും. ഗേറ്റ് നിർമിക്കുന്നതിന് ഉപയോഗിച്ച പൈപ്പിന്റെ തൂക്കം അടിസ്ഥാനമാക്കിയാണ് അർഹമായ തുക കണക്കാക്കേണ്ടത്. DSR 10.25.2 പ്രകാരമുള്ള നിരക്ക് കണക്കാക്കി നിർവഹണ ഏജൻസി അധിക തുക ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധനാവിധേയമാക്കേണ്ടതാണ്. ഈ ഇനത്തിലെ ചെലവ് തുക 150000 രൂപ തടസ്സം ചെയ്യുന്നു.

3. എസ്റ്റിമേറ്റ് ഇനം 17 ജനൽ കമ്പികൾ വെക്കുന്നതിനാണ് . DSR 9.48.2 പ്രകാരമുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി നേരിട്ട് പരിശോധിച്ചതിൽ, DSR 9.48.1 പ്രകാരമുള്ള നിരക്കാണ് അർഹമായിട്ടുള്ളത് എന്ന് കാണുന്നു. നിരക്ക് അനുവദിച്ചത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

4. DSR അടിസ്ഥാനമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. നിർമിതി കേന്ദ്രം മുഖേനയുള്ള പ്രവത്തികൾക്ക് എസ്റ്റിമേറ്റിൽ കോൺട്രാക്ടേഴ്സ് പ്രൊഫിറ്റ് ഉൾപെടുത്തേണ്ടതില്ല. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അടിസ്ഥാനമാക്കിയ കോസ്റ്റ് ഇൻഡക്സ് എത്ര എന്നും കരാറുകാരന്റെ ലാഭ വിഹിതം ഉൾപെടുത്തിയാണോ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും പരിശോധിച്ച് ഉറപ്പ് വരുത്താനാവുന്നില്ല. (ഐറ്റം 5.9.5 DSR ലെ അടിസ്ഥാന നിരക്ക് 342.90/m2 -കരാറുകാരന്റെ ലാഭവിഹിതം ഉൾപെടുത്തിയും കോസ്റ്റ് ഇൻഡക്സ് ഇല്ലാതെയും- എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് 378.9/m2) (ഐറ്റം 13.60.1 DSR ലെ അടിസ്ഥാന നിരക്ക് 84.45/m2 -കരാറുകാരന്റെ ലാഭവിഹിതം ഉൾപെടുത്തിയും കോസ്റ്റ് ഇൻഡക്സ് ഇല്ലാതെയും- എന്നാൽ എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് 85.36/m2) അനുവദിച്ച നിരക്കിൽ വ്യക്തത വരുത്തേണ്ടതാണ്. ഓരോ ഇനത്തിലും വ്യത്യസ്ത രീതിയിലാണ് നിരക്ക് കണക്കാക്കിയത് എന്ന് കാണുന്നു.

5. എസ്റ്റിമേറ്റ് ഇനം 77 (Appendix 4) ജില്ലാ പഞ്ചായത്തിന്റെ നിലവിലുള്ള കെട്ടിട ഭാഗങ്ങൾ പെയിന്റ് ചെയ്യുന്നതിനാണ്. ഇതിനായി ഗ്രൗണ്ട് ഫ്ലോറിലേയും, ഒന്നാം നിലയിലേയും, രണ്ടാം നിലയിലേയും, പുറം ഭാഗത്തേയും നിലവിലെ പെയിന്റ് ഉരച്ച് ഒഴിവാക്കുന്നതിന് DSR കോഡ് 14.46 പ്രകാരമുള്ള നിരക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം 7289.26m2 ചെയ്യുന്നതിന് 10.74/*m2 നിരക്കിൽ 78396 രൂപ വകയിരുത്തുകയും 78286 രൂപ ചെലഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്ന് പെയിന്റ് വർക്ക് നിലവിൽ പെയിന്റിങ്ങ് ഉള്ള കെട്ടിടത്തിലാണ് എന്ന കാര്യം പ്രകടമാണ്. നിലവിലെ കെട്ടിടങ്ങളുടെ റിപ്പയർ പ്രവൃത്തികൾക്ക് DSR ലെ SUB HEAD : 14.0 REPAIRS TO BUILDING എന്ന ഭാഗത്ത് നിന്നാണ് ഐറ്റം കോഡ് സെലക്ട് ചെയ്യേണ്ടത്. എന്നാൽ പുതിയ കെട്ടിടങ്ങൾക്ക് ഉപയോഗിക്കുന്ന കോഡും നിരക്കുമാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിട്ടുള്ളത് എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു. നിർമിതി കേന്ദ്രം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ DSR 13.60.1 പ്രകാരമുള്ള 85.36/*m2 നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത് . ഇപ്രകാരം 7521.1/m2 ഏരിയ പെയിന്റ് ചെയ്യുന്നതിന് 85.36/m2 നിരക്കിൽ (അടിസ്ഥാന നിരക്ക് 84.45) 642867 രൂപ വകയിരുത്തുകയും 642001.09 രൂപ നിർമിതി കേന്ദ്രത്തിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. (അളവ് ബുക്ക് 225/14 പേജ് 69). ഈ ഇനത്തിന് DSR കോഡ് 14.53.1 പ്രകാരമുള്ള 55.25 അടിസ്ഥാന നിരക്ക് (കരാറുകാരന്റെ ലാഭവിഹിതം ഉൾപെടുത്തിയും കോസ്റ്റ് ഇൻഡക്സ് ഇല്ലാതെയും) മാത്രമാണ് അനുവദനീയമായിട്ടുള്ളത് . നിർമിതി കേന്ദ്രം അധിക നിരക്ക് ഈടാക്കിയതായി വ്യക്തമാവുന്നു. അനുവദിച്ച നിരക്കിന്റെയും അനുവദിക്കാവുന്ന നിരക്കിന്റെയും അടിസ്ഥാന നിരക്ക് പരിഗണിച്ചാൽ തന്നെ ( 84.45-55.25 X7521.1 = 219616.12 ) 219616 .12 രൂപ നിർമിതി കേന്ദ്രം അധികം വാങ്ങിയതായി വ്യക്തമാവുന്നു.

6. എസ്റ്റിമേറ്റ് ഇനം 78 പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ ജനൽ , ഹാന്റ് റെയിൽ എന്നിവ റീപെയിന്റ് ചെയ്യുന്നതിന് 13.61.1 പ്രകാരമുള്ള ( അടിസ്ഥാന നിരക്ക് 78.40) 75.11/m2 നിരക്കാണ് നൽകിയിട്ടുള്ളത്. 14.54.1 പ്രകാരമുള്ള 51.30/m2 അടിസ്ഥാന നിരക്കാണ്

അനുവദനീയമായത്.പ്രവൃത്തിയുടെ ഭാഗമായി 760.39m2 ഏരിയ ജനൽ കമ്പി, ഹാന്റ് റെയിൽ എന്നിവ പെയിന്റ് ചെയ്യുന്നതിന് 75.11/m2 നിരക്കിൽ (അടിസ്ഥാന നിരക്ക് 78.40/m2) 57112.89 രൂപ നിർമിതി കേന്ദ്രത്തിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. (അളവ് ബുക്ക് 225/14 പേജ് 69). ഇപ്രകാരം അടിസ്ഥാന നിരക്ക് പരിഗണിച്ചാൽ തന്നെ ( 78.40-51.30 X760.39 = 20606.56) 20606.56 രൂപ നിർമിതി കേന്ദ്രം അധികം വാങ്ങിയതായി വ്യക്തമാവുന്നു.

7. എക്സിക്യൂട്ടീവ് എഞ്ചനീയർക്ക് അയച്ച ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ G1/717/15 Dtd 16.12.2017 കത്തിൽ നിർമിതി കേന്ദ്രം മുഖേന ചെയ്ത പ്രവൃത്തികളുടെ സൂക്ഷമമായ ഒരു പരിശോധന ആവശ്യമാണ് എന്ന് പരാമർശിക്കുന്നുണ്ട്. പ്രവൃത്തികളുടെ ഗുണനിലവിരാമില്ലായ്മ സംബന്ധിച്ച് വിശദമായി കത്തിൽ സൂചിപ്പിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ സ്വന്തമായി എഞ്ചിനീയറിങ്ങ് വിങ്ങ് ഉണ്ടായിട്ടും നിർവഹണ ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റ് പരിശോധനാ വിധേയമാക്കിയിട്ടില്ല എന്നത് ഗുരുതര പിഴവായി കാണുന്നു.

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ അതേ അളവിലും ഗുണനിലവാരത്തിലും നിർവഹിച്ചിട്ടുണ്ടോ എന്ന പരിശോധന നിർവഹണ ഉദ്യോഗസ്ഥനും നടത്തിയിട്ടില്ല എന്ന് വ്യക്തമാവുന്നു. ആയത് പരിശോധനാ വിധേയമാക്കേണ്ടതും GO (P) 161/2019 Fin Dated 25.11.2019 ഉത്തരവ് പ്രകാരമുള്ള Defects Liability കാലയളവ് ഈ വർക്കുകളുടെ കാര്യത്തിൽ പാലിച്ചിട്ടുണ്ടോ എന്നും പരിശോധനാ വിധേയമാക്കേണ്ടതാണ്. ഈ പ്രവൃത്തിയിലെ നടപടിക്രമങ്ങളിലെ വീഴ്ച ഓഡിറ്റ് എൻക്വയറി 44/14.06.2022 പ്രകാരം സെക്രട്ടറിയുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക 240223 രൂപ നിർവഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

കുറിപ്പ്.

ഈ എസ്റ്റിമേറ്റിലെ ഒന്നാം ഇനമായി നിർവഹണം പൂർത്തിയാക്കിയ കോൺഫറൻസ് ഹാൾ, പുനരുദ്ധാരണത്തിന് 2020-21 ൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 1866/21 പ്രോജക്ട് തയ്യാറാക്കുകയും ആർട്കോ മുഖേന പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. ഇതിനായി 2998841 രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആർട്കോക്ക് തുക നൽകിയത് സ്പിൽ ഓവറായി 2021-22 വർഷമാണ്.

## 3-10 വിജയഭേരി വിദ്യാഭ്യാസ പദ്ധതി 2019-20 നിർവഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചു

നിർവഹണോദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം

പ്രോജക്ട് : വിജയഭേരി വിദ്യാഭ്യാസ പദ്ധതി 2019-20

പ്രോജക്ട് നം. : SO 1296/21

അടങ്കൽ : 20,00,000 രൂപ (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് : 1993308 രൂപ (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം)

എല്ലാ വിദ്യാർത്ഥികൾക്കും ഗുണ നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്താനും എസ്.എസ്.എൽ.സി, പ്ലസ് ടു റിസൾട്ട് മെച്ചപ്പെടുത്താനും ഉദ്ദേശിച്ചുള്ള പദ്ധതിയാണ് വിജയഭേരി. ഈ പദ്ധതിക്ക് 1993308 രൂപ താഴെ ചേർത്ത പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

പട്ടിക 1

| ക്രമ നം. | ട്രഷറി ബിൽ നമ്പർ/തിയതി | തുക | ചെലവിനം |
|---|---|---|---|
| 1 | 5/13.05.20 | 349605 | തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയിലെ വിവിധ ഹൈസ്കൂളുകളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ക്യാമ്പ് നടത്തിയത്. |
| 2 | 6/13.05.20 | 438750 | മലപ്പുറം വിദ്യാഭ്യാസ ജില്ലയിലെ വിവിധ ഹൈസ്കൂളുകളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ക്യാമ്പ് നടത്തിയത്. |
| 3 | 7/13.05.20 | 345262 | തിരൂർ വിദ്യാഭ്യാസ ജില്ലയിലെ വിവിധ ഹൈസ്കൂളുകളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ക്യാമ്പ് നടത്തിയത്. |
| 4 | 8/13.05.20 | 179810 | വണ്ടൂർ വിദ്യാഭ്യാസ ജില്ലയിലെ വിവിധ ഹൈസ്കൂളുകളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് ക്യാമ്പ് നടത്തിയത്. |
| 5 | 9/13.05.20 | 371633 | വിവിധ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രത്യേക കോച്ചിംഗ് ക്യാമ്പ് നടത്തിയത്. |
| 6 | 12/13.05.20 | 308248 | വിവിധ പരിശീലനങ്ങൾ - ഹോണറേറിയം / ഭക്ഷണച്ചെലവ്. |
| ആകെ | | 1993308 | |

മേൽ ക്രമ നമ്പർ (6) പ്രകാരം 308248 രൂപ ചെലവഴിച്ചത് വിവിധ പരിശീലനങ്ങൾ, ശില്പശാലകൾ, മൊഡ്യൂളുകൾ/ ഇ- കണ്ടന്റ് നിർമ്മാണം എന്നിവയ്ക്ക് വേണ്ടിയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 2

| ക്രമ നം. | ചെലവിനം | തുക |
|---|---|---|
| 1 | VHSE ഫിസിക്സ്, കെമിസ്ട്രി, മാത്സ്, അക്കൗണ്ടൻസി, ഇംഗ്ലീഷ് വിഷയങ്ങൾക്ക് ബ്രിഡ്ജ് കോഴ്സ് മെറ്റീരിയൽ നിർമ്മാണ ശില്പശാല (2019 മെയ് 31, ജൂൺ 1) യിൽ പങ്കെടുത്ത 10 അധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (10x500x2)<br>ജില്ലാ പഞ്ചായത്ത് വിജയഭേരി കോ ഓർഡിനേറ്റർ ശ്രീ. ടി. സലീമിന് ഹോണറേറിയം (500x2) | 10000<br>1000 |
| 2 | 25.06.19 ന് ഹൈസ്കൂൾ വിജയഭേരി കോ ഓർഡിനേറ്റർമാർക്ക് പരിശീലനം നൽകിയ പരിശീലകന് ഹോണറേറിയം<br>പങ്കെടുത്തവർക്ക് ഭക്ഷണം | 2000<br>24528 |
| 3 | 22.07.19 ന് ഹൈസ്കൂളുകളിൽ പുതുതായി നിയമിക്കപ്പെട്ട കൗൺസിലേഴ്സിന് വിജയഭേരി പ്രത്യേക പരിശീലനം നൽകിയ പരിശീലകന് ഹോണറേറിയം | 2000 |

| | | |
|---|---|---|
| | പങ്കെടുത്തവർക്ക് ഭക്ഷണം | 4256 |
| 4 | 05.07.19 ന് വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം- ഭക്ഷണം | 5712 |
| 5 | മുൻ വർഷം 80% ൽ താഴെ റിസൾട്ടുള്ള ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ യോഗവും പരിശീലനവും (06.08.19 ന്) പരിപാടിയിലെ പരിശീലകന് ഹോണറേറിയം<br>പങ്കെടുത്തവർക്ക് ഭക്ഷണം | 2000<br>4224 |
| 6 | എട്ടാം ക്ലാസ് സാമൂഹ്യ ശാസ്ത്ര പാഠഭാഗങ്ങളുടെ ഇ- കണ്ടന്റ് (CD) തയ്യാറാക്കലിന്<br>(ഇംഗ്ലീഷ് മീഡിയം- 2019 ഓഗസ്റ്റ് 23,24,25,28 മലയാളം മീഡിയം- 2019 സെപ്റ്റംബർ 7,8,9,21) പങ്കെടുത്ത 7 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (7x500x8)<br>ജില്ലാ പഞ്ചായത്ത് വിജയഭേരി കോ ഓർഡിനേറ്റർ ശ്രീ. ടി. സലീമിന് ഹോണറേറിയം (500x4)<br>CD Designing, Writing | 28000<br>2000<br>19360 |
| 7 | ഹയർ സെക്കന്ററി അദ്ധ്യാപക കൈപ്പുസ്തകങ്ങൾ (Step-Up) നിർമ്മാണ ശില്പശാലയിൽ (പ്ലസ് വൺ ഇംഗ്ലീഷ് -2019 സെപ്റ്റംബർ 7,14,21,28) പങ്കെടുത്ത 9 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (9x500x4)<br>പ്ലസ് ടു ഇംഗ്ലീഷ് കൈപ്പുസ്തക നിർമ്മാണ ശില്പശാലയിൽ(2019 ഒക്ടോബർ 12,19,25,26) പങ്കെടുത്ത 9 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (9x500x4)<br>പ്ലസ് വൺ കെമിസ്ട്രി (2019 നവം 2,3,9,10)കൈപ്പുസ്തക നിർമ്മാണ ശില്പശാലയിൽ പങ്കെടുത്ത 8 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (8x500x4)<br>പ്ലസ് ടു കെമിസ്ട്രി (2019 നവം 30, ഡിസം 1,7,8) കൈപ്പുസ്തക നിർമ്മാണ ശില്പശാലയിൽ പങ്കെടുത്ത 8 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (8x500x4)<br>ജില്ലാ പഞ്ചായത്ത് വിജയഭേരി കോ ഓർഡിനേറ്റർ ശ്രീ. ടി. സലീമിന് ഹോണറേറിയം (500x16) | 18000<br>18000<br>16000<br>16000<br>8000 |
| 8 | പ്ലസ് ടു എക്കണോമിക്സ് അദ്ധ്യാപക കൈപ്പുസ്തകം (Step-Up) നിർമ്മാണ ശില്പശാലയിൽ (2019 നവം 2,9,10,16) പങ്കെടുത്ത 3 അദ്ധ്യാപകർക്ക് ദിവസേന 500 രൂ വീതം ഹോണറേറിയം (3x500x4) | 6000 |
| 9 | 13.11.19 ന് ഹൈസ്കൂൾ സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർക്ക് എട്ടാം ക്ലാസിലെ ഇ- കണ്ടന്റ് പരിചയപ്പെടുത്താനുള്ള പരിശീലനം നൽകിയ പരിശീലകർക്ക് ഹോണറേറിയം 2x2000<br>പങ്കെടുത്തവർക്ക് ഭക്ഷണം | 4000<br>23296 |
| 10 | 14.11.19 ന് ഹയർ സെക്കന്ററി പൊളിറ്റിക്കൽ സയൻസ് അദ്ധ്യാപകർക്ക് പരിശീലനം നൽകിയ പരിശീലകർക്ക് ഹോണറേറിയം 2x2000<br>പങ്കെടുത്തവർക്ക് ഭക്ഷണം | 4000<br>12096 |
| 11 | SSLC ഇംഗ്ലീഷ് അദ്ധ്യാപക കൈപ്പുസ്തകം (Step-Up) നിർമ്മാണ ശില്പശാലയിൽ<br>(2019 ഡിസം 26,27,28,29) പങ്കെടുത്ത 8 അദ്ധ്യാപകർക്ക് ദിവസേന 500 രൂപ വീതം ഹോണറേറിയം (8x500x4)<br>ജില്ലാ പഞ്ചായത്ത് വിജയഭേരി കോ ഓർഡിനേറ്റർ ശ്രീ. ടി. സലീമിന് ഹോണറേറിയം (500x4) | 16000<br>2000 |
| 12 | 12.12.19 ന് ഹയർ സെക്കന്ററി എക്കണോമിക്സ് അദ്ധ്യാപകർക്ക് പരിശീലനം നൽകിയ പരിശീലകർക്ക് ഹോണറേറിയം 2x2000<br>പങ്കെടുത്തവർക്ക് ഭക്ഷണം | 4000<br>18592 |
| 13 | 06.01.20 ന് ഹയർ സെക്കന്ററി ഇംഗ്ലീഷ് അദ്ധ്യാപകർക്ക് പരിശീലനം നൽകിയ<br>പരിശീലകർക്ക് ഹോണറേറിയം 2x2000<br>പങ്കെടുത്തവർക്ക് ഭക്ഷണം | 4000<br>13536 |
| 14 | 14.01.20 ന് ഹൈസ്കൂൾ ഇംഗ്ലീഷ് അദ്ധ്യാപകർക്ക് പരിശീലനം നൽകിയ<br>പരിശീലകർക്ക് ഹോണറേറിയം 2x2000<br>പങ്കെടുത്തവർക്ക് ഭക്ഷണം | 4000<br>15648 |
| | ആകെ | 308248 |

പ്രോജക്ട് നിർവഹണത്തിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

(1) പട്ടിക 2 ൽ ക്രമ നമ്പർ (1),(6),(7),(8),(11) എന്നിവയിൽ പ്രതിപാദിച്ച വിധം 141000 രൂപ, ശില്പശാലയിൽ പങ്കെടുത്ത അദ്ധ്യാപകർക്കും ജില്ലാ പഞ്ചായത്ത് വിജയഭേരി കോ ഓർഡിനേറ്റർക്കും ഹോണറേറിയം നൽകാനാണ് ചെലവഴിച്ചത്. ഇത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് സബ്സിഡി മാർഗരേഖയായ സ.ഉ (കൈ) 22/2018/ തസ്വഭവ തി: 14.02.18 നമ്പർ ഉത്തരവിലെ ഖണ്ഡിക 8.10 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ (ഇ) വകുപ്പിന്റെ 14.09.2011 ലെ സ.ഉ (സാധാ) 3917/2011/പൊ.വി നമ്പർ ഉത്തരവ് പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ, വിജയഭേരി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും നിയമിതനായ ജില്ലാ കോ ഓർഡിനേറ്റർക്ക് പ്രത്യേകം ഹോണറേറിയത്തിന് അർഹതയില്ല. സർക്കാർ നിർദ്ദേശം ലംഘിച്ച് ഹോണറേറിയം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(2) പട്ടിക 2 ലെ ക്രമ നമ്പർ (6) ൽ പരാമർശിച്ച പ്രകാരം, എട്ടാം ക്ലാസിലെ സാമൂഹ്യ ശാസ്ത്ര പാഠഭാഗങ്ങളുടെ ഇ- കണ്ടന്റ് (CD) തയ്യാറാക്കിയതിന് 49360 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇംഗ്ലീഷ് മീഡിയത്തിനും മലയാള മീഡിയത്തിനും നാലു ദിവസം വീതം അദ്ധ്യാപകർ ശില്പശാല നടത്തിയാണ് CD തയ്യാറാക്കിയത്. ഇതിന് ഹോണറേറിയമായി 30000 രൂപയും CD യ്ക്ക് 19360 രൂപയും ചെലവഴിച്ചു. ഈ CD കൾ ഓഡിറ്റ് പരിശോധിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ SAMAGRA പോർട്ടലിലെ Edutainment, E- Resources, General Resources, Question Pool തുടങ്ങിയ വിന്റോകളിൽ ലഭ്യമായ ഉള്ളടക്കങ്ങളാണ് CD യിലുമുള്ളത്. ഈ ഉള്ളടക്കങ്ങൾ സമൂഹ മാധ്യമങ്ങളിലൂടെ ഷെയർ ചെയ്ത് സ്മാർട്ട് ക്ലാസ് മുറികളിൽ

ഉപയോഗപ്പെടുത്താമെന്നിരിക്കേ, ശില്പശാല സംഘടിപ്പിച്ച് CD തയ്യാറാക്കിയതും അത് പരിചയപ്പെടുത്താൻ അദ്ധ്യാപകർക്ക് പരിശീലനം നടത്തിയതും (പട്ടിക 2 ക്രമ നമ്പർ 9) അനാവശ്യ ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. സ.ഉ (കൈ) 11/2018/തസ്വഭവ തി: 29.01.18 നമ്പർ പദ്ധതി മാർഗരേഖ ഖണ്ഡിക 7.6 ൽ, പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ SSA, RMSA, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമാകരുതെന്ന നിർദ്ദേശവും ലംഘിക്കപ്പെട്ടു.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/05.02.22) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, വിജയഭേരി പ്രോജക്ടിന് സർക്കാറിന്റെയും ജില്ലാ പഞ്ചായത്തിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്നും സബ്സിഡി മാർഗരേഖയെ കുറിച്ചുള്ള അറിവില്ലായ്മ മൂലമാണ് അദ്ധ്യാപകർക്ക് ഹോണറേറിയം വിതരണം ചെയ്തതെന്നും അറിയിച്ചു.

സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഹോണറേറിയം നൽകിയ തുക 141000 രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി നിർവഹണത്തിലെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വിജയഭേരി പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | KWA | ആന്തിയൂർകുന്ന് പ്രദേശങ്ങളിലേക്ക് ചീക്കോട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ലൈൻ-പുളിക്കൽ (1283/21) | 22000241/ 11-04-20 | 1000000 | 760657 | AB2/5461/2009/17-12-21 നമ്പറായി തുക വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു. | അവശേഷിച്ച 239343 രൂപ 25-02-22 -ലെ 121060500016 നമ്പർ രസീത് പ്രകാരം തിരികെ അടച്ചു |
| 2 | KWA | മൂച്ചിക്കൽ പോസ്റ്റ് ഓഫീസ് - പാറക്കളം -മാനീരി ഭാഗ ത്തേക്ക് ചീക്കോട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ-മുതുവല്ലൂർ (Multi Year)(49/21) | 22000337/ 11-04-20 | 500000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 00255432/ 12-06-20 | 500000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 3 | KWA | പള്ളി കുത്ത് കോളനി - ചീക്കോട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ-മുതുവല്ലൂർ(1284/21) | 22000367/ 12-04-20 | 2000000 | 1519541 | AB2/5461/2009/17-12-21 നമ്പറായി തുക വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു. | അവശേഷിച്ച തുക480459 രൂപ 25-02-22 -ലെ 121060500016 നമ്പർ രസീത് പ്രകാരം തിരികെ അടച്ചു |
| 4 | KWA | കണ്ണമംഗലം പഞ്ചായത്തിലെ വിവിധ എസ്.സി കോളനി കളിൽ പൈപ്പ് എക്സ്റ്റൻഷൻ (52/21) | 22000370/ 12-04-20 | 2400000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 5 | KWA | മാനീരി -മൈലാമ്പ്ര കാളൻ കുന്ന്-ചെറുതടം കോളനിക ളിലേക്ക് ചീക്കോട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-മുതുവല്ലൂർ (53/21) | 01587534/ 11-04-20 | 2000000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 42000157/ 12-06-20 | 4000000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 6 | KWA | കറുവ ഗ്രാമീണ ശുദ്ധജല പദ്ധതി സ്റ്റാന്റ് ബൈ മോട്ടോർ വാങ്ങൽ - | 22000244/11-04-20 | 1000000 | 712332 | വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ AB2//5461 /2009/18-02-2022 നമ്പറായി തുക വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു. | 287668 രൂപ സ്പിൽ ഓവർ പ്രോജക്റ്റിനായി ചെലവഴിച്ചുവെന്ന് അഡ്വാൻസ് രജിസ്റ്ററിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കറുവ (1290/21) | | | | | കാണിച്ചിട്ടുണ്ട്.എന്നാൽ ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയിട്ടില്ല. |
| 7 | KWA | മേത്തലയിൽ-തനിയംപുറം കഴിത്തൊളം-കുറ്റിക്കാട്ടിൽ പൈപ്പ് ലൈൻ സ്ഥാ പിക്കൽ - മുതുവല്ലൂർ (1452/21) | 42000155/ 26-05-20 | 1000000 | 939359 | - ടി- | ബാക്കി തുക 60641 രൂപ തിരിച്ചടച്ച്. (രസീത് നമ്പർ 121016500016/ 25-02-21) |
| 8 | KWA | പൂവ്വത്തികോട്ട പുല്ലൂർപുറായ് ചാശക്കണ്ടിപുറായ് കോളനി- ചീക്കോട് കടിവെള്ള പദ്ധതി യിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ എക്സ്റ്റൻഷന് (1312/21) | 22000368/12-04-20 | 1000000 | 786673 | - ടി- | ബാക്കി തുക 213327/-രൂപ തിരിച്ചടച്ച് (രസീത് നമ്പർ 121016500016/ 25-02-21) |
| 9 | KWA | ചെറുമുറ്റം-മായക്കര-അട്ടവളപ്പിൽ-നരിക്കുട്-വാക്കാട് പ്രദേശത്ത് ചീക്കോട് കടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ നീട്ടൽ (57/21) | 42000153/12-06-20 | 500000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 10 | KWA | കുട്ടിലങ്ങാടി പഞ്ചായത്തിലെ കട്ടപുറം ഭാഗത്തേക്ക് ലൈൻ നീട്ടൽ (ഏ1314/21) | 22000246/11-04-20 | 1000000 | 899986 | AB2/5461/2009/18-02-2022 നമ്പറായി തുക വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു. | 100014/-രൂപ തിരിച്ചടച്ച് (രസീത് നമ്പർ 121016500016/ 25-02-21) |
| 11 | KWA | ചീക്കോട് കടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പുളിക്കൽ പഞ്ചായത്തിലെ എട്ടാം വാർഡിൽ ചോയക്കാട് കന്നത്ത്-മലാട്ടിക്കൽ മൂത്തേടത്ത് പ്രദേശത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ (1328/21) | 22000346/12-04-20 | 2000000 | 1819746 | AB2/5461/ 2009/18-02-2022 നമ്പറായി തുക വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു. | 180254/- രൂപ തിരിച്ചടച്ച് (രസീത് നമ്പർ 121060500016/ 25-02-22) |
| 12 | KWA | തിരുത്തിയാട്-മൂളപ്പുറം പ്രദേശത്ത് ചീക്കോട് കടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ നീട്ടൽ-വാഴയൂർ (59/21) | 42000158/ 12-08-20 | 1000000 | 886135 | - ടി- | ബാക്കി തുക 113865/-രൂപ തിരിച്ചടച്ച് (രസീത് നമ്പർ 12106050014/25-02-22) |
| 13 | KWA | മൂർക്കനാട് കടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്താ റ്റിരി ടാങ്കിൽ നിന്നും കുട്ടില ങ്ങാടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ | 42000170/12-08-20 | 1000000 | 918346 | - ടി- | ബാക്കി തുക 81654/-രൂപ തിരിച്ചടച്ച് (രസീത് നമ്പർ 12106050014/25-02-22) |

| | | | | | | | |
|---|---|---|---|---|---|---|---|
| | | നീട്ടൽ (1765/21) | | | | | |
| 14 | GWD | ജിഎച്ച്എസ്എസ് പുലാമന്തോൾ കടിവെള്ള പദ്ധതി- പുലാമന്തോൾ (1818/21) | 00986557/ 23-01-21 01129625/ 23-02-21 | 42185 179974 | 204403 | ജി.എം/1022/2020 /08-09-21 നമ്പറായി തുക വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു. | ബാലൻസ് തുക 17,756 രൂപ തിരിച്ചടച്ചു. (UTR No. RBI2512152856856) |
| 15 | KWA | പുലിക്കോട്ടിൽ എസ്.സി കോളനി കടിവെള്ള പദ്ധതി- മൊറയൂർ (1881/21) | 22001926/20-01-21 | 1120000 | 373037 | AB2/5461/ 2009/18-02-2022 നമ്പറായി തുക വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു. | ബാക്കി തുക 746963/- രൂപ തിരിച്ചടച്ചു (രസീത് നമ്പർ 121060500016/ 25-02-22) |
| 16 | KWA | കീഴാറ്റൂർ,മേലാറ്റൂർ, വെട്ടത്തൂർ ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കടിവെള്ള പദ്ധതിക്ക് ജോഗ്രഫിക്കൽ സർവേ (1913/21) | 42000162/ 04-02-21 | 1700000 | 984919 | KWA/Proj/MPM/HC/182/2020 /05-04-22 നമ്പറായി തുക വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു. | ബാക്കി തുക 715081/- രൂപ തിരിച്ചടച്ചു ( ചെക്ക് നമ്പർ 890255/04-04-22) |
| 17 | KWA | കണ്ണമംഗലം പഞ്ചായത്തിലെ വിവിധ എസ്.സി കോളനികളിൽ പൈപ്പ് ലൈൻ നീട്ടലും വീടുകൾക്ക് കണക്ഷൻ കൊടുക്കലും (861/21) | 42000163/ 04-02-21 | 1000000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 18 | KWA | ചെറിയമുണ്ടം പഞ്ചായത്തിൽ വാർഡ് 1,2, 12 വാർഡുകളിലേക്ക് കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (1449/21) | 42000154/26-05-20 | 1100000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 19 | KWA | തിരുത്തുമ്മൽ കടിവെള്ള പദ്ധതി - ചെറിയമുണ്ടം (48/21) | 42000156/ 26-05-20 | 1000000 | ലഭ്യമല്ല | ലഭ്യമല്ല | വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 28-02-22 ലെ DB21208/DEPO-DTPT/ 2020 നമ്പർ കത്ത് പ്രകാരം ഈ പദ്ധതി ഉപേക്ഷിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് തുക തിരികെ ലഭിച്ചിട്ടില്ല |
| 20 | KWA | തിരുനാവായ ത്വരിത കടി വെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി തിരുനാവായ പഞ്ചായത്തിലെ വാർഡ്-19, ആതവനാട് പഞ്ചായത്തിലെ വാർഡ്-8, 14, 17, 22, മാറാക്കര പഞ്ചായത്തിലെ 1, 2,6 എന്നിവിടങ്ങളിലേക്ക് പൈപ്പ് ലൈൻ | 42000159/ 11-11-20 | 2200000 | 1075073 | വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ AB-581/ 22(1) /31-03-22 നമ്പർ കത്ത് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. | ബാലൻസ് തുക 1124927 രൂ അടച്ചു. (ചെക്ക് നമ്പർ 610119/26-03-22) |

| | | | | | | | |
|---|---|---|---|---|---|---|---|
| | | നീട്ടൽ (1758/21) | | | | | |
| 21 | KSEB | ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ലൈൻ വലിക്കലും ട്രാൻസ്ഫോമർ സ്ഥാപിക്കലും (1315/21) | 22000233/11-04-20 | 838567 | 838567 | KSEBഅസി. എക്സി. എഞ്ചിനീയറുടെ 12/02/21 ലെ DB/ES VGA/2020-21 നമ്പർ തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ച. | ഇല്ല |
| 22 | KSEB | ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ലൈൻ വലിക്കലും ട്രാൻസ്ഫോമർ സ്ഥാപിക്കലും (1315/21) | 22000235/ 11-04-20 | 449034 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000236/ 11-04-20 | 1174891 | 1174891 | DB/ES/TE/21-22/55/ 22-10-21 നമ്പറായി തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ച | ഇല്ല |
| | | | 2200237/ 11-04-20 | 924417 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000238/ 11-04-20 | 410695 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000239/ 11-04-20 | 669047 | 669047 | 12/02/21 ലെ DB/ES VGA/2020-21 നമ്പർ തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ച. | ഇല്ല |
| | | | 22000240/ 11-04-20 | 429553 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000241/ 11-04-20 | 419389 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000242/ 11-04-20 | 791993 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000243/ 11-04-20 | 230840 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000248/ 11-04-20 | 102181 | 102181 | ഡി.ബി/സിഎച്ച്ആർഐ /യുസി/2022-23/ 80/06-06-22 നമ്പറായി തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ച | ഇല്ല |
| | | | 22000301/ 11-04-20 | 149999 | 149999 | 12/02/21 ലെ DB/ES VGA/128 നമ്പർ തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ച. | ഇല്ല |
| | | | 22000302/ 11-04-20 | 928321 | ലഭ്യമല്ല- | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000303/ 11-04-20 | 180620 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000303/ 11-04-20 | 773978 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000305/ 11-04-20 | 674007 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000306/ 11-04-20 | 969583 | 969583 | 12/02/21 ലെ DB/ES VGA/128 നമ്പർ തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ച. | ഇല്ല |
| | | | 22000307/ 11-04-20 | 106879 | 106879 | 12/02/21 ലെ DB/ES VGA/128 നമ്പർ തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ച. | ഇല്ല |
| | | | 22000309/ 12-04-20 | 149000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000344/ 12-04-20 | 262950 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000345/ 12-04-20 | 291996 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000820/ 17-06-20 | 68607 | 68607 | 16/01/21 ലെ DB/ES VGA/13 നമ്പർ തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ച. | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 22000821/<br>17-06-20 | 234971 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | | 22000822/<br>17-06-20 | 36320 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 23 | KSEB | വട്ടപ്പറമ്പ് നൈഫ് റോഡ് – പൊൻമള ഗ്രാ.പ ട്രാൻസ്ഫോമർ സ്ഥാപിക്കൽ (1282/21) | 22000341/<br>12-04-20 | 1006033 | 1006033 | 49/20/2019-20/15-01-21 നമ്പറായി തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു | ഇല്ല |
| 24 | KSEB | പ്രിയദർശിനി കടിവെള്ള പദ്ധതി ലൈൻ വലിക്കൽ (1326/21) | 22000342/<br>12-04-20 | 79647 | 79647 | ഡി.ബി/സിഎച്ച്ആർഐ /യുസി/2022-23/ 80/06-06-22 നമ്പറായി തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു | ഇല്ല |
| 25 | KSEB | ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ലൈൻ വലിക്കലും ട്രാൻസ്ഫോമർ സ്ഥാപിക്കലും (1321/21) | 22000308/<br>11-04-20 | 172477 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 26 | KSEB | ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ലൈൻ വലിക്കലും ട്രാൻസ്ഫോമർ സ്ഥാപിക്കലും (1948/21) | 22000340/<br>12-04-20 | 1089464 | 1089464 | DB9/ES-OKL/2020-21/HT Work Vadakkekulambu – Utilisation Certificate/121/17-02-21 നമ്പറായി തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു | ഇല്ല |
| 27 | KSEB | ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ലൈൻ വലിക്കലും ട്രാൻസ്ഫോമർ സ്ഥാപിക്കലും (2198/21) | 22000967/<br>19-06-20 | 826585 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | മുട്ടംപുറം താഴെ പടപ്പറമ്പ് ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ (2198/21) | 22000977/22-07-20 | 773701 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | കുണ്ടിൽ പാറ കോമക്കാട് ഭാഗത്ത് വോൾട്ടേജ് ഇംപ്രൂവ്മെന്റ് (2198/21) | 220011351/<br>25-09-20 | 548885 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 28 | KSEB | പൂച്ചോലമാട് സി.സി റോഡിൽ ലൈൻ മാറ്റി സ്ഥാപിക്കൽ, അച്ചനമ്പലം ചെള്ളി വളപ്പ് ഭാഗത്ത് ത്രീ ഫേസ് ആക്കൽ (1808/21) | 2220001752/<br>12-01-21 | 198774 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | തിണ്ടക്കാട് കാപ്പൻകണ്ട് ഭാഗത്ത് ത്രീ ഫേസ് ആക്കൽ (1808/21) | 22001753/ 12-01-21 | 130195 | 129101 | DB/PPS/2022-23/30/ 20-05-22 നമ്പറായി തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു | ബാക്കി തുക1094 രൂപ തിരികെ ലഭിച്ചിട്ടില്ല. |
| | | പടപ്പറമ്പ് അച്ചനമ്പലം മച്ചിങ്ങൽ റോഡ് ഭാഗത്ത് ലൈൻ മാറ്റി സ്ഥാപിക്കൽ (1808/21) | 22001753/ 12-01-21 | 118220 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | | വലിയാട് അലക്കോട് റോഡ് വോൾട്ടേജ് | 22001754/ 12-01-21 | 153851 | 153851 | ഡി.ബി.22/വിനിയോഗസാക്ഷ്യപത്രം /2022-23/48/20-06-22 നമ്പറായി | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | ഇംപ്രൂവ്മെന്റ് , ചെല്ലൂർ ചെമ്മങ്കടവ് യു.പി സ്കൂൾ റോഡ് വോൾട്ടേജ് ഇംപ്രൂവ്മെന്റ് (1808/21) | | | | തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. | |
| | | പുകയൂർ മിൽക്ക് സൊസൈറ്റി മുതൽ കളത്രാട്ടിൽ ചോലക്കൽ റോഡ് വരെ ലൈൻ വലിക്കലും മാറ്റി സ്ഥാപിക്കലും (1808/21) | 22001755/ 12-01-21 | 91650 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 29 | KSEB | കുമൻകല്ല് കുറ്റിത്തറ പ്രദേശത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കൽ - പറപ്പൂർ (1900/21) | 22001756/ 12-01-21 | 1077000 | 1077000 | DB/AE/kTKL/ Deposit/ Utilisation/ 22-23/281/ 20-05-22 നമ്പറായി തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. | ഇല്ല |
| 30 | KSEB | പന്തലൂർ തെങ്ങിൻതൊടി റോഡിൽ ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കൽ (1931/21) | 22002312/ 11-03-21 | 1250000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 31 | KSEB | കട്ടൂപ്പാറ ഗൈഡൻസ് റോഡിൽ ട്രാൻസ്ഫോമർ സ്ഥാപിക്കൽ (1933/21) | 22002313/ 11-03-21 | 1916332 | 1916332 | DB/PPS Work/PLE/2021-22/ 69/ 27-10-21 നമ്പറായി തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. | ഇല്ല |
| 32 | KSEB | കൊല്ലിയത്ത് അംഗൻവാടി ചെമ്മലക്ക് മുകളിലൂടെ പോകുന്ന എച്ച്.ടി ലൈൻ മാറ്റി സ്ഥാപിക്കൽ (1916/21) | 22002557/24-03-21<br>22002721/ 30-03-21 | 28561<br>189407 | 28561<br>189407 | DB/01/ES-PLE/22-23/32/25-05-22 നമ്പറായി തുക വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 | 3-2 | 10779 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW, മലപ്പുറം | 120060100188/ 09-02-21 |
| 2018-19 | 3-3 | 69640 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW, മലപ്പുറം | 120060100190/ 09-02-21 |

| | | | | |
|---|---|---|---|---|
| 2018-19 | 3-4(1) | 42046 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW, മലപ്പുറം | 120060100180/ 09-02-21 |
| 2018-19 | 3-5 | 18208 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW, മലപ്പുറം | 120060100092/ 18-08-20 |
| 2018-19 | 3-6(1) | 18260 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW, മലപ്പുറം | 120060100188/ 09-02-21 |
| 2018-19 | 3-6(2) | 18260 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW, മലപ്പുറം | 120060100188/ 09-02-21 |
| 2018-19 | 3-6(3) | 21046 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW, മലപ്പുറം | 120060100190/ 09-02-21 |
| 2018-19 | 3-6(5) | 14391 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW, മലപ്പുറം | 120060100189/ 09-02-21 |
| ആകെ | | 212630 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ജില്ലാ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 1998-99, 99-00 | 73 | 2003-04 | സഹകരണ സംഘങ്ങൾക്ക് ക്രമവിരുദ്ധമായ മൂലധന സഹായം | നടപടി തുടരുന്നു |
| 2 | 2000-01 | 72 | 2005-06 | സഹകരണ സ്ഥാപനത്തിന് കെട്ടിടം പണിയാൻ പദ്ധതി വിഹിതം | നടപടി തുടരുന്നു |
| 3 | 2002-03 | 3-3, 3-4, 3-5, 3-6, 3-9, 3-13, 3-15, 3-19, | 2006-07 | മൊബിലൈസേഷൻ അഡ്വാൻസ് കൈപറ്റി പണി പൂർത്തിയാക്കിയില്ല | നടപടി തുടരുന്നു |
| 4 | 2003-04 | 3(19),3(11),3(9),3(2), 3(7),2(4) | 2006-07 | 3-11മാർക്കറ്റ് കെട്ടിട നിർമ്മാണം<br>3-2കോണിക്കല്ല് കുടിവെള്ള പദ്ധതി<br>3-7 ചെറുകുളമ്പ നാറാണത്ത് റോഡ്<br>2-4 അനാഥ ശാലകൾക്ക് അധിക സഹായം | നടപടി തുടരുന്നു |
| 5 | 2004-05 | 3(16),3(17),3(20),3(21), 3(21)(എ), 3(23),3(24), 3(28),3(29),3(30),3(31), 3(32),3(89),3(52),3(33), (53),3(76) | 2007-08 | വിവിധ അപാകതകൾ | നടപടി തുടരുന്നു |
| 6 | 2007-08 | 3-11 | 2010-11 | 3-11 വൗച്ചറുകൾ ഹാജരാക്കിയില്ല | നടപടി തുടരുന്നു |
| 7 | 2009-10 | 3- 107 | 2011-12 | നിക്ഷേപ പ്രവൃത്തികളിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | നടപടി തുടരുന്നു |
| 8 | 2009-10 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2012-13 | 1. ചോക്കാട് സീഡ് ഫാം<br>2. ചുങ്കത്തറ കൃഷി ഫാം | നടപടി തുടരുന്നു |
| 9 | 2009-10 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2013-14 | വ്യവസായ തൊഴിൽ സംരംഭങ്ങൾ | നടപടി തുടരുന്നു |
| 10 | 2011-12 | 3-1,3-2 | 2014-15 | 3-1 കാർഷിക യന്ത്രവൽക്കരണം<br>3-2 കസ്റ്റം ഹയറിങ്ങ് സെന്റർ | നടപടി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | പർച്ചേസ് | |
| 11 | 2016-17 | 3-52 | 2017-18 | വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം | നടപടി തുടരുന്നു |
| 12 | 2017-18 | 3-7 | 2019-20 | കുടുംബശ്രീ യൂനിറ്റുകളിലേക്ക് മെഷിനറി വാങ്ങൽ | നടപടി തുടരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് /സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2004-05 | 3-53, 3-53 (6) | ശ്രീ. ജോസ് മാത്യു, കൃഷി ഡപ്യൂട്ടി ഡയറക്ടർ | LF8485/Spl.Cell/ SC5/2009 Dt. 20.09.2011 | 193541 | OP 206/11 District Court Manjeri, Pending |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 1463043266 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 151435985 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 856823 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19097996 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം .

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 15385 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-2 | - | 7274 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-2-1 | | 8335 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-3 | | 247330 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-4-1 | | 9947 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-4-2 | | 3222 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-4-3 | | 5406 | ശ്രീ.മുഹമ്മദാലി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-4-4 | | 14596 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-4-5 | | 13737 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-4-6 | | 11831 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-5 | | 28036 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-5-1 | | 53265 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-6 | | 4602 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-7 | | 7800 | ശ്രീ.മനോജ് കമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-8 | | 15997 | ശ്രീ.മുഹമ്മദാലി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-8-1 | | 11230 | ശ്രീ.മുഹമ്മദാലി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |

| | | | |
|---|---|---|---|
| 3-9-6 | | 20607 | ശ്രീ.സുൽഫിക്കർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-9-7 | | 240223 | ശ്രീ.സുൽഫിക്കർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 3-10 | | 141000 | ശ്രീമതി.കുസുമം, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| ആകെ | | 856823 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക .

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 4343952 | ശ്രീ.മുഹമ്മദാലി.പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 1-16 | 2603132 | ശ്രീമതി. സിനില ഉണ്ണികൃഷ്ണൻ,ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം (403132)<br>ശ്രീമതി. ഷീബ ഖമർ. ടി,ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം (2200000) |
| 1-17 | 991419 | ശ്രീ. പ്രദീപ്. എം. പ്രിൻസിപ്പൽ, ഗവ: പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ |
| 1-23-1 | 63813 | ശ്രീ.അബ്ദുൽ റഷീദ്, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് മലപ്പുറം |
| 1-23-2 | 2500000 | ശ്രീ.അബ്ദുൽ റഷീദ്, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് മലപ്പുറം |
| 1-25 | 90000 | ഡോ: സുരേഷ്. ബി , ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം |
| 1-27 | 157050 | ശ്രീമതി.കുസുമം, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 1-31 | 5142370 | ഡോ: ആരതി രഞ്ജിത്ത്, സൂപ്രണ്ട്, ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ |
| 1-37 | 2650025 | ശ്രീ.മുഹമ്മദാലി.പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 1-39(1) | 218954 | ശ്രീ.സുൽഫിക്കർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 1-39(2) | 150000 | ശ്രീ.സുൽഫിക്കർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW |
| 1-41 | 187281 | ശ്രീ. വിനോദ്. എസ്.ബി, സൂപ്രണ്ട്, ജി.ഐ.എഫ്.ഡി, കൊണ്ടോട്ടി (ടെക്നിക്കൽ ഹൈസ്കൂൾ മഞ്ചേരി) |
| ആകെ | 19097996 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഖണ്ഡിക 3.9 (നിർമിതി കേന്ദ്രം മുഖേനയുള്ള വർക്ക് . എസ്റ്റിമേറ്റ് പരിശോധനാ വിധേയമാക്കിയില്ല)

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോജ് കുമാർ.സി.ബി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലക്കാട് ജില്ലാ പഞ്ചായത്ത് | അമ്പാടി ഹൌസ്, പൊന്നുകെട്ടിയപാറ, കൊല്ലൻകോട്, പാലക്കാട് 678506 |
| ശ്രീ.മുഹമ്മദാലി.പി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് | പരുത്തിക്കുന്നൻ ഹൌസ്, രാമൻകുത്ത്.പി.ഒ, നിലമ്പൂർ, 679330 |
| ശ്രീ.സുൽഫിക്കർ.എൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മലപ്പുറം | നാലകത്ത് ഹൌസ്,<br>വെസ്റ്റ് കോഡൂർ,<br>പി.ഒ കോഡൂർ, 676504 |
| ശ്രീമതി.കുസുമം. കെ.എസ് | വിദ്യാഭ്യാസ ഉപ ഡയറക്ടർ (സേവനത്തിൽ നിന്നും വിരമിച്ചു) | നികേതൻ, ഫറൂക്ക് കോളേജ്.പി.ഒ, കോഴിക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1998-99 | LFM 23/2132/08 Dtd: 22-04-2019 | 06 |
| 2 | 1999-00 | LFM 23/112/17 Dtd: 16-10-2018 | 05 |
| 3 | 2000-01 | LFM 23/699/17 Dtd: 17-04-2018 | 08 |
| 4 | 2001-02 | LFM 23/1894/07 Dtd: 08-12-2010 | 37 |
| 5 | 2002-03 | LFM 23/1308/07 Dtd: 04-12-2010 | 14 |
| 6 | 2003-04 | LFM 23/118/08 Dtd: 08-12-2010 | 38 |
| 7 | 2004-05 | LFM 4/2027/06 Dtd: 12-11-2007 | 46 |
| 8 | 2005-06 | LFM 08/2135/07 Dtd: 17-03-2008 | 16 |

| | | | |
|---|---|---|---|
| 9 | 2006-07 | LFM 09/1196/08 Dtd: 07-09-2009 | 07 |
| 10 | 2007-08 | LFM 12/2015/09 Dtd: 29-03-2010 | 12 |
| 11 | 2008-09 | LFM 12/1182/10 Dtd: 10-02-2011 | 31 |
| 12 | 2009-10 | LFM 04/1254/11 Dtd: 15-09-2011 | 51 |
| 13 | 2010-11 | LFM 22/1176/12 Dtd: 31-03-2013 | 52 |
| 14 | 2011-12 | LFM 23/477/14 Dtd: 31-03-2013 | 24 |
| 15 | 2012-13 | LFM 08/2875/14 Dtd: 14-01-2015 | 69 |
| 16 | 2013-14 | KSAMPM 8/2935/15 Dtd: 15-01-2016 | 38 |
| 17 | 2014-15 | KSAMPM 8/942/16 Dtd: 15-01-2016 | 52 |
| 18 | 2015-16 | KSAMPM 23/1143/17 Dtd: 26-05-2017 | 44 |
| 19 | 2016-17 | KSAMPM 23/2673/17 Dtd: 18-01-2018 | 55 |
| 20 | 2017-18 | KSAMPM 23/1362/19 Dtd: 07-09-2019 | 39 |
| 21 | 2018-19 | KSAMPM 23/1033/20 Dtd: 09-11-2020 | 33 |
| 22 | 2019-20 | KSAMPM 23/962/21 Dtd: 29-12-21 | 33 |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്